# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

2019 ജൂലൈ | വാല്യം 46 ലക്കം 4 | *ചീഫ് എഡിറ്റർ : വി.വേണുഗോപാൽ* | പേജ് 16 വില 5.00 രൂപ



**ആഗസ്റ്റ് 5**
**സഖാവ്**
## ശിബ്ദാസ് ഘോഷ്
**അനുസ്മരണ ദിനം**

"ഒരു യഥാർത്ഥ മതേതരരാഷ്ട്രം മതത്തെ പൗരൻമാരുടെ സ്വകാര്യ വിശ്വാസപ്രശ്നമായി പരിഗണിക്കുകയും അതിനാൽ വ്യക്തികളുടെ മതവിശ്വാസത്തിലും മതപ്രചാരണത്തിലും പ്രോത്സാഹനത്തിന്റെ രീതിയിലായാലും എതിർപ്പിന്റെ രീതിയിലായാലും യാതൊരു വിധത്തിലും കൈകടത്താതിരിക്കുകയും ചെയ്യുന്നു. അത്, വിശ്വാസികൾക്ക് എന്നതുപോലെ അവിശ്വാസികൾക്കും ഏതൊരു വിശ്വാസവും വച്ചുപുലർത്താനും പ്രചരിപ്പിക്കാനുമുള്ള പൂർണസ്വാതന്ത്ര്യം ഉറപ്പുനൽകുന്നു. ഒരു മതേതരരാഷ്ട്രം സാമൂഹ്യ-സാംസ്കാരിക വിപ്ലവങ്ങൾ പൂർത്തീകരിച്ച് സമൂഹത്തെ ജനാധിപത്യ വൽക്കരിക്കുകയും, ഭരണകൂടതലത്തിലും വ്യക്തിയുടെ സാമൂഹ്യപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളവും മതപരമായ സ്വാധീനങ്ങളും കൈകടത്തലുകളും ഇല്ലാതാക്കുകയും ചെയ്യുന്നു"

**'വർഗ്ഗീയതാ പ്രശ്നത്തെപ്പറ്റി' എന്ന കൃതിയിൽനിന്ന്**

# ദരിദ്രരെ കൊള്ളയടിച്ച് സമ്പന്നരുടെ ജീവിതം കൊഴുപ്പിക്കാൻ മെനഞ്ഞെടുത്ത കേന്ദ്രബജറ്റ്

*2019 ജൂലൈ അഞ്ചിന് പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റിനോട് എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ സത്വര പ്രതികരണം*

**2019**ലെ കേന്ദ്രബജറ്റ് സാധാരണക്കാരുടെ, വിശേഷിച്ച് അനുദിനം പാപ്പരായിക്കൊണ്ടിരിക്കുന്ന തൊഴിലാളികളുടെയും കർഷകരുടെയും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും ജീവിതം തകർത്തെറിയുന്ന കാതലായ പ്രശ്നങ്ങളെല്ലാം കൗശലപൂർവ്വം ഒഴിവാക്കിയിരിക്കുകയാണ്. പൊള്ളയായ അവകാശവാദങ്ങളും പതിവിൻപടിയുള്ള വാഗ്ദാനങ്ങളും കെട്ടിച്ചമച്ച കണക്കുകളും മടുപ്പുളവാക്കുന്ന ജല്പനങ്ങളുംകൊണ്ട് നിറഞ്ഞിരിക്കുന്നു ഇത്. ദുർബല ജനവിഭാഗങ്ങളെക്കുറിച്ച് ആശങ്കപ്പെടുന്നതായി ഭാവിച്ചുകൊണ്ട് സമ്പന്നരെ കൂടുതൽ സമ്പന്നരും ദരിദ്രരെ കൂടുതൽ ദരിദ്രരും ആക്കുന്നതരത്തിൽ വിദഗ്ദ്ധമായി തയ്യാറാക്കിയിരിക്കുന്ന ബജറ്റാണിത്. ജനങ്ങളുടെയും സമ്പദ്ഘടനയുടെയും കാര്യങ്ങളെല്ലാം ഭദ്രം ആണെന്നാണ് ബജറ്റ് പ്രസംഗം കേട്ടാൽ തോന്നുക.

കുതിച്ചുയരുന്ന തൊഴിലില്ലായ്മ, രൂക്ഷമായ വിലക്കയറ്റം, ലക്ഷക്കണക്കിന് തൊഴിലാളികളെ വഴിയാധാരമാക്കിക്കൊണ്ട് ഏഴ് ലക്ഷത്തോളം കമ്പനികൾ അടച്ചു പൂട്ടിയത്, വിളകൾ ഉപേക്ഷിക്കുകയും കടുത്ത നിരാശ ബാധിച്ച് ആത്മഹത്യ ചെയ്യാൻ




**കേന്ദ്രബജറ്റിനെതിരെ ജൂലൈ 6ന് ബീഹാറിലെ പാട്നയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ പ്രകടനം**

നിർബന്ധിതരാകുകയും ചെയ്യുന്ന കർഷകർക്ക് താങ്ങുവില നൽകാത്ത സ്ഥിതി തുടങ്ങിയ കാര്യങ്ങളെക്കുറിച്ചൊന്നും ഈ ബജറ്റ് ഒരക്ഷരം ഉരിയാടുന്നില്ല. വരൾച്ച ബാധിത പ്രദേശങ്ങളിലെ വലിയൊരു വിഭാഗം ജനങ്ങൾ മാത്രമല്ല, മെട്രോ നഗരങ്ങളിൽ വസിക്കുന്നവർപോലും രൂക്ഷമായ ജലക്ഷാമം കൊണ്ട് പൊറുതി മുട്ടിയിരിക്കുന്നു എന്ന കാര്യത്തെക്കുറിച്ചും ബജറ്റ് മൗനംപാലിക്കുകയാണ്. നേരെമറിച്ച് 400 കോടി രൂപ വരെ വാർഷിക വരുമാനമുള്ള കോർപ്പറേറ്റുകളിൽനിന്ന് ഇനിമേൽ 25 ശതമാനം നികുതിയെ ഈടാക്കൂ എന്ന് അഭിമാനപൂർവ്വം ഗവൺമെന്റ് പ്രഖ്യാപിക്കുന്നുണ്ട്. വൻകിട കോർപ്പറേറ്റുകൾക്ക് തങ്ങളുടെ ബിസിനസ് ചെറിയ യൂണിറ്റുകളായി ആയി വിഭജിച്ചു കുറഞ്ഞ നിരക്കിൽ നികുതി അടയ്ക്കാൻ ഇത് അവസരമൊരുക്കുന്നു. അതുപോലെതന്നെ പുതിയ സംരംഭകർ എന്ന വിശേഷണം ചാർത്തി അത്തരക്കാർക്ക് ധാരാളം നികുതി ഇളവുകളും മറ്റ് ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിരിക്കുന്നു. പണച്ചാക്കുകൾക്ക് പിൻവാതിലിലൂടെ പ്രവേശിച്ച് കൂടുതൽ ലാഭകരമായ മേഖലകളിൽ പുതിയ സംരംഭങ്ങൾ തുടങ്ങാനും ഇത് സഹായകമാകുന്നു.

അന്തർദേശീയ കമ്പോളത്തിൽ ക്രൂഡോയിൽ വില കുറയുമ്പോഴും അതിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിന് പകരം പെട്രോൾ-ഡീസൽ വിലയിൽ ഒരു ശതമാനം അധിക സെസ് ചുമത്തി വിലക്കയറ്റം അധികരിപ്പിക്കുന്ന നിലപാടും സ്വീകരിച്ചിരിക്കുന്നു. മറുവശത്ത് പ്രതിരോധ സാമഗ്രികൾക്ക് ഇറക്കുമതി തീരുവ എടുത്തുകളഞ്ഞുകൊണ്ട് ആ രംഗത്തെ വമ്പന്മാർക്ക് നേട്ടമുണ്ടാക്കി കൊടുത്തിരിക്കുന്നു. വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന വൈദ്യുതി, പാചക വാതക വിലകൾ ഗ്രാമീണമേഖലയിലെ ദരിദ്രർക്ക് താങ്ങാനാവുന്നില്ല എന്നത് അറിഞ്ഞുകൊണ്ടുതന്നെ അവയുടെ ലഭ്യത ജനങ്ങളുടെ ഔദാര്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നാണ് ധനകാര്യമന്ത്രി പറയുന്നത്. ചുരുക്കത്തിൽ, 'സുഗമമായി ബിസിനസ് ചെയ്യുന്നതിന്', 'സ്വസ്ഥമായി ജീവിക്കുന്നതിന്' സഹായകരമായ എന്ന പേരിൽ പ്രഖ്യാപിച്ചിരിക്കുന്ന നടപടികളും ഉദാരവൽക്കരണ പ്രക്രിയകളും നികുതി ഇളവുകളും ഒക്കെ വെറും തട്ടിപ്പാണെന്ന് വ്യക്തമാണ്.

പതിവുപോലെ, വ്യവസായികളും ഓഹരിക്കമ്പോളത്തിലെ നടത്തിപ്പുകാരും ഭരണവർഗത്തിന്റെ ആനുകൂല്യം പറ്റുന്ന സാമ്പത്തിക വിശാരദന്മാരും കോളം എഴുത്തുകാരുമൊക്കെ ഈ ബജറ്റിനെ പുകഴ്ത്തി പാടുമെന്ന് വ്യക്തമാണ്. ബിജെപിയെ പോലുള്ള ഭരണവർഗത്തിന്റെ രാഷ്ട്രീയ കാര്യസ്ഥന്മാർ വാചാടോപവും കണക്കിലെ കസർത്തുകളുംകൊണ്ട് ഈ ബജറ്റിനെ വെള്ള പൂശുമ്പോൾ, രൂക്ഷമായിക്കൊണ്ടിരിക്കുന്ന മുതലാളിത്ത പ്രതിസന്ധിയുടെ കെടുതികൾ മുഴുവൻ ഏറ്റുവാങ്ങേണ്ടിവരുന്ന, അധ്വാനിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങൾ, ഇതിന്റെ മാരകമായ അനന്തരഫലങ്ങൾ തിരിച്ചറിഞ്ഞ്, തങ്ങൾക്കുമേൽ പതിക്കാനിരിക്കുന്ന വർദ്ധിതമായ സാമ്പത്തിക ആക്രമണങ്ങളെ സംഘടിതമായി ചെറുക്കാൻ തയ്യാറാകേണ്ടതുണ്ട്. ■

# പോലീസിന് മജിസ്റ്റീരിയൽ അധികാരങ്ങൾ നൽകാനുള്ള നീക്കം ആപത്കരം

**ക്ര**മസമാധാന പരിപാലനത്തിന്റെ പേരിൽ പോലീസിന് മജിസ്റ്റീരിയൽ അധികാരങ്ങൾ നൽകാനുള്ള നീക്കം ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾക്ക് വഴിതെളിക്കുമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ഡോ. വി. വേണുഗോപാൽ പുറപ്പെടുവിച്ച പ്രസ്താവനയിൽ ആരോപിച്ചു.

പോലീസിന്റെ ഭാഗത്തു നിന്നുള്ള അതിക്രമങ്ങൾക്ക് ഒരു പരിധിവരെ തടയിടാനാണ് സിവിൽ അധികാരികൾക്ക് മജിസ്റ്റീരിയൽ അധികാരങ്ങൾ നൽകിയിരിക്കുന്നത്. ഇത്തരം അധികാരങ്ങൾ നിലവിൽ ഇല്ലാതിരിക്കെത്തന്നെ, പോലീസ് നടത്തുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾ വർദ്ധിച്ചുവരികയാണ്. ന്യായമായ ജനാധിപത്യ സമരങ്ങളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്നതും നാം കാണുന്നു. പോലീസ് കമ്മിഷണറേറ്റുകൾ രൂപീകരിക്കുകയും അവർക്ക് മജിസ്റ്റീരിയൽ അധികാരങ്ങൾ നൽകുകയും ചെയ്ത സംസ്ഥാനങ്ങളിൽ ഗുരുതരമായ പോലീസ് അതിക്രമങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

പരിഷ്കൃത സമൂഹത്തിന് ഇണങ്ങുംവിധം പോലീസിനെ ജനാധിപത്യവൽക്കരിക്കുകയെന്നത് കേരളത്തിൽ ദീർഘകാലമായി നിലനിൽക്കുന്ന ആവശ്യമാണ്. എന്നാൽ, ലോക്കപ്പ് മർദ്ദനങ്ങളും തുടർന്നുള്ള ആത്മഹത്യകളും കസ്റ്റഡി മരണങ്ങളും കേരളത്തിൽ വർദ്ധിച്ചുവരികയാണ്. മാവോയിസ്റ്റുകളെന്ന് ആരോപിച്ചു കൊണ്ടുള്ള ഏറ്റുമുട്ടൽ കൊലപാതകങ്ങളും കുറ്റവാളി സംഘങ്ങളുമായി ചേർന്നുകൊണ്ടുള്ള കുറ്റകൃത്യങ്ങളുംവരെ റിപ്പോർട്ട് ചെയ്യപ്പെടുന്നു. പൗരന്റെ ജനാധിപത്യാവകാശവും സ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ ബാധ്യസ്ഥരായ സർക്കാർ പോലീസിന് അമിതാധികാരങ്ങൾ നൽകുന്നത് നാടിന്റെ സമാധാന അന്തരീക്ഷത്തെ തകർക്കും. മുതലാളിത്ത ഭരണകൂടത്തിന്റെ മർദ്ദനശേഷിയെ കൂടുതൽ ശക്തിപ്പെടുത്തുന്ന ഈ നടപടി ഇടതുപക്ഷമെന്നവകാശപ്പെടുന്ന ഒരു സർക്കാരിന് ഭൂഷണമല്ല. ഈ നീക്കത്തിനെതിരെ ജനാധിപത്യ വിശ്വാസികൾ രംഗത്തിറങ്ങണമെന്നും പ്രസ്താവനയിൽ പറഞ്ഞു. ■

പേജ് 2
**മെഡിസെപ്: ജീവനക്കാരുടെ ചികിത്സാ അവകാശങ്ങൾ നിഷേധിക്കുന്ന തട്ടിപ്പ് പരിപാടി**

പേജ് 4
**സതി സമ്പ്രദായത്തിന്റെ മഹത്വവൽക്കരണവും രാജാ റാംമോഹൻ റായിയെ അപകീർത്തിപ്പെടുത്തലും**

പേജ് 7
**വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി**

# മെഡിസെപ്പ്: ജീവനക്കാരുടെ ചികിത്സാ അവകാശങ്ങൾ നിഷേധിക്കുന്ന തട്ടിപ്പ് പരിപാടി

**എന്താണ് മെഡിസെപ്പ്? 2019 ജൂൺ മുതൽ 'മെഡിസെപ്പ്'(MEDISEP) എന്ന പേരിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ വരികയാണ്. പ്രീമിയമായി ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് 250 രൂപയും പെൻഷൻകാരുടെ മെഡിക്കൽ അലവൻസിൽനിന്ന് നിശ്ചിത തുകയും പ്രതിമാസം ഈടാക്കും.**

കേരളാ ഗവണ്മെന്റ് മെഡിക്കൽ അറ്റൻഡൻസ് ചട്ടങ്ങൾ ബാധകമായ ഹൈക്കോടതിയിലേതുൾപ്പെടെയുള്ള സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, സർക്കാർ-എയ്ഡഡ് സ്കൂൾ അധ്യാപകർ-മറ്റു ജീവനക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ഈ വിഭാഗങ്ങളിൽ വരുന്ന പെൻഷൻകാർ, കുടുംബ പെൻഷൻകാർ ഇവരെല്ലാം മെഡിസെപ്പി-ൽ നിർബന്ധമായും അംഗങ്ങളാകണം. അപേക്ഷ നൽകി അംഗങ്ങളായില്ല എങ്കിലും പ്രീമിയം പിരിച്ചെടുക്കും. എന്നാൽ അംഗങ്ങൾക്കുമാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കൂ. അംഗങ്ങളാകുന്നവർക്കും ഇവരുടെ ചട്ടപ്രകാരമുള്ള ആശ്രിതർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. മൂന്ന് വർഷമാണ് ഈ ഇൻഷ്വറൻസിന്റെ കാലാവധി. ഒപി ചികിത്സയ്ക്ക് നിലനിൽക്കുന്ന മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് തുടരും.

രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന(RSBY), പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (PMJAY) എന്നി പദ്ധതികളുടെ മാതൃകയിലുള്ള ക്യാഷ്ലെസ് ചികിത്സാ സൗകര്യമാണ് മെഡിസെപ്പും നൽകുന്നത്. അതായത് ഉപഭോക്താവിന് ആശുപത്രിയിൽ സൗജന്യ ചികിത്സ ലഭിക്കും, ക്ലെയിം ഇൻഷ്വറൻസ് കമ്പനി നേരിട്ട് ആശുപത്രിക്ക് നൽകും. മൂന്നുതരം പരിരക്ഷകളാണ് മെഡിസെപ്പ് ലഭ്യമാക്കുന്നത്. അടിസ്ഥാന പരിരക്ഷ എന്ന നിലയിൽ പ്രതിവർഷം രണ്ട് ലക്ഷം രൂപ ഓരോ കുടുംബത്തിനും ലഭ്യമാകും. കൂടാതെ ഗുരുതര രോഗങ്ങൾക്ക് മൂന്ന് വർഷക്കാലത്തേക്ക് ആറ് ലക്ഷം രൂപയുടെ അധിക പരിരക്ഷയും. ഇതിനുപുറമെ ചികിത്സയ്ക്ക് തുക തികയുന്നില്ല എങ്കിൽ മൂന്നു ലക്ഷം രൂപ കൂടി ലഭ്യമാക്കും. ഇതിനായി ഇൻഷ്വറൻസ് കമ്പനി 25 കോടിയുടെ സഞ്ചിത നിധി പ്രതിവർഷം രൂപീകരിക്കണം. മേൽ പറഞ്ഞപ്രകാരം മൂന്നു വർഷ കാലാവധിയിൽ പരമാവധി 15 ലക്ഷം രൂപയുടെ കവറേജ് കുടുംബത്തിന് ലഭിക്കും. I-R-D-A യുടെ അംഗീകാരമുള്ള കമ്പനികളിൽ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുക രേഖപ്പെടുത്തിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിക്കാണ് ഈ പദ്ധതി നടപ്പാക്കാനുള്ള അനുവാദം. വാർഷിക പ്രീമിയം 2992.48 രൂപയാണ്. ധനമന്ത്രി 26.04.2019ൽ ഇറക്കിയ പത്രക്കുറിപ്പിൽ മേൽവിവരങ്ങൾ വിശദീകരിച്ചിരിക്കുന്നു.

**ആരോഗ്യ ഇൻഷ്വറൻസിന്റെ വരവും ഇന്നത്തെ സ്ഥിതിയും**

ജനങ്ങളുടെ ആരോഗ്യ പരിരക്ഷ സർക്കാരിന്റെ ഉത്തരവാദിത്തമാണ് എന്ന 'ക്ഷേമരാഷ്ട്ര' കാഴ്ചപ്പാടിൽ സ്വാതന്ത്ര്യാനന്തരം സർക്കാർ ഉടമസ്ഥതയിൽ ആശുപത്രികൾ സൗജന്യ ചികിത്സ എല്ലാവർക്കും നൽകിവന്നു. എന്നാൽ 90കൾ മുതൽ നടപ്പാക്കിയ ആഗോളവൽക്കരണ നയങ്ങൾ ഈ കാഴ്ച്ചപ്പാട് മാറ്റുകയും ആരോഗ്യപരിപാലനം പൂർണ്ണമായും ലാഭാധിഷ്ഠിതമാക്കുകയും ചെയ്തു. തുടർന്ന് ജനസംഖ്യാനുപാതികമായി സർക്കാർ ആശുപത്രികൾ സ്ഥാപിക്കാത്തതുകൊണ്ടും ആധുനിക ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതുകൊണ്ടും ജനങ്ങൾ ഭീമമായ ചാർജ്ജ് നൽകി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവന്നു. ഇനി മേൽ പൗരന് ചികിത്സ നൽകേണ്ടത് സർക്കാരിന്റെ ചുമതലയല്ല എന്ന പൊതുബോധം സൃഷ്ടിക്കുന്നതിൽ സർക്കാർ വിജയിച്ചതോടെ രോഗത്തെ വിപണിയാക്കുന്ന ശക്തികൾ രംഗപ്രവേശം ചെയ്തു. ഇൻഷ്വറൻസ് അത്തരം ഒരു ബിസിനസ് രംഗമാണ്. ഭാവിയിൽ ഉണ്ടാകാനിടയുള്ള രോഗത്തെ സംബന്ധിച്ചും അതിന്റെ ഭീമമായ ചികിത്സാ ചിലവിനെ സംബന്ധിച്ചും ആശങ്കയിലായ ജനങ്ങൾ ആരോഗ്യ ഇൻഷ്വറൻസിൽ അഭയം പ്രാപിച്ചു. സർക്കാർ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM കേരളത്തിൽ ഇത് ആരോഗ്യ കേരളം) എന്ന ഒരു ലോകബാങ്ക് പദ്ധതി ആരോഗ്യ ഇൻഷ്വറൻസ് ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി. ഈ പദ്ധതിയിലൂടെ ബിപിഎൽ വിഭാഗത്തിൽപ്പെട്ട, ആരോഗ്യ ഇൻഷ്വറൻസ് എടുക്കാൻ ശേഷിയില്ലാത്തവർക്ക് സർക്കാർ ചിലവിൽ ആർഎസ്ബിവൈ എന്ന പേരിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തി ആ വിഭാഗത്തെയും വലക്കുള്ളിലാക്കി. അതുവഴി ആരോഗ്യ മേഖലക്കു വേണ്ടി സർക്കാർ ചിലവഴിക്കേണ്ടുന്ന തുകയുടെ ഗണ്യമായ ഒരു വിഹിതം വർഷംതോറും സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയുടെ പക്കലെത്തി.

പദ്ധതിയുടെ ചില പ്രത്യേകതകൾകൊണ്ട് സ്വകാര്യ ആശുപത്രികൾ എതാണ്ട് പൂർണമായി ആർഎസ്ബിവൈയിൽ നിന്ന് പിൻമാറിയതോടെ സർക്കാർ ആശുപത്രിയിൽ മാത്രം കവറേജുള്ള പദ്ധതിയായി ഇതുമാറി. സർക്കാർ ഫണ്ടുനൽകി സൗജന്യ ചികിത്സ ഉറപ്പാക്കേണ്ടതിനുപകരം സർക്കാരാശുപത്രിയിലെ ചികിത്സയ്ക്ക് ഒരു സ്വകാര്യ ഇൻഷ്വറൻസ് കമ്പനിവഴി സർക്കാർഫണ്ട് തന്നെ എത്തിക്കുന്ന വിചിത്രമായ പദ്ധതിയാണിന്ന് ആർഎസ്ബിവൈ. ഇൻഷ്വറൻസ് ബിസിനസ്സിനെ പ്രോത്സാഹിപ്പിക്കാൻ വേറെയും പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ട്, ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള 'ആവാസ്' ഉദാഹരണമാണ്. ഏറ്റവും അവസാനത്തെതാണ് 'മെഡിസെപ്പ്'. ഇൻഷ്വറൻസ് കമ്പനികളെ സംബന്ധിച്ചിടത്തോളം കാര്യമായ മുതൽ മുടക്കില്ലാതെ വലിയ നേട്ടം ലഭിക്കുന്നതാണ് ഇത്തരം പദ്ധതികൾ.

**നിലവിൽ ജീവനക്കാരുടെയും കുടുംബത്തിന്റെയും ചികിത്സാ ചെലവിന്റെ പൂർണ്ണ ഉത്തരവാദിത്വം സർക്കാരിന്**

1960-ലെ മെഡിക്കൽ അറ്റൻഡൻസ് റൂൾ പ്രകാരം ജീവനക്കാരുടെയും കുടുംബത്തിന്റെയും ചികിത്സാ ചെലവ് നിർവ്വഹിക്കേണ്ടത് സർക്കാരാണ്. സർക്കാർ ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും നടത്തുന്ന ഒപി/ഐപി ചികിത്സകളുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് വഴി സർക്കാർ ഇത് നിർവ്വഹിക്കുന്നു. ഇതോടൊപ്പം ചികിത്സയ്ക്കായി പലിശ രഹിത വായ്പയും ജീവനക്കാർക്ക് സർക്കാർ നൽകിവരുന്നു. പെൻഷൻപറ്റിയ ജീവനക്കാർക്ക് മാസംതോറും 300 രൂപ മെഡിക്കൽ അലവൻസും നൽകുന്നു. റീ ഇമ്പേഴ്സ്മെന്റിന് അവർക്ക് അർഹതയില്ല. 2019 ജനുവരി 1-ന്റെ മെഡിസെപ്പ് ബിഡ് ഡോക്കുമെന്റിൽ ഓരോ വർഷവും 230 കോടി രൂപ ഈ ഇനത്തിൽ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകിവരുന്നതായി പറഞ്ഞിരിക്കുന്നു. മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്-70 കോടി, പെൻഷൻകാർക്കുള്ള പ്രതിമാസ മെഡിക്കൽ അലവൻസ്-150 കോടി, പലിശരഹിത മെഡിക്കൽ അഡ്വാൻസ്-10 കോടി എന്ന നിലയിലാണ് പ്രസ്തുത ചിലവ്. ആഗോളവൽക്കരണ നയങ്ങൾ ഭരണരംഗത്ത് പിടിമുറുക്കിയതിനുശേഷം പ്രത്യേകിച്ചും മോഡണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം (MGP) പോലെയുള്ള പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങിയതിനുശേഷം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനെ നിശബ്ദമായി ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ മാറിമാറിവന്ന സർക്കാരുകളെല്ലാം നടത്തിയിരുന്നു. അലോട്ട്മെന്റ് നൽകാതിരിക്കുക, സങ്കീർണ്ണമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി അപ്രാപ്യമാക്കുക തുടങ്ങി പലമാർഗ്ഗങ്ങൾ ഇതിനായി സ്വീകരിച്ചു. അങ്ങനെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റു കൊണ്ട് പ്രയോജനമില്ല എന്ന് ജീവനക്കാരെക്കൊണ്ടുതന്നെ പറയിച്ച് സർക്കാർ മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനുള്ള കളമൊരുക്കൽ നടത്തി.

**മെഡിസെപ്പ് - ചികിത്സാ ഉത്തരവാദിത്വം സർക്കാർ കൈയൊഴിയുന്നു.**

പത്താം ശമ്പള കമ്മീഷൻ ശുപാർശ എന്ന നിലയിലും ജീവനക്കാർക്ക് തിരഞ്ഞെടുപ്പ് സമയത്ത് എൽഡിഎഫ് നൽകിയ വാഗ്ദാനം നിറവേറ്റുന്നു എന്ന നിലയിലുമാണ് സർക്കാർ മെഡിസെപ്പ് നടപ്പാക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ മെഡിസെപ്പ് വഴി മെഡിക്കൽ അറ്റൻഡൻസ് റൂൾസ് അനുസരിച്ച് ജീവനക്കാർക്കും പെൻഷൻകാർക്കും നൽകിയിരുന്ന സൗജന്യ ചികിത്സ എന്ന അവകാശത്തെ സർക്കാർ എടുത്തുകളഞ്ഞിരിക്കുകയാണ്. സർക്കാർ രേഖകൾ പ്രകാരംതന്നെ പ്രതിവർഷം ചികിത്സാ ആനുകൂല്യമായി നൽകിയിരുന്ന 230 കോടി രൂപ ഇനി ജീവനക്കാർക്ക് നൽകില്ല. പകരം സർക്കാർ ജീവനക്കാർ, പെൻഷൻകാർ, ഫാമിലി പെൻഷൻകാർ, സർവ്വകലാശാല - പഞ്ചായത്ത് ജീവനക്കാർ തുടങ്ങി 12 ലക്ഷത്തോളം ആളുകളിൽനിന്ന് പ്രതിവർഷം 3000 രൂപ നിരക്കിൽ 360 കോടി രൂപ സമാഹരിച്ച് റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയെ ഏൽപ്പിക്കുന്ന ഇടനിലക്കാരന്റെ പങ്ക് മാത്രമാണ് ഇനി സർക്കാരിനുള്ളത്. വരുന്ന മൂന്ന് വർഷത്തേക്ക് മാത്രമാണ് ഈ പദ്ധതി. അതിനുശേഷം പുതിയ കരാർ വരുമ്പോൾ വാർഷിക പ്രീമിയം എത്രയായിരിക്കും എന്ന് ഇപ്പോൾ പറയാൻ കഴിയില്ല. പ്രത്യേകിച്ചും മെഡിസെപ്പിനുവേണ്ടി കമ്പനികൾ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലുകളിൽ രണ്ടാം സ്ഥാനത്തുവന്ന ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി വാർഷിക പ്രീമയം ആവശ്യപ്പെട്ടത് 6,772 രൂപയാണ് എന്ന് ഓർക്കുക. പ്രീമയം എത്രയായാലും അത് അടയ്ക്കാൻ നമ്മൾ ബാധ്യസ്ഥരാണ്.

സർക്കാർ ഇപ്പോൾ പ്രതിവർഷം ജീവനക്കാരുടെ ആരോഗ്യ ആവശ്യത്തിനായി ചിലവഴിക്കുന്ന 230 കോടി രൂപയിൽ ഒരു രൂപ പോലും ഈ ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി ചിലവഴിക്കുന്നില്ല. പ്രീമിയം പൂർണ്ണമായും ഉപഭോക്താവിന്റെ ചുമതലയിലാണ്. അതായത് സർക്കാരിന് 230 കോടിയുടെ ചിലവ് ചുരുക്കാൻ ജീവനക്കാരുടെയും പെൻഷൻകാരുടെയും 360 കോടി പിടിച്ചെടുക്കുകയാണ് മെഡിസെപ്പ് വഴി ചെയ്യുന്നത്. രാജ്യത്ത് തൊഴിലാളികൾക്കു വേണ്ടി നിലനിൽക്കുന്ന എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി(ESI)യിൽപോലും അടിസ്ഥാന ശമ്പളത്തിന്റെ 4.75% തൊഴിലുടമയുടെ വിഹിതമാണ്. 1.75% മാത്രമാണ് തൊഴിലാളി വിഹിതം. ഒപി ചികിത്സക്ക് റീ ഇമ്പേഴ്സ്മെന്റ് ഉണ്ടാകുമെന്ന് പറയുന്നുണ്ടെങ്കിലും നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ ലഘൂകരിക്കാത്തിടത്തോളം ഫലത്തിൽ അതില്ലാതാകും. പലിശരഹിത ചികിത്സാ വായ്പ ഇനി ഉണ്ടാകില്ല എന്നാണ് ബന്ധപ്പെട്ട രേഖകൾ സൂചിപ്പിക്കുന്നത്. ചികിത്സാ ചിലവിന് പരിധി നിശ്ചയിച്ചിരിക്കുന്നത് വലിയ തിരിച്ചടി ഉണ്ടാക്കും. 3 വർഷത്തേയ്ക്കുള്ള പരമാവധി ഇൻഷ്വറൻസ് കവറേജായ 15 ലക്ഷം രൂപയിലധികം ചിലവ് വന്നാൽ സർക്കാരിന്റെ ഒരു സഹായവുമുണ്ടാവില്ല. രോഗം വരാത്തവരെ സംബന്ധിച്ചിടത്തോളം പ്രതിമാസം പ്രീമിയം അടയ്ക്കാമെന്നതല്ലാതെ പദ്ധ

(ശേഷം 3-ാം പേജിൽ)

## ഖാദർ കമ്മീഷൻ റിപ്പോർട്ട്

# തൃശ്ശൂരിൽ വിദ്യാഭ്യാസ സംരക്ഷണ സമ്മേളനം

**പൊ**തുവിദ്യാഭ്യാസത്തെ മരണാസന്നമാക്കുന്നതും എയ്ഡഡ് വിദ്യാഭ്യാസത്തെ പൂർണ്ണമായി തകർക്കുന്നതുമാണ് ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളെന്ന്, ആൾ ഇന്ത്യ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സാഹിത്യ അക്കാദമിയിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ സംരക്ഷണ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട്, സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ അഭിപ്രായപ്പെട്ടു. വിവിധ അദ്ധ്യാപക സംഘടനാ നേതാക്കൾ പങ്കെടുത്ത സമ്മേളനത്തിൽ സേവ് എഡ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ് പ്രസിഡന്റ് ജി.നാരായണൻ അദ്ധ്യക്ഷത വഹിച്ചു. ഏകീകരണത്തിലൂടെ പ്ലസ് ടു മാത്രമല്ല എസ്എസ്എൽസിയും ഇല്ലാതാകുമെന്ന് എം.ഷാജർഖാൻ ചൂണ്ടിക്കാട്ടി. ഡിപിഇപിയിൽ തുടങ്ങിയ ഘടനാപരമായ പരിഷ്കാരങ്ങളുടെ തുടർച്ചയാണ് മൈനസ് ടു മുതൽ പ്ലസ് ടു വരെ ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള സർക്കാർ നീക്കത്തിന് പിന്നിൽ. സംസ്ഥാനതലത്തിൽ അധികാരം പൂർണ്ണമായും കേന്ദ്രീകരിക്കുമ്പോൾ ജില്ലകളിൽ ചുമതലകൾ വികേന്ദ്രീകരിച്ച് പഞ്ചായത്തുകളെ ഏൽപ്പിക്കും. അതിനാണ് ഡയറക്ടർ ഓഫ് എഡ്യൂക്കേഷനും ബ്ലോക്ക് ഡയറക്ടർ ഓഫ് എഡ്യൂക്കേഷനും ഒരുവശത്തും ബ്ലോക്ക് തല വിദ്യാഭ്യാസ ഓഫീസുകൾ മറുവശത്തും ആരംഭിക്കുവാൻ പോകുന്നത്. 2007-ലെ കേരള കരിക്കുലം ഫ്രെയിംവർക്കിൽ(കെസിഎഫ്) പറഞ്ഞിട്ടുള്ള പഞ്ചായത്ത് വിദ്യാഭ്യാസത്തിന്റെ ദുർഭൂതം ഖാദർ കമ്മീഷൻ റിപ്പോർട്ടിലൂടെ വീണ്ടും അവതരിപ്പിച്ചിരിക്കുകയാണ്. ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലായാൽ സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസരംഗത്ത് നിന്ന് സർക്കാരിന് വേഗത്തിൽ പിന്മാറാൻ കഴിയും. തുടർന്നുവരുന്നത് വികേന്ദ്രീകൃത പഞ്ചായത്ത് വിദ്യാഭ്യാസം ആയിരിക്കും. പാഠ്യപദ്ധതി പോലും പ്രാദേശികമാകും. രഹസ്യമാക്കി വച്ചിട്ടുള്ള റിപ്പോർട്ടിലെ രണ്ടാം ഭാഗത്ത് ഈ വിധത്തിലുള്ള ദുരന്തങ്ങളാണ് അടങ്ങിയിട്ടുള്ളത്. റിപ്പോർട്ട് പൂർണ്ണ രൂപത്തിൽ പ്രസിദ്ധീകരിക്കുകപോലും ചെയ്യാതെയാണ് തികച്ചും ഏകപക്ഷീയമായി മന്ത്രിസഭ പരിഷ്കാരം നടത്താൻ തീരുമാനിച്ചത്. ലോക ബാങ്കുമായി സർക്കാർ ഒപ്പിട്ട സർവ്വശിക്ഷാ അഭിയാൻ(എസ്എസ്എ) പദ്ധതി പ്രകാരമാണ് ഘടനാപരമായ ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതെന്നും ഷാജർഖാൻ വിശദമാക്കി.

എഎച്ച്എസ്ടിഎ സംസ്ഥാന സെക്രട്ടറിയും പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതി ജില്ലാ കൺവീനറുമായ കെ.എ. വർഗ്ഗീസ്, എച്ച്എസ്എസ്ടിഎ സംസ്ഥാന സെക്രട്ടറി ഡോ.മഹേഷ് ബാബു, കെപിഎസ്ടിഎ ജില്ലാ സെക്രട്ടറി ടി.കൃഷ്ണകുമാർ, സേവ് എജ്യുക്കേഷൻ ജില്ലാ വൈസ് പ്രസിഡന്റ് വി.എസ്.ഗിരീശൻ, കെപിഎസ്എച്ച്എ നേതാവ് ടി.എ.ജോസഫ്, കെഎച്ച്എസ്ടിഎ എക്സിക്യൂട്ടീവ് അംഗം എൻ.പി.ജാക്സൺ, എച്ച്എസ്എസ്ടിഎ ജില്ലാ പ്രസിഡന്റ് പി.വേണുഗോപാലൻ, സേവ് എഡ്യൂക്കേഷൻ കമ്മിറ്റി ജില്ലാ വൈസ് പ്രസിഡന്റ് ഡോ.പി.എസ്.ബാബു തുടങ്ങിയവർ പ്രസംഗിച്ചു. സേവ് എജ്യുക്കേഷൻ കമ്മിറ്റി ജില്ലാ സെക്രട്ടറി എം.പ്രദീപൻ സ്വാഗതവും അഡ്വ. സുജ ആന്റണി നന്ദിയും പറഞ്ഞു. ■




**വിദ്യാഭ്യാസ സംരക്ഷണ സമ്മേളനം സേവ് എഡ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്യുന്നു**

# അധ്യാപകരുടെ നിയമസഭാമാർച്ചിന് സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ ഐക്യദാർഢ്യം

**ഖാ**ദർ കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ട് ഹയർസെക്കണ്ടറി അധ്യാപകർ ജൂൺ 20 ന് നടത്തിയ നിയമസഭാമാർച്ചിന് സേവ് എജ്യൂക്കേഷൻ കമ്മിറ്റി പ്രവർത്തകർ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രകടനം നടത്തി. സമരത്തെ പിന്തുണച്ചുകൊണ്ടുള്ള ആയിരക്കണക്കിന് ലഘുലേഖകളും പ്രവർത്തകർ വിതരണം നടത്തി.

നിയമസഭാ മാർച്ചിനെ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ അഭിവാദ്യം ചെയ്തുകൊണ്ട് പ്രസംഗിച്ചു. ഹൈക്കോടതി സ്റ്റേ ഉത്തരവ് പരിഗണിക്കാതെയും പ്രതിഷേധങ്ങളെ അവഗണിച്ചുകൊണ്ടും ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ സർക്കാർ നിർബന്ധബുദ്ധിയോടെ മുന്നോട്ടു പോകുകയാണ്. രണ്ടായിരത്തി ഇരുപതോടുകൂടി സ്കൂൾ വിദ്യാഭ്യാസത്തിന്റെ നടത്തിപ്പ് കമ്മ്യൂണിറ്റി ഉടമസ്ഥതയിലാകണമെന്ന എസ്എസ്എ കരാറിന്റെ നടപ്പിലാക്കലാണ് ഇതിന് പിന്നിൽ. കെഇആർ പരിഷ്കരണത്തിലൂടെ ഈ വികലമായ പരിഷ്കാരങ്ങൾ അടിച്ചേൽപ്പിക്കാനാണ് ശ്രമിക്കുന്നത്. സാപേക്ഷികമായി മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന ഹയർസെക്കണ്ടറി ഉൾപ്പെടെയുള്ള പൊതുവിദ്യാഭ്യാസ ഘടനയെ സംരക്ഷിക്കുന്നതിന് ഖാദർ കമ്മീഷൻ റിപ്പോർട്ടിനെതിരായ വിദ്യാഭ്യാസ സംരക്ഷണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് എം.ഷാജർഖാൻ പറഞ്ഞു.

കെ.ബിമൽജി, എസ്.മിനി, എസ്.ശ്രീകുമാർ, ആർ.അപർണ്ണ, എ.ഷൈജു, എം.കെ.ഷഹസാദ് എന്നിവർ അഭിവാദ്യ പ്രകടനത്തിന് നേതൃത്വം നൽകി. ■




**സേവ് എജ്യൂക്കേഷൻ കമ്മിറ്റി പ്രവർത്തകർ തിരുവനന്തപുരത്ത് നടത്തിയ ഐക്യദാർഢ്യപ്രകടനം**

**മെഡിസെപ്പ്...**

*(2-ാം പേജിൽ നിന്ന്)*

തിവഴി ഒരു പ്രയോജനവും ഉണ്ടാവില്ല. ഭീമമായ കടബാധ്യതയുള്ള അനിൽ അംബാനിയുടെ റിലയൻസ് ഗ്രൂപ്പിൽപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയെ ഏൽപ്പിച്ചതുവഴി മെഡിസെപ്പിന്റെയും അതുവഴി ജീവനക്കാരുടെ ചികിത്സയുടെയും ഭാവി എന്താകും എന്നുള്ളത് പ്രവചനാതീതമായിരിക്കുന്നു.

മെഡിസെപ്പ് ക്യാഷ്‌ലെസ് ചികിൽസാ സൗകര്യമാണ് നൽകുന്നത്. ക്ലെയിം, ഇൻഷ്വറൻസ് കമ്പനി നേരിട്ട് ആശുപത്രിക്ക് നൽകുന്ന രീതി. ഇവിടെ ക്ലെയിം നേടിയെടുക്കുന്നതിനുള്ള ബാധ്യത ആശുപത്രിക്കാണ് എന്നത് അവരെ സമ്മർദ്ദത്തിലാക്കുകയും പദ്ധതിയിൽ നിന്ന് ഒഴിഞ്ഞുപോകുന്നതിന് ഇടയാക്കുകയും ചെയ്യും. അനാകർഷണീയമായ ക്ലെയിം പാക്കേജാണ് സ്വകാര്യ ആശുപത്രികളെ അകറ്റി നിർത്തുന്ന മറ്റൊരു ഘടകം. ഉദാഹരണത്തിന് സിസ്സേറിയൻ പ്രസവത്തിന് മെഡിസെപ്പ് ക്ലെയിം പാക്കേജ് വെറും 11,000 രൂപ മാത്രമാണ് അനുവദിക്കുന്നത്. ഈ തുക കൊണ്ട് സിസ്സേറിയൻ ചെയ്യുന്ന സ്വകാര്യ ആശുപത്രികൾ കേരളത്തിൽ ഉണ്ടോ എന്ന് സംശയമാണ്. ഈ കാരണങ്ങളാൽ മെഡിസെപ്പ്, സമാന പദ്ധതിയായ ആർഎസ്ബിവൈ പോലെ സർക്കാർ ആശുപത്രികളിൽ മാത്രമായി പരിമിതപ്പെടാനാണ് സാധ്യത.

**യുഡിഎഫ്-എൽഡിഎഫ് ഒരേ തൂവൽ പക്ഷികൾ**

കഴിഞ്ഞ യുഡിഎഫ് സർക്കാർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിർത്തലാക്കി പങ്കാളിത്ത പെൻഷൻ നടപ്പാക്കിയെങ്കിൽ എൽഡിഎഫ് സർക്കാർ ജീവനക്കാരുടെ ചികിത്സാ ചിലവിന്റെ ഉത്തരവാദിത്വം കൈയ്യൊഴിഞ്ഞ് പങ്കാളിത്ത ആരോഗ്യ ഇൻഷ്വറൻസ് നടപ്പാക്കുന്നു. രണ്ട് നയങ്ങളും ജീവനക്കാരുടെ ശമ്പളം പിടിച്ചെടുത്ത് മുതലാളിമാർക്ക് നൽകുന്ന ആഗോളവൽക്കരണ സാമ്പത്തിക നയങ്ങളുടെ ഭാഗംതന്നെ. പരസ്പരം പഴിചാരുന്നതല്ലാതെ ഭരണ-പ്രതിപക്ഷ പാർട്ടികളെ അനുകൂലിക്കുന്ന സർവ്വീസ് സംഘടനകൾക്ക് ഈ വിഷയത്തിൽ വ്യത്യസ്തമായ നിലപാടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്നുപറഞ്ഞ് കഴിഞ്ഞ ഇലക്ഷനിൽ വോട്ടുപിടിച്ച എൽഡിഎഫ് അധികാരത്തിൽ വന്ന് 3 വർഷം പിന്നിട്ടിട്ടും ആ നയം പിൻവലിക്കാൻ തയ്യാറായിട്ടില്ല.

ജീവനക്കാരുടെ കണ്ണിൽ പൊടിയിടാൻ ഒരു കമ്മിറ്റിയെ നിയോഗിച്ച് അതിന്റെ കാലാവധി നീട്ടികൊടുത്തുകൊണ്ടിരിക്കുകയാണ് അവർ. യുഡിഎഫ് സർക്കാരിന്റെകാലത്ത് നിയോഗിച്ച പത്താം ശമ്പള കമ്മീഷനാണ് ആരോഗ്യ ഇൻഷ്വറൻസ് ശുപാർശ ചെയ്തത്. നടപ്പിലാക്കുന്ന രീതി ശരിയല്ല എന്നതല്ലാതെ ആരോഗ്യ ഇൻഷ്വറൻസ് പിൻവലിച്ച് ചികിത്സാ ഉത്തരവാദിത്വം സർക്കാരിൽതന്നെ നിലനിർത്തണമെന്ന നയം യുഡിഎഫ് അനുകൂല സംഘടനകൾക്കില്ല. ഭരണപക്ഷ സംഘടനകളാവട്ടെ, ജീവനക്കാർക്ക് എൽഡിഎഫ് സർക്കാർ വലിയ ആനുകൂല്യം നൽകിയിരിക്കുന്നു എന്ന് പ്രചരിപ്പിച്ചുകൊണ്ട് ഈ ചൂഷണനയത്തിന്റെ വക്താക്കളായി രംഗത്ത് വന്നിരിക്കുന്നു.

**എന്താണ് പരിഹാരം?**

മുൻകാലങ്ങളിൽ സമരംചെയ്ത് നേടിയെടുത്ത അവകാശങ്ങൾ ഒന്നൊന്നായി ജീവനക്കാർക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിൽ ഏറ്റവും അവസാനത്തേതാണ് ചികിത്സാ രംഗത്തുകാണുന്നത്. തൊഴിലവകാശ സംരക്ഷകർ എന്ന് മേനിനടിക്കുന്ന എൽഡിഎഫ് സർക്കാർതന്നെ ഇതുചെയ്യുന്നത് അത്യന്തം പ്രതിഷേധാർഹമാണ്. സർക്കാർ ഈ നയം പുന:പരിശോധിക്കണം.

സ്വകാര്യ കുത്തകകൾക്ക് ലാഭമുണ്ടാക്കുന്നതിനായി നടപ്പാക്കുന്ന മെഡിസെപ്പ് ഉടൻ പിൻവലിച്ച് 1960-ലെ മെഡിക്കൽ അറ്റൻഡൻസ് റൂൾ ഉറപ്പുനൽകുന്ന സൗജന്യ ചികിത്സ ജീവനക്കാർക്ക് ഉറപ്പാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അതോടൊപ്പം, അലോട്ട്മെന്റ് അനുവദിച്ചും നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ ഒഴിവാക്കിയും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് പുനരുജ്ജീവിപ്പിക്കുകയും അവശ്യകതക്കനുസരിച്ച് പലിശരഹിത ചികിത്സാ അഡ്വാൻസ് അനുവദിക്കുകയും ചെയ്താൽ ജീവനക്കാർക്ക് ആശ്വാസകരമായിരിക്കും. സർവ്വീസ്, ഫാമിലി പെൻഷൻകാർക്ക് പ്രതിമാസം നൽകുന്ന മെഡിക്കൽ അലവൻസ് നിലനിർത്തുകയും അതോടൊപ്പം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ജനവിരുദ്ധ-തൊഴിലാളിവിരുദ്ധ നയങ്ങളുടെ നടത്തിപ്പുകാരായ ഭരണാധികാരികളിൽനിന്ന് ഇങ്ങനെയൊന്ന് പ്രതീക്ഷിക്കുന്നത് വിഡ്ഢിത്തമാണ്. ഈ ആക്രമണങ്ങളെ ചെറുത്തുതോൽപ്പിക്കാൻ ജീവനക്കാരും പെൻഷൻകാരും സമരരംഗത്തിറങ്ങണം എന്ന് അഭ്യർത്ഥിക്കുന്നു. ■

# സതി സമ്പ്രദായത്തിന്റെ മഹത്വവൽക്കരണവും രാജാ റാംമോഹൻ റായിയെ അപകീർത്തിപ്പെടുത്തലും

**ഭാരതീയ നവോത്ഥാനത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന രാജാ റാംമോഹൻ റായിയെ ബ്രിട്ടീഷുകാരുടെ പാദസേവകൻ എന്നുവിളിച്ച് ആക്ഷേപിക്കുന്ന ഒരു വീഡിയോ പായൽ രോഹാത്ഗി എന്ന ഒരു ഇന്ത്യൻ നടി ഈയിടെ ട്വിറ്ററിൽ പങ്കുവയ്ക്കുകയുണ്ടായി. 'സതി' എന്ന ആചാരത്തെ അപകീർത്തിപ്പെടുത്താനും അതുവഴി കൊളോണിയൽ ശക്തികളുടെ ധാർമിക അധീശത്വം സ്ഥാപിച്ചെടുക്കാനും ബ്രിട്ടീഷുകാർ അദ്ദേഹത്തെ കരുവാക്കുകയായിരുന്നു എന്നാണ് ആ വീഡിയോയിലൂടെ അവർ പറഞ്ഞത്.**



ട്വിറ്റർ വരിക്കാരിൽ ഭൂരിഭാഗം പേരും അവരെ വിമർശിക്കുകയും ഭർത്താവിന്റെ ചിതയിൽ ഭാര്യയേയും ജീവനോടെ ദഹിപ്പിക്കുന്ന മനുഷ്യത്വഹീനമായ സമ്പ്രദായത്തെ അവസാനിപ്പിക്കുന്നതിൽ റാംമോഹന്റെ പങ്കിനെ പ്രകീർത്തിക്കുകയും ചെയ്തു എന്നത് വാസ്തവമാണ്. എന്നിരുന്നാലും, ഇന്ത്യാ ചരിത്രത്തെ വളച്ചൊടിക്കാനും തദനുസൃതമായി വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരാനും ബിജെപി നേതൃത്വത്തിലുള്ള സർക്കാർ ശ്രമിക്കുന്ന സമകാലിക സാഹചര്യത്തിൽ, പായൽ രോഹാത്ഗിയുടെ അഭിപ്രായപ്രകടനങ്ങൾ അലോസരപ്പെടുത്തുന്നതും ഗൗരവതരവുമാണ്. സംസ്കാരത്തെ ഫാസിസവൽക്കരിക്കാൻ, നമ്മുടെ രാജ്യത്ത് ഉൾപ്പെടെ സാമ്രാജ്യത്വ-മുതലാളിത്ത ലോകത്താകെ ഇന്ന് നടക്കുന്ന ഉന്മത്തമായ ശ്രമങ്ങൾക്കെതിരെ നാം ജാഗരൂകരല്ലെങ്കിൽ തെറ്റായ പ്രചാരണങ്ങളിൽ സ്വാധീനിക്കപ്പെട്ടുപോകാനിടയുണ്ട്.

**'സതി'യെ 'ജൗഹാറു'മായി (കൂട്ട ആത്മാഹൂതി) ബന്ധിപ്പിക്കുന്നു**

പായലിന്റെ ജല്പനങ്ങൾ യുക്തിരഹിതവും അന്യമത വിരോധത്തെ കുത്തിയിളക്കുന്നതുമാണ്. കേരളത്തിലെ പ്രളയത്തെക്കുറിച്ചുപോലും തുടർച്ചയായ ട്വീറ്റുകളിൽക്കൂടി അവർ പറഞ്ഞത്, ഈ കൊടിയ ദുരിതം, ഗോവധം തടയാത്തതിനും ഹിന്ദു വികാരത്തെ മുറിപ്പെടുത്തുന്നതിനുമുള്ള സംസ്ഥാനത്തോടുള്ള ദൈവശിക്ഷ ആണെന്നാണ്. മരിച്ചുപോയ ഭർത്താവിനോടുള്ള സ്നേഹവും സമർപ്പണവും പ്രകടിപ്പിക്കാൻ ഹിന്ദു വിധവകൾ സ്വമേധയാ നടത്തുന്ന പ്രവൃത്തിയാണ് എന്ന് വിശേഷിപ്പിച്ചുകൊണ്ട് അവർ സതി സമ്പ്രദായത്തെ മഹത്വവൽക്കരിക്കാനും ശ്രമിക്കുകയാണ്. മുസ്ലിം കടന്നുകയറ്റക്കാരിൽനിന്ന് ഹിന്ദു ഭാര്യമാരുടെ ചാരിത്ര്യം സംരക്ഷിക്കുന്നതിനാണ് സതി ആചാരം ആവിഷ്കരിച്ചത് എന്നും അവർ അഭിപ്രായപ്പെടുന്നു. 2018ലെ 'പത്മാവത്' എന്ന ഹിന്ദി സിനിമയിൽ ചിത്രീകരിച്ചതുപോലുള്ള രജപുത്ര വനിതകളുടെ കൂട്ട ആത്മാഹൂതിയുടെ–ജൗഹാറിന്റെ–ഉദാഹരണം അവർ എടുത്തുകാട്ടുന്നു. അലാവുദ്ദീൻ ഖിൽജി എന്ന ആക്രമണകാരിയിൽനിന്ന് രക്ഷനേടാൻ റാണി പത്മാവതി ഒരു ജൗഹാറിന് നേതൃത്വം നൽകുന്നതായി ആ സിനിമയിൽ കാണിച്ചിരിക്കുന്നു.

കീഴടക്കപ്പെട്ട ഒരു കോട്ടയിൽ ശത്രുക്കൾക്കെതിരെയുള്ള ചെറുത്തുനിൽപ്പ് ഇനിമേൽ സാധ്യമല്ല എന്ന സ്ഥിതി എത്തുകയും, മരണം മാത്രമാണ് ആത്മാഭിമാനത്തിന്റേതായ മാർഗ്ഗമെന്ന് കരുതപ്പെടുകയും ചെയ്യുന്ന ഘട്ടത്തിൽ, സ്ത്രീകളും കുട്ടികളും അവരുടെ ആശ്രിതരും നടത്തിയിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നതാണ് ജൗഹാർ എന്ന കർമ്മം. അവശേഷിക്കുന്ന പുരുഷ പോരാളികൾ ശത്രുവിനെതിരെ പോരാടാൻ പടക്കളത്തിലേക്ക് കുതിക്കുകയും യുദ്ധവീരന് ചേർന്ന വിധത്തിൽ മരണത്തെ പുൽകുകയും ചെയ്യുന്ന പ്രവൃത്തിയാണ് 'ശാഖ'. യഥാർത്ഥത്തിൽ സൂഫി കവിയായ മല്ലിക് മുഹമ്മദ് ജയസി 1540ൽ എഴുതിയ പത്മാവത് എന്ന കവിതയിൽ മാത്രമാണ് പത്മാവതിയെക്കുറിച്ചുള്ള പരാമർശം കണ്ടിട്ടുള്ളത്. ക്രിസ്തുവർഷം 1296 മുതൽ 1316 വരെ ദില്ലി ഭരിച്ച സുൽത്താനായ അലാവുദ്ദീൻ ഖിൽജിയുടെ മരണത്തിന് 224 വർഷങ്ങൾക്കുശേഷം ഔധിൽ ആണ് ഈ കാവ്യം രചിക്കപ്പെടുന്നത്. ആ കവിതയിലെ നായികയായിരുന്നു പത്മാവതി. പിൽക്കാലത്ത് സിനിമയായി അത് നിർമ്മിക്കപ്പെട്ടു. പത്മാവതിയുടെ ആത്മാഹൂതി അങ്ങനെ വസ്തുത എന്നതിലുപരി ഒരു നാടോടിക്കഥ എന്ന നിലയിലാണ് അറിയപ്പെടുന്നത്. പത്മാവതിയുടെയും അവരുടെ ആത്മഹൂതിയുടെയും ഐതിഹ്യത്തിൽ അൽപമെങ്കിലും ചരിത്രയാഥാർത്ഥ്യം ഉണ്ടെന്ന് കരുതുന്നവരിൽ ആധുനിക ചരിത്ര പണ്ഡിതരിലെ ഒരു വിഭാഗവും ഉണ്ട്. എന്തായാലും, വിദൂര ഭൂതകാലങ്ങളിൽ കൂട്ട ആത്മാഹൂതികൾ നടന്നതിന്റെയും അവ രജപുത്രരിൽ മാത്രം ഒതുങ്ങുന്നതല്ല എന്നതിന്റെയും സൂചനകളുണ്ട്. മുസ്ലിം മേധാവികളും, യുദ്ധത്തിൽ തങ്ങളുടെ സ്ത്രീകൾക്കുണ്ടാകുന്ന മാനഹാനി തടയാനായി അവരെ വധിച്ചു കളഞ്ഞതായും രേഖപ്പെടുത്തിക്കണ്ടിട്ടുണ്ട്. ഇന്ത്യയിലേക്കുള്ള മുസ്ലിം അധിനിവേശത്തിന് മുൻപും ഇത്തരം സംഭവങ്ങൾ നടന്നിരുന്നു. എന്നു മാത്രമല്ല ചില ചരിത്രകാരന്മാർ പറയുന്നത്, ക്രിസ്തുവിനു മുമ്പുള്ള കാലഘട്ടത്തിൽതന്നെ ഗ്രീക്ക് അധിനിവേശക്കാർ തടവിലാക്കിയ ഭാരത സ്ത്രീകളെ 'ജൗഹറി'ലേക്ക് തള്ളിവിട്ടിരിക്കാം എന്നാണ്.

ജൗഹറും സതിയും തമ്മിൽ സുവ്യക്തമായ വ്യത്യാസങ്ങളുണ്ട് അക്രമകാരികളാൽ പിടിക്കപ്പെടാതിരിക്കാനുള്ള ആഗ്രഹത്താൽ പ്രചോദിതമായതാണ് ജൗഹാർ എങ്കിൽ പതിവ്രതയായി കരുതപ്പെടുന്ന ഒരു വിധവയുടെ നിർബ്ബന്ധിതമായ 'ആത്മഹത്യ'യാണ് സതി. യുദ്ധത്തിൽ ഭർത്താവ് മരിച്ചോ ഇല്ലയോ എന്ന് അറിയില്ലെങ്കിൽ പോലും ജൗഹാർ അനുഷ്ഠിക്കപ്പെട്ടിരുന്നു. ജൗഹാർ ഒരു ആചാരം ആണെന്നും പറയപ്പെടുന്നു. അതിനാകട്ടെ അരക്കും അതുപോലെ എളുപ്പം തീപിടിക്കുന്ന വസ്തുക്കളും കൊണ്ടുള്ള അരക്കില്ലങ്ങൾ പോലെയുള്ള മുറികൾ കോട്ടയ്ക്കുള്ളിൽതന്നെ പണിയുകയും ചെയ്തിരുന്നു. മധ്യകാലഘട്ടത്തിൽ ഈ ജൗഹാറുകൾ നാനാവശങ്ങളിൽനിന്നും വാഴ്ത്തപ്പെടുകയും കൊണ്ടാടപ്പെടുകയും ചെയ്തിരുന്നു. അരക്ഷിതബോധവും, പാതിവൃത്യം ചവിട്ടിയരയ്ക്കപ്പെടുമെന്ന ഭീതിയുംനിമിത്തം സ്വേച്ഛയാ നടത്തപ്പെടുന്ന ആത്മബലിയാണ് ജൗഹാർ എങ്കിൽ, ഭർത്താവിന്റെ ചിതയിൽ ചാടി മരിച്ച് അദ്ദേഹത്തോടൊപ്പം സ്വർഗ്ഗത്തിലെത്തിയാൽ വിശുദ്ധ വനിതകൾ എന്ന കീർത്തി നേടുമെന്ന് വിശ്വസിപ്പിച്ചുകൊണ്ട് വിധവകളുടെമേൽ ബ്രാഹ്മണാധിപത്യ ഹിന്ദു സമൂഹം നടത്തുന്ന കടന്നുകയറ്റമാണ് സതി. ഭർത്താവിന്റെ ചിതാഗ്നിയിൽ വെന്ത് ആത്മാഹൂതി ചെയ്യാൻ തയ്യാറാവുന്ന ഒരു വിധവയെ ഈ വിഭാഗക്കാർ പതിവ്രതയായി കണക്കാക്കുകയും സതീദേവിയായി ആരാധിക്കുകയും ചെയ്തിരുന്നു. രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ ചില സംസ്ഥാനങ്ങളിൽ സതീദേവിയെ പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രങ്ങളും നമുക്ക് കാണാൻ കഴിയും.

**സതിയുടെ പുരാവൃത്ത പശ്ചാത്തലം**

സതി ശിവ ഭഗവാന്റെ പത്നിയും ശിവനോട് അനാദരവ് കാണിച്ച സ്വന്തം പിതാവിനോടുള്ള പ്രതിഷേധത്താൽ സ്വയം ആത്മഹൂതി ചെയ്തവളും ആണെന്നാണ് ഹിന്ദുപുരാണത്തിൽ സതിയുടെ ഉല്പത്തിയെക്കുറിച്ചുള്ള കഥ. ഈ കഥയിൽ സതി ആത്മാഹൂതി നടത്തുന്നത് ഭർത്താവ് ജീവിച്ചിരിക്കെത്തന്നെ ആണെങ്കിലും പിൽക്കാലത്ത് ഈ അനുഷ്ഠാനം സമൂഹത്തിലെ ചില സ്വയം പ്രഖ്യാപിത രക്ഷകർത്താക്കളാൽ വളച്ചൊടിക്കപ്പെടുകയോ പുതിയൊരു ദിശ സ്വീകരിക്കപ്പെടുയോ ചെയ്യുകയും ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കാൻ സ്ത്രീകൾ നിർബ്ബന്ധിക്കപ്പെടുകയും ചെയ്തു. പ്രാചീന ഗ്രന്ഥങ്ങളായ വേദങ്ങളിലൊന്നും സതിയെക്കുറിച്ചുള്ള പരാമർശങ്ങളില്ല. രാമായണ കാവ്യത്തിൽ ആകട്ടെ ദശരഥ മഹാരാജാവ് മരിച്ചപ്പോൾ മൂന്ന് ഭാര്യമാരിൽ ഒരാളും ചിതാഗ്നിയിലേക്ക് ചാടിയിട്ടില്ല. മഹാഭാരതത്തിൽ പാണ്ഡുവിന്റെ മരണശേഷം ഭാര്യമാരിൽ ഒരാളായ മാദ്രി ഭർത്താവിന്റെ ചിതയിൽ വെന്തുമരിച്ചു. എന്നാൽ മറ്റൊരു ഭാര്യയായ കുന്തി ജീവിതം തുടർന്നു. ബുദ്ധനും മഹാവീരനും ഒന്നും ഈ അനുഷ്ഠാനത്തെക്കുറിച്ച് പരാമർശിച്ചതായി കാണുന്നില്ല. പ്രാചീന ബുദ്ധ-ജൈന പ്രമാണങ്ങളിലൊന്നും അത്തരം സൂചനകളുമില്ല. ശങ്കരാചാര്യരുടെയും മറ്റു പരിഷ്കർത്താക്കളുടെയും കാര്യവും ഇങ്ങനെ തന്നെയാണ്. അക്കാലങ്ങളിൽ സതി ചിലപ്പോൾ അത്ര വ്യാപകമല്ലായിരുന്നിരിക്കാം, ബ്രാഹ്മണ്യത്തിന്റെ തീർപ്പുകൾക്കും തിട്ടൂരങ്ങൾക്കും ആധിപത്യമുള്ള സ്വേച്ഛാധിപത്യ ഹിന്ദുസമൂഹത്തിൽ കാലങ്ങൾക്കുശേഷം ഈ അനുഷ്ഠാനം ആവിഷ്കരിക്കപ്പെട്ടതുമായിരിക്കാം.

**സതിയെപ്പറ്റിയുള്ള സാമൂഹികശാസ്ത്രപരമായ മറ്റൊരു വീക്ഷണം**

ഒരു പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകളെ പുരുഷന്മാർക്ക് അടിപ്പെട്ടവരും പാദസേവകരുമായാണ് കാണുന്നതെന്ന് നമുക്കറിയാം. അക്കാലത്തെ ഹിന്ദുസമൂഹത്തിൽ വിധവാവിവാഹം സ്വീകാര്യമായ ഒന്നല്ലായിരുന്നുവെന്നും ഭർത്താവിന്റെ മരണശേഷമുള്ള വിധവകളുടെ ജീവിതം അമംഗളകരമായാണ് കരുതപ്പെട്ടതെന്നും പറയേണ്ടതില്ലല്ലോ. അപ്പോൾ ഭർത്താവിന്റെ മരണശേഷം അവളുടെ മൗനാനുവാദത്തോടെയോ പലപ്പോഴും ബന്ധുക്കളുടെ ബലപ്രയോഗം വഴിയോ അവൾ ചിതയിലെരിക്കപ്പെട്ടു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും പുരുഷന്മാർക്ക് നിരവധി ഭാര്യമാരെ സ്വീകരിക്കാൻ അനുവാദം ഉണ്ടായിരുന്നു. എൺപതും തൊണ്ണൂറും വയസ്സുള്ള വൃദ്ധന്മാർവരെ ഇരുപതോ അതിൽ താഴെയോ വയസ്സുള്ള യുവതികളെ വിവാഹം ചെയ്തിരുന്നു. ആ നിരാലംബരായ യുവതികളുടെ കുടുംബങ്ങളെ വരിഞ്ഞുമുറുക്കിയോ പലപ്പോഴും നിർബ്ബന്ധിച്ചോ വിവാഹത്തിന് സമ്മതിപ്പിക്കുകയായിരുന്നു. അല്ലെങ്കിൽ വിവാഹപ്രായമെത്തിയ പെൺകുട്ടികളുള്ള ആ കുടുംബങ്ങൾക്ക് ഭ്രഷ്ട് നേരിടേണ്ടിവരുമായിരുന്നു. ആ യുവതികൾക്കാകട്ടെ വൈവാഹിക ജീവിതത്തിന്റെ യാതൊരു സന്തോഷവും ലഭിച്ചിരുന്നില്ല. പല ഗ്രാമങ്ങളിലുള്ള നിരവധി ഭാര്യമാരെ സന്ദർശിച്ചുകൊണ്ടിരുന്ന ഭർത്താവിന്റെ സാമീപ്യം ഓരോരുത്തർക്കും വല്ലപ്പോഴുമാണ് കിട്ടിയിരുന്നത്. ഈ വൃദ്ധൻ മരിച്ചു കഴിഞ്ഞാൽ പ്രാമാണിക ഗ്രന്ഥങ്ങളിലെ വിധിപ്രകാരമോ എതിർത്താൽ ബലപ്രയോഗത്തിലോ, ഈ യുവതികളെ ഭർത്താവിന്റെ ചിതയിൽതന്നെ ദഹിപ്പിക്കുകയും ചെയ്തിരുന്നു. അവരുടെ വിക്ഷുബ്ധമായ അപേക്ഷകളും അലമുറകളും ഇത്തരം അനുഷ്ഠാനങ്ങളിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങളുടെ ഘോഷണത്തിൽ അമർന്നു പോവുകയും ചെയ്യും. അങ്ങനെ അത്, ഈ യുവതികളുടെ മേലുള്ള അങ്ങേയറ്റത്തെ മനുഷ്യത്വഹീനമായ പീഢനമായി മാറുന്നു.

**രാജാ റാംമോഹനെ ചെളി വാരിയെറിയുന്നത് കുറ്റകൃത്യം**

പ്രാചീന ഹിന്ദു ഗ്രന്ഥങ്ങൾ സതി അനുഷ്ഠാനത്തെ അനു

*(ശേഷം 5-ാം പേജിൽ)*

# സാംസ്കാരിക മേഖലയെ ഫാസിസവൽക്കരിക്കാനുള്ള ഉന്മത്തമായ ശ്രമങ്ങൾക്കെതിരെ ജാഗരൂകരാകുക

(4-ാം പേജിൽ നിന്ന്)

ശാസിക്കുന്നുണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം. ഹിന്ദു മത ഭ്രാന്തന്മാർ സതി അനുഷ്ഠാനത്തെ മഹത്വവത്കരിച്ച് സതി ക്ഷേത്രങ്ങൾ പണിയുന്ന അവസ്ഥവരെ എത്തി എന്നതാണ് കാര്യം. കഴിഞ്ഞകാലങ്ങളിൽ വിജ്ഞൻമാരായ ചില ഭരണാധികാരികൾ ഈ ക്രൂരകൃത്യത്തിന് അറുതിവരുത്താൻ ശ്രമിച്ചിരുന്നു. ഉദാഹരണത്തിന് അക്ബർ ഇതിനെ ചെറുക്കാൻ ശ്രമിച്ചു. മറാത്ത പ്രവിശ്യക്കാർ അവരുടെ സ്ഥലത്ത് ഇത് നിരോധിച്ചു. എന്നാൽ ഇന്ത്യക്കാരുടെ സാമൂഹികവും മതപരവുമായ ആചാരങ്ങളിൽ ഇടപെടില്ല എന്ന നയത്തിൽ ഉറച്ച് നിൽക്കുകയായിരുന്നു ഈസ്റ്റ് ഇന്ത്യാ കമ്പനി. അപരിഷ്കൃതരായ ഭാരതീയ ജനതയെ പരിഷ്കൃതരാക്കുക എന്നത് വെള്ളക്കാരുടെ ധാർമിക ഉത്തരവാദിത്തമാണെന്ന് പറഞ്ഞ് ഇന്ത്യയെ കോളനിയാക്കാനുള്ള ശ്രമങ്ങൾക്ക് ധാർമ്മികാനുമതി നേടേണ്ട ആവശ്യം നേരിട്ടപ്പോൾ പിൽക്കാലത്ത് അവർ ഈ ഇടപെടാതിരിക്കൽ നയത്തിൽ നിന്ന് വ്യതിചലിക്കാൻ തുടങ്ങി.

ഈ ഘട്ടത്തിലാണ് നവോത്ഥാനത്തിന്റെ പ്രഭാപൂരത്തിൽ പ്രചോദിതനായ രാജാ റാംമോഹൻ റായ് നിർഭാഗ്യവതികളായ ഈ വിധവകൾക്കുവേണ്ടി മുന്നോട്ടു വരുന്നതും അവരുടെ ക്രൂരമായ കൊലപാതകങ്ങൾ തടയണമെന്ന് ഗവർണർ ജനറൽ ബെന്റിംഗ് പ്രഭുവിനോട് അഭ്യർത്ഥിക്കുന്നതും. പത്ര റിപ്പോർട്ടുകൾ നൽകിയും ലഘുലേഖകൾ പ്രസിദ്ധീകരിച്ചും നടത്തിയ മഹത്തായ പരിശ്രമങ്ങളും പ്രവർത്തനങ്ങളും വഴി അദ്ദേഹത്തിന് ജനമനഃസാക്ഷി ഉണർത്താനായി. യാഥാസ്ഥിതിക ഹിന്ദുക്കളുടെ കടുത്ത എതിർപ്പുണ്ടായിട്ടും 1829 ജൂലൈ നാലിന് ഇറങ്ങിയ ഓർഡിനൻസ് വഴി ക്രൂരമായ സതി ആചാരം നിരോധിക്കപ്പെട്ടു. ബംഗാൾ പ്രസിഡൻസിയിൽ മാത്രമാണ് ഈ ഓർഡിനൻസ് ആദ്യം പ്രാബല്യത്തിൽ വന്നതെങ്കിലും 1830ൽ അത് വ്യത്യസ്ത രൂപങ്ങളിൽ മദ്രാസ്, ബോംബെ പ്രസിഡൻസികളിലേക്കും വ്യാപിപ്പിച്ചു. സതി നിരോധിക്കാൻ പോരാടി എന്നതുകൊണ്ട് മാത്രമല്ല ആധുനിക ശാസ്ത്രീയ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിവിധ സാമൂഹിക മേഖലകളിലെ പുരോഗമനപരവും മാനുഷികവുമായ ചിന്തകൾ കൊണ്ടും പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ ഇന്ത്യൻ നവോത്ഥാനത്തിന്റെ മുന്നണി പോരാളിയായി രാജാ റാംമോഹൻ റായ് ഏവരാലും പ്രകീർത്തിക്കപ്പെട്ടു. അദ്ദേഹത്തെ ബ്രിട്ടീഷുകാരുടെ പാദസേവകൻ എന്ന് വിളിക്കുന്നത് ധിക്കാരം മാത്രമല്ല ചരിത്രവസ്തുതകളുടെ അങ്ങേയറ്റത്തെ വളച്ചൊടിക്കലും പഴകിദ്രവിച്ച ജന്മിത്ത ജഢത്വത്തിന്റെ തകർച്ച പ്രവചിച്ച ഒരു ചരിത്രപുരുഷനെതിരെയുള്ള കുറ്റകരമായ അപമാന ശ്രമവുമാണ്.

### സതി മഹത്വവൽക്കരണത്തിന്റെ പുനഃരുദ്ധാനം

എന്നിട്ടും സ്വതന്ത്ര ഇന്ത്യയിൽ 1987ൽ രാജസ്ഥാനിലെ ദിവ്രാല എന്ന ഗ്രാമത്തിൽ കേവലം എട്ടു മാസത്തെ ദാമ്പത്യ ജീവിതത്തിനുശേഷം രൂപ് കാൻവാർ എന്ന് 17കാരി ആയിരങ്ങൾ നോക്കി നിൽക്കവേ സ്വന്തം ഭർത്താവിന്റെ ചിതയിൽ വെന്തെരിക്കപ്പെട്ടു. ഈ ഞെട്ടിപ്പിക്കുന്ന സംഭവം സൂചിപ്പിക്കുന്നത് ഒരു വിഭാഗം ജനങ്ങൾ ഇപ്പോഴും സതിയെ മഹത്വവൽക്കരിക്കുന്നു എന്നും ചില കുത്സിത ശക്തികൾ വിജ്ഞാന വിരോധത്തെയും മതഭ്രാന്തിനെയും ഉൽകൃഷ്ട പ്രവൃത്തിയെന്ന് ചിത്രീകരിച്ചുകൊണ്ട് പുനരാനയിക്കാൻ ശ്രമിക്കുന്നു എന്നുമാണ്. അതിനാൽ സംസ്കൃതചിത്തരും വിജ്ഞാന വെളിച്ചം ലഭിച്ചവരുമായ ഇന്ത്യയിലെ ജനങ്ങളെ ഇത് സ്തബ്ധരാക്കുകയും ക്ഷുഭിതരാക്കുകയും ചെയ്തു. ശക്തമായ ജനകീയ പ്രതിഷേധത്തിന്റെ സമ്മർദ്ദത്താൽ രാജസ്ഥാൻ സർക്കാർ കമ്മീഷൻ ഓഫ് സതി(പ്രിവൻഷൻ) ആക്ട് 1987 പ്രാബല്യത്തിൽ കൊണ്ടുവന്നു. പിന്നീട് 1988ൽ ഇന്ത്യൻ പാർലമെന്റ് ഇതൊരു കേന്ദ്രനിയമമായി അംഗീകരിച്ചു. വിധവകളുടെ സ്വമേധയായുള്ളതോ ബലപ്രയോഗത്തിലുള്ളതോ ആയ ദഹിപ്പിക്കലോ കുഴിച്ചുമൂടലോ അഥവാ സതി അനുഷ്ഠാനത്തെ നിരോധിക്കുക, സതി അനുഷ്ഠിച്ച വിധവയെ പ്രകീർത്തിച്ചു കൊണ്ടുള്ള ചടങ്ങുകളിലോ ഘോഷയാത്രകളിലോ പങ്കെടുക്കുന്നതും സാമ്പത്തിക ട്രസ്റ്റുകൾ രൂപീകരിക്കുന്നതും ക്ഷേത്രങ്ങൾ പണിയുന്നതും തടയുക എന്നിവയൊക്കെയാണ് ഈ നിയമത്തിലൂടെ ഉദ്ദേശിക്കപ്പെടുന്നത്. പക്ഷേ ശക്തമായ ജനാധിപത്യ പ്രക്ഷോഭണങ്ങളുടെ അഭാവത്താൽ നിക്ഷിപ്ത താല്പര്യക്കാരുടെ ഉപജാപങ്ങളും പിന്തുണയുംകൊണ്ട് അധഃപതിച്ചതും പിന്തിരിപ്പനുമായ ഇത്തരം കൃത്യങ്ങൾക്കുള്ള പിന്തുണ നമ്മുടെ രാജ്യത്ത് വർദ്ധിച്ചു വരികയാണ്.

2018ൽ രാജസ്ഥാനിലെ ചിത്തോർഗഢ് പട്ടണത്തിൽ പത്മാവത് എന്ന സിനിമയുടെ റിലീസ് തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അഞ്ഞൂറിലധികം രജപുത്ര വനിതകൾ വാളുകൾ വീശിക്കൊണ്ട് 'ജയ് ജൗഹർ ജയ് ഭവാനി' എന്ന മുദ്രാവാക്യമുയർത്തി ഒരു 'ചേതാവനി റാലി' (മുന്നറിയിപ്പ് മാർച്ച്) നടത്തുകയുണ്ടായി. തങ്ങളുടെ ആവശ്യം അംഗീകരിക്കുന്നില്ലെങ്കിൽ ജൗഹാർ(കൂട്ട ആത്മാഹൂതി) നടത്തുമെന്ന് അവർ ഭീഷണിപ്പെടുത്തിയിരുന്നു. എന്നാൽ രജപുത്ര വനിതകളുടെ സമിതിയായ 'ശാത്രാണി മഞ്ച്' അവരുടെ നിലപാട് പൊടുന്നനെ മാറ്റുകയും ആത്മാഹൂതിയുടെ പദ്ധതി തങ്ങൾ ഉപേക്ഷിച്ചതായിയും പകരം കൂട്ട ആത്മഹത്യ നടത്തുന്നതിനായി സുപ്രീം കോടതിയിൽ അപേക്ഷ നൽകാൻ തീരുമാനിച്ചതായും പറഞ്ഞു. ചിത്തോർഗഢിൽ ജൗഹാർ നടത്തുന്നതിനായി രണ്ടായിരത്തിലധികം കർണിസേനാ[1] വനിതകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇത് ഏതെങ്കിലും വിധത്തിലുള്ള സ്ത്രീ സ്വാതന്ത്ര്യത്തിന്റെ സൂചനയാണോ? തീർച്ചയായും അവർ തെറ്റായി നയിക്കപ്പെട്ടവരാണ്. ഈ കർണിസേനാ പ്രവർത്തകരെ കരുതൽ തടങ്കലിലെടുക്കുകയും സമാധാനവും സുരക്ഷയും ഉറപ്പാക്കുകയും ചെയ്യുന്ന കാര്യത്തിൽ സർക്കാർ ഉപേക്ഷ കാണിച്ചു. പഴയ ആചാരങ്ങളെ പുനഃരുജ്ജീവിപ്പിക്കാനുള്ള ഈ അധോഗമനത്തിന്റേതായ ചിന്താഗതികൾ എവ്വിധമെല്ലാം ചിട്ടപ്പെടുത്തുമെന്നും പ്രോത്സാഹിപ്പിക്കപ്പെടുമെന്നുമാണ് ഈ സംഭവങ്ങൾ കാണിക്കുന്നത്. ഈ അധമ പ്രവർത്തികളെ പിന്തുണക്കാൻ സമരം ചെയ്യുന്നതിന് പകരം നമ്മുടെ സ്ത്രീകൾ സ്ത്രീധനത്തിനും പെൺഭ്രൂണഹത്യയ്ക്കും സ്ത്രീകൾക്ക് നേരെയുള്ള ആക്രമണങ്ങൾക്കുമൊക്കെ എതിരെയാണ് പോരാടേണ്ടത്.

### മതപുനഃരുദ്ധാരണ ശ്രമങ്ങളുടെ അടിസ്ഥാനകാരണം

ഹിന്ദു പുനഃരുദ്ധാരണ ശ്രമങ്ങൾക്ക് മേൽക്കോയ്മ ഉണ്ടായിരുന്ന നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെ പരിമിതിക്കുള്ളിൽതന്നെയാണ് ഈ ഭീതിദമായ സാഹചര്യത്തിന്റെ അടിസ്ഥാനകാരണം കിടക്കുന്നത്. ഇന്നും ഇത് ഇന്ത്യൻ സമൂഹത്തെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികരിൽ ഒരാളും എസ്‌യുസിഐ(സി) സ്ഥാപക ജനറൽ സെക്രട്ടറിയുമായിരുന്ന സഖാവ് ശിബ്ദാസ് ഘോഷ് 1964ൽ 'വർഗ്ഗീയതാ പ്രശ്നത്തെപ്പറ്റി' എന്ന കൃതിയിൽ ഈ പ്രതിഭാസത്തെപ്പറ്റി വിശദീകരിക്കുന്നുണ്ട്. "ഇന്ത്യൻ ദേശീയവാദം തന്മൂലം, അടിസ്ഥാനപരമായി മതോന്മുഖമായിരിക്കുന്നു. ഈ മതോന്മുഖ ദേശീയവാദം ഹിന്ദുമത പുനഃരുദ്ധാരണത്തിന്റെ രൂപത്തിലാണ് പ്രകടിതമായത്... ഇന്നത്തെ ഭരണാധികാരികൾ സാമൂഹിക-സാംസ്കാരിക വിപ്ലവ കടമകൾ നിറവേറ്റുന്നതിന് പകരം സ്വാതന്ത്ര്യപ്രാപ്തിക്ക് മുൻപുണ്ടായിരുന്നതിനെ അപേക്ഷിച്ച് പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്ന മതാചാരങ്ങളെയും മുൻവിധികളെയും പ്രോത്സാഹിപ്പിക്കുക വഴി മതേതര വിരുദ്ധ ശക്തികളെയും പ്രവണതകളെയും ശുഷ്കാന്തിയോടെ സഹായിക്കുകയാണ്. മതേതരത്വം ആവോളം ഉച്ചത്തിൽ ഉരുവിട്ടുകൊണ്ടുതന്നെയാണിത്. ഈ സാഹചര്യത്തിൽ ഹിന്ദു പുനരുദ്ധാനം എന്ന മുദ്രാവാക്യം കൂടുതൽ പ്രബലമായിക്കൊണ്ടിരിക്കുന്നതിൽ അത്ഭുതത്തിന് വകയില്ല. ഏതെങ്കിലും മതത്തിൽ വിശ്വസിക്കാനോ അനുഷ്ഠിക്കാനോ അത് പ്രചരിപ്പിക്കാനോ വ്യക്തിക്ക് പ്രോത്സാഹനം നൽകുക എന്ന് മതേതരത്വത്തിന് അർത്ഥമില്ലെന്ന് നാം മനസ്സിലാക്കണം.

> **ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത മതത്തിലുള്ള വിശ്വാസം തുടർന്നുപോകുമ്പോൾത്തന്നെ മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു എന്നതാണ്. എല്ലാ കാലത്തേക്കും അവ ഒരേപോലെ നിലകൊള്ളുന്നില്ല... മതവും മതാചാരങ്ങളും രണ്ട് വ്യത്യസ്ത സംഗതികളാണ്. മാറിയ സാമൂഹിക സാഹചര്യങ്ങൾക്കൊത്ത് ആചാരങ്ങൾ ഇതിനുമുമ്പ് മാറിയിട്ടുണ്ട്, ഇനി മാറുകയും ചെയ്യും.**

ജനങ്ങളുടെമേൽ മതത്തിന്റെ സ്വാധീനം വർദ്ധിക്കുമാറ് ഭരണകൂടം എല്ലാ മതങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നും അർത്ഥമില്ല. ഒരു പ്രത്യേക വിശ്വാസം പുലർത്തുന്ന സമുദായത്തെ മതപരിഗണനയുടെ അടിസ്ഥാനത്തിൽ മാത്രം ഏതെങ്കിലും വിശേഷ അവകാശങ്ങൾ നൽകി ബഹുമാനിക്കുക എന്ന് അതിന് തീരെയും അർത്ഥമില്ല. ഒരു യഥാർത്ഥ മതേതര രാഷ്ട്രം മതത്തെ പൗരന്മാരുടെ സ്വകാര്യ വിശ്വാസപ്രമാണമായി പരിഗണിക്കുകയും അതിനാൽ വ്യക്തികളുടെ മതവിശ്വാസത്തിലും പ്രചാരണത്തിലും പ്രോത്സാഹനത്തിന്റെ രീതിയിലായാലും എതിർപ്പിന്റെ രീതിയിലായാലും യാതൊരുവിധത്തിലും കൈകടത്താതിരിക്കുകയും ചെയ്യുന്നു. മറിച്ച് അത് വിശ്വാസികൾക്കെന്നതുപോലെ അവിശ്വാസികൾക്കും ഏതൊരു വിശ്വാസവും വെച്ച് പുലർത്താനും പ്രചരിപ്പിക്കാനുമുള്ള പൂർണസ്വാതന്ത്ര്യം ഉറപ്പുനൽകുന്നു. ഒരു മതേതര രാഷ്ട്രം സാമൂഹിക-സാംസ്കാരിക വിപ്ലവങ്ങൾ പൂർത്തീകരിച്ച് സമൂഹത്തെ ജനാധിപത്യവൽക്കരിക്കുകയും ഭരണകൂടതലത്തിലും വ്യക്തിയുടെ സാമൂഹിക പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളവും മതപരമായ സ്വാധീനങ്ങളും കൈകടത്തലുകളും ഇല്ലാതാക്കുകയും ചെയ്യുന്നു. നമ്മുടെ നാട്ടിലെ ഭരണ മുതലാളി വർഗത്തിന്റെ വർദ്ധിച്ച ഹിന്ദുമത പുനരുദ്ധാരണ പ്രവണതകൾമൂലം ഇന്നും ഇന്ത്യൻ ജനത ജാതി-മത-ഭാഷ-വംശ പരിഗണനകളാൽ ഭിന്നിച്ച, സാമൂഹികമായും സാംസ്കാരികമായും വ്യത്യസ്തങ്ങളായ സമുദായങ്ങളുടെ ഒരു സമാഹാരം മാത്രമാണ്.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത മതത്തിലുള്ള വിശ്വാസം തുടർന്നു പോകുമ്പോൾതന്നെ മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു എന്നതാണ്. എല്ലാ കാലത്തേക്കും അവ ഒരേപോലെ നിലകൊള്ളുന്നില്ല. സഖാവ് ഘോഷ് വീണ്ടും പറയുന്നു, "മതം തുടർന്നും നിലനിന്നാൽ, അത് വ്യക്തിയുടെ സാമൂഹിക പ്രവർത്തനങ്ങളെ സ്വാധീനിക്കുകതന്നെ ചെയ്യും എന്നൊരു വാദം ഉന്നയിക്കപ്പെട്ടേക്കാം. ഈ ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവും ഞാൻ കാണുന്നില്ല. എന്റെ അഭിപ്രായത്തിൽ മതത്തെ, മതപരവും സാമൂഹികവുമായ ആചാരങ്ങളിൽനിന്ന് വേറിട്ട് കാ

(ശേഷം 6-ാം പേജിൽ)

# നെടുങ്കണ്ടം കസ്റ്റഡി മരണത്തിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുക

**കേ**രളത്തിൽ കസ്റ്റഡി മരണങ്ങൾ അവസാനിക്കുന്നില്ല എന്നാണ് രാജ്കുമാർ സംഭവം തെളിയിക്കുന്നത്. വരാപ്പുഴ കസ്റ്റഡി മരണം സൃഷ്ടിച്ച ഒച്ചപ്പാടും പ്രതിഷേധങ്ങളും ഇനിയും കെട്ടടങ്ങിയിട്ടില്ല. ഓരോ സംഭവം ഉണ്ടാകുമ്പോഴും ഉയരുന്ന ജനരോഷത്തെയും പ്രതിഷേധങ്ങളെയും തണുപ്പിക്കാനും ജനങ്ങളുടെ കണ്ണിൽ പൊടിയിടാനും നടത്തുന്ന തട്ടിക്കൂട്ട് നടപടികളല്ലാതെ അങ്ങേയറ്റം പ്രാകൃതമായ കസ്റ്റഡിമരണം ഇല്ലാതെയാക്കാൻ യാതൊരു നടപടികളും സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. എൽഡിഎഫ്, യുഡിഎഫ് വ്യത്യാസമില്ലാതെ കസ്റ്റഡിമരണങ്ങൾ തുടർക്കഥയാകുകയാണ് കേരളത്തിൽ.

രാജ്കുമാർ കേസിൽ ജില്ലാ പോലീസ് മേധാവിയടക്കം ഇടപെട്ടിരിക്കുന്നു എന്നത് ഭരണ രാഷ്ട്രീയ രംഗത്തെ ഉന്നത ഇടപെടലിന്റെ സൂചനയാണ്. ആർക്കുവേണ്ടിയാണ്, എന്തിനുവേണ്ടിയാണ് പോലീസ് ഈ ക്രൂരകൃത്യം ചെയ്തത് എന്നത് പുറത്തുവരണമെങ്കിൽ സത്യസന്ധമായ അന്വേഷണം നടക്കണം. എന്നാൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ പ്രതികളാകുന്ന കേസുകളിൽ അന്വേഷണവും തെളിവുശേഖരിക്കലും സത്യസന്ധമായി നടക്കുക, കുറ്റകൃത്യം ഇനിമേൽ ആവർത്തിക്കപ്പെടാതിരിക്കുംവിധം കുറ്റവാളികൾ ശിക്ഷിക്കപ്പെടുക ഇതൊക്കെ ദുർഘടമായ കാര്യമാണ്.

ഒരു പ്രതി അറസ്റ്റുചെയ്യപ്പെട്ടാൽ പാലിക്കേണ്ട വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലനിൽക്കെ അതെല്ലാം രാജ്കുമാറിന്റെ കേസിലും ലംഘിക്കപ്പെട്ടു. ഒരു പ്രതിക്ക് കിട്ടേണ്ട നിയമപരിരക്ഷകളെല്ലാം നിഷേധിക്കപ്പെട്ടു. കസ്റ്റഡിയിൽ എടുത്ത വിവരം അടുത്ത ബന്ധുക്കളെ അറിയിച്ചില്ല, അറസ്റ്റ് രേഖപ്പെടുത്തിയില്ല. ജൂൺ 12 മുതൽ 15 വരെ അന്യായമായി കസ്റ്റഡിയിൽവച്ചു. പോലീസ് ജീപ്പിൽവച്ചും പീരുമേട് നെടുങ്കണ്ടം പോലീസ് സ്റ്റേഷനുകളിൽവച്ചും ഏറ്റവും ക്രൂരവും പ്രാകൃതവുമായ മൂന്നാംമുറയ്ക്ക് വിധേയനാക്കി. മൃതപ്രായനായപ്പോഴാണ് കസ്റ്റഡി രേഖപ്പെടുത്തിയത്. റിമാൻഡുചെയ്യുമ്പോൾ പ്രതി അവശനിലയിൽ. ക്രൂരമർദ്ദനത്തിന് വിധേയനായി എന്ന് റിമാൻഡ് റിപ്പോർട്ട് ശരിവയ്ക്കുന്നു. ക്രൈംബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണ സംഘമാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്.

പ്രതിഷേധത്തെത്തുടർന്ന് സർക്കാർ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ്. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് എന്നു സമർപ്പിക്കും എന്ന് യാതൊരു ഉറപ്പുമില്ല. പല കമ്മീഷനുകളുടെയും അന്വേഷണം വർഷങ്ങളായി ഇഴഞ്ഞുനീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിൽ കസ്റ്റഡി മരണവുംപെടും. പോലീസിനെ ജനാധിപത്യവത്ക്കരിക്കുക എന്നത് കേരളത്തിൽ ദീർഘകാലമായി ഉയരുന്ന ആവശ്യമാണ്. എന്നാൽ അതിനുള്ള നടപടികൾ അശേഷം മുന്നോട്ടുനീങ്ങിയിട്ടില്ല. എന്നുമാത്രമല്ല, പോലീസിന് മജിസ്റ്റീരിയൽ പദവികൂടി നൽകുവാനുള്ള നീക്കവുമായി മുന്നോട്ടുപോകുകയാണ് പിണറായി സർക്കാർ.

രാജ്കുമാർ കസ്റ്റഡിയിലുണ്ടായിരുന്ന ജൂൺ 15ന് മുണ്ടിയെരുമ സ്വദേശിയായ ഓട്ടോറിക്ഷാ ഡ്രൈവർ ഹക്കീമിന് ക്രൂരമായ മർദ്ദനം ഏറ്റിരുന്നുവെന്ന വാർത്തയും പുറത്തുവന്നിട്ടുണ്ട്. രാജ്കുമാർ കേസിൽ നാട്ടുകാർക്കെതിരെ കേസെടുത്തിരിക്കുന്നതും അപലപനീയമാണ്. നെടുങ്കണ്ടം കസ്റ്റഡി മരണം ഉയർത്തുന്ന മനുഷ്യാവകാശ ലംഘനം ഗുരുതരമാണ്. കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കിക്കൊണ്ടുമാത്രമേ ഇത്തരം കുറ്റകൃത്യങ്ങൾക്ക് തടയിടാനാകൂ. ഇതിനായി അതിശക്തമായ ജനകീയ മുന്നേറ്റം വളർന്നുവരേണ്ടതുണ്ട്. ■

## ബീഹാറിൽ മസ്തിഷ്കജ്വരം ബാധിച്ച് 150ഓളം കുട്ടികൾ മരിച്ച സംഭവത്തിൽ രാജ്യവ്യാപകമായ പ്രതിഷേധം വളർത്തിയെടുക്കുക

(എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ജൂൺ 22ന് പുറപ്പെടുവിച്ച പ്രസ്താവന)

**മ**സ്തിഷ്കജ്വരം ബാധിച്ച് ബീഹാർ സംസ്ഥാനത്ത് 150 കുട്ടികൾ ഇതുവരെ മരിച്ചു എന്നതും മരണം തുടരുന്നതും തികച്ചും അപലപനീയവും ഞെട്ടിപ്പിക്കുന്നതും ദുഃഖകരവുമാണ്. ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കടുത്ത അവഗണനയാണ് കാര്യങ്ങൾ ഇത്രയും വഷളാക്കിയത്, തെരഞ്ഞെടുപ്പ് വിജയത്തിന്റെ ആഘോഷത്തിമിർപ്പിൽ മുഴുകിയിരുന്ന അവർ കൃത്യസമയത്ത് നടപടിയെടുത്ത് കുട്ടികളുടെ ജീവൻ രക്ഷിക്കുവാൻ ശ്രമിച്ചില്ല. ജൂൺ മാസാദ്യം, ബീഹാറിലെ 16 ജില്ലകളിലായി 600 കുട്ടികൾക്ക് മസ്തിഷ്കജ്വരം ബാധിക്കുകയും അത് പിന്നീട് പടർന്നുപിടിക്കുകയുമാണ് ഉണ്ടായത്.

ആവശ്യത്തിന് ഡോക്ടർമാരും നഴ്സുമാരും ഉപകരണങ്ങളും ഉൾപ്പെടെയുള്ള മെഡിക്കൽ സപ്പോർട്ട് നൽകുന്നതിന് ഏറ്റവും ഉയർന്ന പരിഗണന നൽകണമെന്നും ആവശ്യമെങ്കിൽ ബന്ധപ്പെട്ട അന്തർദേശീയ സംഘടനകളുടെ സഹായം തേടിക്കൊണ്ട്, രോഗം പരക്കാതിരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. ഈ ദുരന്തത്തിന് പ്രത്യേക ഉത്തരവാദികൾ ആരെന്ന് കണ്ടെത്താൻ അന്വേഷണം നടത്തണമെന്നും അവർക്ക് കടുത്ത ശിക്ഷ നൽകണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. കുട്ടികളുടെ മരണം ഹൃദയഭേദകമാണ്. എത്ര കടുത്ത ദുഃഖത്തിനും അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും അവരുടെ നഷ്ടത്തിന് പരിഹാരമുണ്ടാക്കാനും കഴിയുകയില്ലെങ്കിലും, സർക്കാർ മരിച്ചവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. എസ്‌യുസിഐ(സി) ജൂൺ 24ന് എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും പ്രതിഷേധ ദിനമായി ആചരിക്കുവാനും ബന്ധപ്പെട്ട ഗവർണർമാർക്ക് നിവേദനം കൊടുക്കുവാനും തീരുമാനിച്ചിരിക്കുകയാണ്. സർക്കാരുകൾക്കും അധികൃതർക്കുംനേരെ സമ്മർദ്ദം ചെലുത്തുവാനായി പ്രതിഷേധ പരിപാടികളിൽ വൻതോതിൽ അണിനിരക്കുവാൻ രാജ്യത്തെ ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■




ജനകീയ പ്രതിരോധ സമിതി തിരുവനന്തപുരം ജില്ലാ സെക്രട്ടറി ജി.ആർ.സുഭാഷ് പ്രഭാഷണം നടത്തുന്നു.

## കേരള നവോത്ഥാനം – പ്രഭാഷണം

**കേ**രള നവോത്ഥാനം എന്ത്? എന്തിന്? എന്ന വിഷയത്തിൽ ജനകീയ പ്രതിരോധ സമിതി പള്ളിപ്പുറം മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ 16ന് പ്രഭാഷണം സംഘടിപ്പിച്ചു. പള്ളിപ്പുറം കെപിഎംഎസ് ശാഖാമന്ദിരത്തിൽ നടന്ന പരിപാടിയിൽ ജനകീയ പ്രതിരോധ സമിതി തിരുവനന്തപുരം ജില്ലാ സെക്രട്ടറി ജി.ആർ.സുഭാഷ് മുഖ്യപ്രഭാഷണം നടത്തി. കേരള നവോത്ഥാന പ്രസ്ഥാനത്തെ ശരിയായി മനസ്സിലാക്കികൊണ്ട് മാത്രമേ ഇന്നത്തെ പ്രതിലോമകരമായ സാഹചര്യത്തെ മാറ്റിതീർക്കാനുള്ള പ്രവർത്തനം നടത്താൻ പുരോഗമന കാംക്ഷികൾക്ക് സാധിക്കൂകയുള്ളുവെന്ന് അദ്ദേഹം പറഞ്ഞു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി എം.ഷാജർഖാൻ മുഖ്യാതിഥിയായിരുന്നു.

തുടർന്ന് നടന്ന വിദ്യാർത്ഥികൾക്കുള്ള പഠനോപകരണവിതരണം എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി ഗോവിന്ദ് ശശി ഉദ്ഘാടനം ചെയ്തു. എൻജിഒ അസോസിയേഷൻ മുൻ നേതാവ് വാഹീദ് സംസാരിച്ചു. ജനകീയ പ്രതിരോധ സമിതി പള്ളിപ്പുറം മേഖലാ കൺവീനർ മധു പള്ളിപ്പുറം അദ്ധ്യക്ഷത വഹിച്ചു. എ.ഷൈജു സ്വാഗതവും കെ.സുധൻ നന്ദിയും പറഞ്ഞു. ■

## സതി സമ്പ്രദായത്തെ മഹത്വവൽക്കരിക്കൽ...

(5-ാം പേജിൽ നിന്ന്)

ണാൻ കഴിയാത്തതുകൊണ്ടാണ് ഈ ആശങ്ക ഉണ്ടാകുന്നത്. മതവും മതാചാരങ്ങളും രണ്ട് വ്യത്യസ്ത സംഗതികളാണ്. മാറിയ സാമൂഹിക സാഹചര്യങ്ങൾക്കൊത്ത് ആചാരങ്ങൾ ഇതിനുമുമ്പ് മാറിയിട്ടുണ്ട്, ഇനി മാറുകയും ചെയ്യും. അതിനാൽ നിലവിലുള്ള മതാചാരങ്ങളിൽ മാറ്റം വരുത്താൻ വേണ്ടി പൊരുതുന്നവരുടെമേൽ മതവിരോധമോ മതനിഷേധമോ ആരോപിച്ചുകൂട. ഒരു യഥാർത്ഥ മുസ്ലിം ആയിരുന്നിട്ടും കമാൽ അത്താത്തുർക്ക് ജനാധിപത്യ തുർക്കിയുടെ പുരോഗതിക്ക് പ്രതിബന്ധമായ മുസ്ലിം മതാചാരങ്ങൾക്കെതിരെ സമരം ചെയ്തില്ലേ? തന്റെ നാട്ടിൽ നിരവധി ഇസ്ലാമിക മതാചാരങ്ങളും സ്ഥാപനങ്ങളും ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുന്ന നാസർ ഒരു മുസ്ലീം അല്ലേ! ഇസ്ലാമിക മതാചാരങ്ങൾ പ്രായേണ ഒന്നുംതന്നെ അനുഷ്ഠിക്കാതിരുന്ന ജിന്ന ഒരു മുസ്ലിം അല്ലെന്ന് ഏതെങ്കിലും മുസ്ലിം പറയുമോ? മുമ്പ് അനുഷ്ഠിച്ചിരുന്ന പല മതാചാരങ്ങളും ഇന്ന് ഹിന്ദുക്കൾ ഉപേക്ഷിച്ചിട്ടില്ലേ? ഇന്നത്തെ സാമൂഹിക ആവശ്യങ്ങൾക്ക് നിരക്കാത്ത എല്ലാത്തരം മതാചാരങ്ങൾക്കുമെതിരെ ജനാധിപത്യ പ്രസ്ഥാനം അനവരതം പൊരുതുകതന്നെ ചെയ്യും. എന്നാൽ മതത്തിനെതിരെ അല്ല ഈ പോരാട്ടം”(2)

പുരുഷന്മാർക്കുള്ള എല്ലാ അവകാശങ്ങളും സ്ത്രീകളും അനുഭവിക്കുന്ന ഒരു യഥാർത്ഥ ജനാധിപത്യ സമൂഹത്തിൽ സതി എന്ന ആചാരം തികച്ചും അസംഗതവും ചിന്തിക്കാൻ കൂടി കഴിയാത്തതുമാണ്. ഈ ക്രൂരകൃത്യത്തെ മഹത്വവൽക്കരിക്കുന്നത് തടയാൻ നേരായി ചിന്തിക്കുന്നവർ ഉറച്ചുനിന്ന് പോരാടുന്നില്ലെങ്കിൽ തെറ്റായ ആശയങ്ങൾ ഗൂഢമായി ജനമനഃസാക്ഷിയിൽ വേരുറപ്പിക്കും. ■

*(1)കർണിസേന: ഈ സംഘടന 2006 സെപ്റ്റംബർ 23ന് ജയ്പൂരിലെ ചോത്വാര പ്രദേശത്ത് മുഖ്യമായും തൊഴിൽരഹിതരായ രാജപുത്ര യുവാക്കൾ രൂപീകരിച്ചതാണ്. രജപുത്രരുടെ അഭിമാനവും മഹിമയും സംരക്ഷിക്കാനാണത്രേ ഈ സംഘടന രൂപീകരിച്ചത്. രജപുത്രർക്ക് സർക്കാർ ജോലിയിലും വിദ്യാഭ്യാസത്തിലും ജാതി അധിഷ്ഠിത സംവരണം ഏർപ്പെടുത്തുക എന്നതാണ് ഇതിന്റെ പ്രധാന ആവശ്യം. രജപുത്ര വ്യക്തിത്വങ്ങളെ പാഠപുസ്തകങ്ങളിൽനിന്ന് തഴയുന്നതിനെ ചെറുക്കുക, സർക്കാരിൽ രജപുത്ര ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിൽ സഹായിക്കുക എന്നിവയൊക്കെ ഇവരുടെ മറ്റാവശ്യങ്ങളിൽപ്പെടുന്നു.*

*(2)വർഗ്ഗീയതാ പ്രശ്നത്തെപ്പറ്റി -ശിബ്ദാസ് ഘോഷ്-ഒന്നാം പതിപ്പ്, 1964.*

# വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

**സമുന്നത മാർക്സിസ്റ്റ് തത്വചിന്തകനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷ് 1967 ൽ കൽക്കത്തയിൽ നടന്ന ഒരു സ്കൂൾ ഓഫ് പൊളിറ്റിക്സിൽ, വിജ്ഞാന ശാസ്ത്രത്തെക്കുറിച്ചും വൈരുദ്ധ്യാത്മക ഭൗതികവാദത്തെ ആഴത്തിൽ വിശകലനം ചെയ്തുകൊണ്ടും നടത്തിയ പ്രസംഗമാണ് ‘വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി’ എന്ന കൃതിക്ക് ആധാരമായിട്ടുള്ളത്. അതിന്റെ മലയാള പരിഭാഷയാണ് താഴെ കൊടുത്തിരിക്കുന്നത്. 2019 ആഗസ്റ്റ് മാസം 10,11,12 തീയതികളിൽ കേരളത്തിൽ നടക്കുന്ന സ്കൂൾ ഓഫ് പൊളിറ്റിക്സിന് മുന്നോടിയായി സഖാക്കളുടെ പഠനത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കൃതികളിലൊന്നാണിത്.**

സഖാക്കളെ,

ഇന്ന് നമ്മൾ ചർച്ച ചെയ്യുന്ന വിഷയം വൈരുദ്ധ്യാത്മക ഭൗതികവാദമാണ്. അതിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഒരുകാര്യം നാം വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. അറിയേണ്ടതിന്റെ ആവശ്യകതയെന്ത് എന്നതാണത്. അതായത്, വിജ്ഞാനം ആർജ്ജിക്കുന്നതിന്റെ ലക്ഷ്യമെന്താണ്? ശരിയായ അറിവിനെക്കുറിച്ചുള്ള നമ്മുടെ മനസ്സിലാക്കൽ എന്തായിരിക്കണം? നമ്മൾ അറിവുനേടാനേ ശ്രമിച്ചിട്ടില്ലെന്നിരിക്കട്ടെ. നമുക്ക് ഒന്നുമറിയില്ലെങ്കിൽ, യാതൊന്നും മനസ്സിലാക്കിയിട്ടില്ലെങ്കിൽ, അതൊരു പ്രശ്നമാണോ? നമ്മൾ ഇന്നേവരെ ഒരു വിജ്ഞാനവുമാർജ്ജിച്ചിട്ടില്ലെങ്കിൽ എന്താണ്? ഇല്ല, അറിവില്ലാതെ നമുക്ക് മുന്നോട്ടുപോകാനാവില്ല, ഒരടി മുന്നോട്ടുവയ്ക്കാനാവില്ല, നമുക്ക് നാഗരികത പടുത്തുയർത്തോനോ ചുറ്റുപാടുകൾ അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങളെ മറികടക്കാനോ പ്രകൃതിയുടെമേൽ നിയന്ത്രണങ്ങളേർപ്പെടുത്താനോ കഴിയില്ല. അതായത്, പ്രകൃതിശക്തികളെ വരുതിയിലാക്കി ജീവിതം സുന്ദരമാക്കുക അസാദ്ധ്യമായിത്തീരും. വിജ്ഞാനം ജീവിത പ്രശ്നങ്ങളുമായി അഭേദ്യബന്ധം പുലർത്തുന്നില്ലെങ്കിൽ, ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ അത് ഒരു സ്വാധീനവും ചെലുത്തുന്നില്ലെങ്കിൽ, അതായത്, നേടുന്ന അറിവ് ജീവിതത്തിൽ പ്രയോഗിക്കുന്നില്ലെങ്കിൽ – അത്തരം അറിവ് നേടുകയും പരിപോഷിപ്പിക്കുകയും ചെയ്തില്ലെങ്കിലും കുഴപ്പമില്ല എന്നാണ് എന്റെ അഭിപ്രായം. യഥാർത്ഥ വിജ്ഞാനത്തിന് ജീവിതസമരത്തിൽനിന്ന് അന്യമായി നിൽക്കാനാവില്ല. ഈ ധാരണ എങ്ങനെയുണ്ടായി? മനുഷ്യൻ ഭൂമുഖത്ത് പ്രത്യക്ഷപ്പെട്ട അന്നുമുതൽ അവൻ നടത്തിയ പോരാട്ടങ്ങളെക്കുറിച്ച് ശരിയായി മനസ്സിലാക്കിയപ്പോഴാണ് ഈ സത്യം നമുക്ക് ബോദ്ധ്യമായത്.

### സമരത്തിൽനിന്ന് വേർപെട്ടുകൊണ്ട് ആർക്കും വിജ്ഞാനം ആർജ്ജിക്കാൻ കഴിയില്ല

അതിജീവനത്തിനായിട്ടാണ് മനുഷ്യൻ പ്രകൃതിയുമായി സമരത്തിലേർപ്പെട്ടത് എന്ന കാര്യം നമുക്കറിയാം. ഈ സമരം ആരംഭിച്ചതോടെ മനുഷ്യൻ അല്പമായിട്ടാണെങ്കിലും ചിന്തിക്കാൻ തുടങ്ങി. അതോടെ ആശയം രൂപപ്പെടാനാരംഭിച്ചു. അന്ന് മനുഷ്യചിന്ത പ്രാരംഭഘട്ടത്തിലായിരുന്നെങ്കിലും പ്രതികൂലമായ പ്രകൃതിശക്തികൾക്കെതിരെ, വിപരീത സാഹചര്യങ്ങൾക്കെതിരെ പൊരുതിക്കൊണ്ടുതന്നെ നേട്ടങ്ങളെ അവൻ മുറുകെ പിടിച്ചു. മനുഷ്യൻ പ്രകൃതിയുമായും ചുറ്റുപാടുകളുമായും നടത്തിയ ആ പോരാട്ടത്തിൽ നിന്നാണ് വിജ്ഞാനം ഉദയം ചെയ്തത്. അതിജീവനത്തിനുള്ള സമരമാണ് ആദിമകാലം മുതൽ മനുഷ്യൻ നടത്തിയത്. അതിജീവനത്തിനായുള്ള ഈ ത്വര പ്രധാനമായും ജീവശാസ്ത്രപരമായിരുന്നു. ഇന്ദ്രിയങ്ങളിലൂടെ സംവേദനം നടത്താനും അതിന്റെയടിസ്ഥാനത്തിൽ പേശികളെ ചലിപ്പിക്കാനും കഴിയുന്ന ഘട്ടവുംപിന്നിട്ട്, മനുഷ്യമസ്തിഷ്കം ഭ്രൂണാവസ്ഥയിലെങ്കിലും ചിന്തിക്കാനും ഏറ്റവും പ്രാഥമിക രൂപത്തിലുള്ള ആശയം രൂപീകരിക്കാനുമുള്ള ശേഷി കൈവരിച്ചതിനുശേഷവും, മനുഷ്യനെ നയിച്ചിരുന്നത് സഹജവാസന തന്നെയായിരുന്നു. നിലനിൽക്കണമെങ്കിൽ അവന് പ്രകൃതിയോട് മല്ലടിക്കേണ്ടിയിരുന്നു. അർഹതയുള്ളത് അതിജീവിക്കുമെന്ന ജന്തുലോകത്തെ നിയമമാണ് പ്രധാനമായും മനുഷ്യജീവിതത്തെയും ഭരിച്ചിരുന്നത്. സമരവും പോരാട്ടവുമൊന്നുമില്ലാതെ ആശയവും ചിന്തയും വിജ്ഞാനവുമൊക്കെ നിലനിൽക്കുന്നതായി സങ്കല്പിച്ചുനോക്കൂ. അത് അസാദ്ധ്യമാണ്. അതൊരിക്കലും യാഥാർത്ഥ്യത്തിന് നിരക്കുന്നതാവില്ല. അപ്പോൾ ആശയം സമരത്തിലൂടെയാണ് ഉടലെടുക്കുന്നത്. സമരം ആശയത്തിനും അറിവിനുമൊക്കെ ജന്മം നൽകുകയാണ് ചെയ്യുന്നത്. അങ്ങനെയെങ്കിൽ വിജ്ഞാനത്തെ ആ സമരത്തിൽനിന്ന് വേർപെടുത്താൻ കഴിയുന്നതെങ്ങനെ? അതിനുശ്രമിച്ചാൽ വിജ്ഞാനത്തിന്റെ അന്ത്യമായിരിക്കും സംഭവിക്കുക.

ഈ തിരിച്ചറിവിൽനിന്ന് ആദ്യമായി മാർക്സിസം ഒരുകാര്യം ഉറപ്പിച്ചുപറയുന്നു: പ്രവർത്തനത്തിന് പ്രേരണയാകാത്ത, സമരത്തിന് പ്രേരിപ്പിക്കാത്ത, അവനവന്റെതന്നെ പരിവർത്തനത്തിന് പ്രചോദനം നൽകാത്ത, പ്രകൃതിയിലും ബാഹ്യലോകത്തും മാറ്റം കൊണ്ടുവരുന്നതിൽ പങ്കുവഹിക്കാത്ത, വിജ്ഞാനം വന്ധ്യമാണ്. അത് വെറും ചവറാണ്. അത് കൈയൊഴിയുന്നതാണ് നല്ലത്. അത് തലച്ചോറിന് ഭാരമാകുകയും ക്രിയാശേഷി ചോർത്തി മനുഷ്യനെ ശക്തിഹീനനാക്കുകയും ചെയ്യുന്നു. മാർക്സിസം കേവലം നിരീശ്വരവാദത്തിന്റെ തത്വശാസ്ത്രമല്ല എന്ന് അറിയാമല്ലോ. എന്നാൽ അത് ഈശ്വരവാദത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നു. എന്നിട്ടും, വിശ്വാസം ആഴത്തിൽ വേരോടിയിട്ടുള്ള ഒരു സമൂഹത്തിൽ, ജനഹൃദയങ്ങളിൽ സ്ഥാനമുറപ്പിക്കാൻ മാർക്സിസത്തിന് കഴിഞ്ഞതെന്തുകൊണ്ട്? ആയിരക്കണക്കിന് വർഷങ്ങളായി നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾപോലും മനുഷ്യന്റെ പ്രയാണത്തെ തടയുന്നതിൽ പരാജയപ്പെടുകയല്ലേ? അന്ധവിശ്വാസങ്ങളുടെയും മുൻവിധികളുടെയും ചങ്ങലകൾ പൊട്ടിച്ച് സ്വതന്ത്രനാകാനും എല്ലാ പ്രതിബന്ധങ്ങളെയും പ്രതികൂലാവസ്ഥകളെയും തരണംചെയ്ത് മുന്നേറാനും മനുഷ്യന് കരുത്തുപകരുന്നതെന്താണ്? അവന്റെ ജീവിതാവശ്യങ്ങൾ തന്നെ; നിലനിൽപിനായി അവന് പൊരുതി മുന്നേറുകയേ മാർഗ്ഗമുള്ളൂ. ഈ മുന്നേറ്റത്തിന്, ജീവിതം മുന്നോട്ടുനീക്കാൻ കരുത്താവശ്യമാണ്. അതിന് പോരാട്ടവീര്യം പകരുന്ന അറിവ് നേടുകയും അതിന്റെയടിസ്ഥാനത്തിൽ സ്വയം പരിവർത്തനപ്പെടുത്തുകയും വേണം. സ്വയം പരിവർത്തനം നേടാനായാൽ ലോകത്തെ മാറ്റാനും മനുഷ്യന് കഴിയും. അതായത്, യഥാർത്ഥ ജ്ഞാനം സമരത്തിൽനിന്ന് വേറിട്ടുനിൽക്കുന്നതേയല്ല. അതുകൊണ്ടുതന്നെ പ്രവൃത്തിയിൽനിന്ന് അന്യമായി നിൽക്കുന്ന ജ്ഞാനം എന്നതേ ഉദിക്കുന്നില്ല. ഓരോ വിഷയത്തിന്റെയും വിശദാംശങ്ങൾവരെ മനസ്സിലാക്കാനും അതിന്റെ എല്ലാ സവിശേഷതകളും ഗ്രഹിക്കാനും സഹായകമായ അറിവാണ് ആർജിക്കേണ്ടത്. ജ്ഞാനം അതുകൊണ്ടുതന്നെ യുക്തിബോധത്തിലധിഷ്ഠിതമായിരിക്കണം. തെളിയിക്കപ്പെട്ട സത്യത്തെ ആധാരമാക്കിയുള്ള ആ ജ്ഞാനമാണ് നമ്മൾ ആർജ്ജിക്കേണ്ടത്.

എന്തുകൊണ്ടാണ് ഇന്ത്യയിലെ ജനങ്ങൾ, മറ്റുപല തത്വചിന്തകളുണ്ടായിട്ടും, മാർക്സിസം അഥവാ വൈരുദ്ധ്യാത്മക ഭൗതികവാദം ചർച്ച ചെയ്യുന്നത് എന്നതാണ് നമ്മൾ രണ്ടാമതായി മനസ്സിലാക്കേണ്ട കാര്യം. ഇതിന് സാമാന്യേന പറയാവുന്ന ഒരു ഉത്തരം ഇതാണ്. നമ്മൾ മാർക്സിസ്റ്റുകളെന്ന് സ്വയം കരുതുന്നതുകൊണ്ട് വൈരുദ്ധ്യാത്മക ഭൗതികവാദം ചർച്ച ചെയ്യുന്നു. മാർക്സിസ്റ്റുകളാകണമെങ്കിൽ മാർക്സിസത്തിന്റെ തത്വചിന്താപരമായ അടിത്തറയെക്കുറിച്ച്, വൈരുദ്ധ്യാത്മക ഭൗതികവാദത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാകുകയും അത് യഥാർത്ഥത്തിൽ സ്വാംശീകരിക്കുകയും വേണം. നമ്മുടെ ജീവിതത്തിൽ, സർവ്വമാന പ്രവർത്തന മണ്ഡലങ്ങളിലും അത് ശരിയായി പ്രയോഗിക്കണം. ഇങ്ങനെ പറയുമ്പോൾ, വൈരുദ്ധ്യാത്മക ഭൗതികവാദത്തെക്കുറിച്ചുള്ള ചർച്ചയ്ക്ക് മാർക്സിസ്റ്റുകൾക്കിടയിൽ മാത്രമേ പ്രസക്തിയുള്ളൂ എന്ന് തോന്നിയേക്കാം. മാർക്സിസം പഠിക്കാനോ സ്വീകരിക്കാനോ ആഭിമുഖ്യം കാണിക്കാത്ത ഒരാൾ, മാർക്സിസ്റ്റ് വീക്ഷണത്താൽ നയിക്കപ്പെടണമെന്ന് കരുതാത്ത ഒരാൾ, വൈരുദ്ധ്യാത്മക ഭൗതികവാദം പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ട ആവശ്യമേയില്ല. മറ്റുചിലരെ സംബന്ധിച്ചിടത്തോളം വൈരുദ്ധ്യാത്മക ഭൗതികവാദം മറ്റ് പല തത്വചിന്തകളെപ്പോലെ ഒന്നുമാത്രം. അവർ മറ്റുപല തത്വചിന്തകളെയുംപോലെ ഇതും എന്താണെന്നറിയാനുള്ള താല്പര്യംകൊണ്ട് പഠിക്കുന്നു. ഈ കാഴ്ചപ്പാടുകളൊന്നും എനിക്ക് അംഗീകരിക്കാനാവില്ല. എന്റെ അഭിപ്രായത്തിൽ വൈരുദ്ധ്യാത്മക ഭൗതികവാദം പഠിക്കേണ്ടതിന്റെ ആവശ്യകത ഇതൊന്നുമല്ല. ഇന്നത്തെ കാലഘട്ടത്തിൽ വിവിധ പ്രശ്നങ്ങളെ കൃത്യമായി ഗ്രഹിക്കാൻ കഴിയുംവിധം അവയിലേയ്ക്ക് ശരിയാംവണ്ണം വെളിച്ചം വീശാൻ മനുഷ്യന്റെ കൈയിലുള്ള ഒരേയൊരു ഉപകരണം വൈരുദ്ധ്യാത്മക ഭൗതികവാദം മാത്രമാണ്. നമുക്ക് സത്യം അറിയണം, ജീവിത യാഥാർത്ഥ്യങ്ങൾ ശരിയായി ഉൾക്കൊള്ളണം. ഓരോ സംഭവങ്ങളുടെയും സത്യസ്ഥിതി മനസ്സിലാക്കണം എന്നുള്ളതുകൊണ്ടാണ് നമ്മൾ വൈരുദ്ധ്യാത്മക ഭൗതികവാദം പിന്തുടരുന്നത്. സത്യാന്വേഷണത്തിൽ വൈരുദ്ധ്യാത്മക ഭൗതികവാദം പിന്തുടരുകയും പ്രാവർത്തികമാക്കുയും ചെയ്യുന്നതിനാൽ നമ്മൾ ആ വീക്ഷണത്താൽ നയിക്കപ്പെടുകയും അങ്ങനെ നമ്മൾ മാർക്സിസ്റ്റുകളായിരിക്കുകയും ചെയ്യുന്നു.

### സത്യം എങ്ങനെ കണ്ടെത്താം?

സത്യം എങ്ങനെ കണ്ടെത്താമെന്നതിനെച്ചൊല്ലി വ്യത്യസ്ത അഭിപ്രായങ്ങളുണ്ട് എന്നത് ശരിയാണ്. സത്യം എങ്ങനെ അറിയാം, ചിന്തയും ആശയങ്ങളും ഉദയം ചെയ്യുന്നതെങ്ങനെ, ആശയമോ പദാർത്ഥമോ പ്രഥമം, ചിന്ത യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുന്നതെങ്ങനെ, അവ തമ്മിലുള്ള പരസ്പര ബന്ധമെന്ത്, സാമൂഹ്യ ജീവിതത്തെ സ്വാധീനിക്കുന്നതിൽ ചിന്ത അല്ലെങ്കിൽ ആശയം യഥാർത്ഥത്തിൽ വഹിക്കുന്ന പങ്കെന്താണ്, ഇക്കാര്യങ്ങളിലൊക്കെ ഏതാണ് ശരി, ഏതാണ് തെറ്റ് എന്നൊക്കെയുള്ള കാര്യങ്ങൾ വ്യക്തമാക്കുന്ന, സത്യാന്വേഷണത്തിന്റെ വിജ്ഞാനശാഖയാണ് വിജ്ഞാനശാസ്ത്രം. മൂർത്തമായ ഒരു സംഭവത്തെയോ പ്രതിഭാസത്തെയോ പരിശോധിക്കുന്നതിന്റെ നീതിശാസ്ത്രപരമായ സമീപനമെന്താണ്, സത്യാന്വേഷണത്തിന്റെ പാത അഥവാ സത്യമറിയുന്ന രീതി തുടങ്ങിയ സുപ്രധാന വിഷയങ്ങളൊക്കെ വിജ്ഞാന ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വൈ

*(ശേഷം 8-ാം പേജിൽ)*

# യഥാർത്ഥ വിജ്ഞാനത്തിന് ജീവിതസമരത്തിൽനിന്ന് വേറിട്ടുനിൽക്കാനാവില്ല

(7-ാം പേജിൽ നിന്ന്)

രുദ്ധ്യാത്മക ഭൗതികവാദംതന്നെ വളരെ പ്രസക്തമായ ഒരു കാര്യം ഉന്നയിച്ചിട്ടുണ്ട്. അതായത്, നമ്മൾ ഓരോ സംഭവവും ആശയവും ശരിയായി വിലയിരുത്തിയാണ് തീർപ്പ് കല്പിക്കുന്നത് എന്നത് ശരിതന്നെ. എന്നാൽ ഈ വിലയിരുത്തൽ സത്യമോ അസത്യമോ, ശരിയോ തെറ്റോ, എന്ന് എങ്ങനെ നിർണയിക്കാനാകും എന്നതാണ് പ്രധാനകാര്യം. സത്യമറിയാൻ നമ്മൾ പിന്തുടരേണ്ട രീതിശാസ്ത്രമെന്താണ്? മാർക്സിയൻ വിശകലന പ്രകാരം വൈരുദ്ധ്യാത്മക രീതിയാണ് സത്യമറിയാനായി നമ്മൾ അവലംബിക്കേണ്ടത്. മാർക്സ് പറഞ്ഞു എന്നതുകൊണ്ടുമാത്രം അത് അംഗീകരിക്കണം എന്നുണ്ടോ എന്ന് ചിലർ വാദിച്ചേക്കാം. നമ്മുടെ നാട്ടിൽ ശങ്കരാചാര്യർ ഒട്ടും പാണ്ഡിത്യവും അറിവും കുറഞ്ഞ ആളായിരുന്നില്ല. എന്നിട്ടും ശങ്കരാചാര്യർ മായാവാദത്തിൽ വിശ്വസിക്കുകയും അത് പ്രചരിപ്പിക്കുകയുമാണ് ചെയ്തത്. വൈരുദ്ധ്യാത്മക രീതിയെക്കുറിച്ച് അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല.

ഇക്കാര്യത്തിൽ വൈരുദ്ധ്യാത്മക ഭൗതികവാദം ഖണ്ഡിതവും മനോഹരവുമായ ഒരു വിശദീകരണം നൽകുന്നുണ്ട്. ഒരു കാര്യം ശരിയോ തെറ്റോ എന്ന് തീരുമാനിക്കുന്നതിനുമുമ്പ് ആ വിഷയത്തിൽ ആഴത്തിലുള്ള ഒരു പരിശോധന നടത്തേണ്ടതുണ്ട്. ആരാണ് അറിയാൻ ശ്രമിക്കുന്നത്, എന്താണ് അറിയുന്നത് എന്നതാണ് വിഷയം. മനുഷ്യനാണ് അറിയാൻ ശ്രമിക്കുന്നത് എന്ന് നമുക്കറിയാം. ഈ ബാഹ്യലോകത്തെക്കുറിച്ചുള്ള എല്ലാകാര്യങ്ങളും അയാൾ അറിയുന്നു. ഈ ഭൗതികലോകത്തെക്കുറിച്ചും ചുറ്റുപാടുകളെക്കുറിച്ചുമൊക്കെ അറിയുന്നു. ഈ പ്രപഞ്ചത്തിൽ തന്റെ സ്ഥാനമെന്തെന്നും എങ്ങനെയാണ് തന്റെ നിലനിൽപ്പെന്നും ഏതൊക്കെ ചുറ്റുപാടുകളിലും പരിതസ്ഥിതിയിലുമാണ് തന്റെ ജീവിതം മുന്നോട്ടുപോകുന്നതെന്നും ഈ പ്രപഞ്ചം പ്രവർത്തിക്കുന്നതെങ്ങനെയെന്നും പ്രപഞ്ചത്തിന്റെ പ്രവർത്തന തത്വങ്ങൾ തന്റെ ജീവിതത്തിലും ചുറ്റുപാടുകളിലും എന്ത് സ്വാധീനമാണ് ചെലുത്തുന്നതെന്നുമൊക്കെ അയാൾ അറിയുന്നു.

പഴയ ആത്മീയവാദ തത്വചിന്തയിൽ വിശ്വസിക്കുന്ന മതാചാര്യന്മാരും ആശയവാദികളും മാത്രമല്ല വൈരുദ്ധ്യാത്മക ഭൗതികവാദികളും പറയുന്നത് നമ്മൾ നമ്മളെത്തന്നെ അറിയുന്നു എന്നാണ്. സ്വന്തം വ്യക്തിസത്തയെയാണോ ബാഹ്യലോകത്തെയാണോ അറിയുന്നത് എന്നത് എങ്ങനെ മനസ്സിലാക്കുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. പഞ്ചേന്ദ്രിയങ്ങളിലൂടെയുള്ള സംവേദന, അനുഭൂതികളിലൂടെ നമ്മുടെ മനസ്സാണ് കാര്യങ്ങൾ അറിയുന്നത് എന്നാണ് വളരെയേറെക്കാലം മനുഷ്യൻ വിശ്വസിച്ചിരുന്നത്. പഞ്ചേന്ദ്രിയങ്ങളിലൂടെ മനസ്സ് ബാഹ്യലോകത്തെ ഗ്രഹിക്കുന്നു എന്നുപറയുന്നത് ഒരർത്ഥത്തിൽ ശരിയാണ്. എന്നാൽ ആഴത്തിൽ ചിന്തിക്കുമ്പോൾ ഇതിന്റെ പരിമിതി മനസ്സിലാകും. സൈക്കോളജിയിൽ മിഥ്യാബോധം എന്നൊരു പദമുണ്ട്. ഉദാഹരണത്തിന് ഒരു കയർ കാണുമ്പോൾ അത് പാമ്പാണെന്ന് തോന്നുന്നു. മനസ്സാണ് സത്യം അറിയുന്നത് എന്ന് കരുതിയാൽ ഇപ്രകാരം പല കുരുക്കുകളിലും ചെന്നുപെടും. എന്നാൽ കയർ ഒരിക്കലും പാമ്പ് ആകുന്നില്ല. അത് പാമ്പ് ആണെന്ന തോന്നൽ ഉളവാക്കുന്നു എന്നുമാത്രം. എന്തായാലും മനസ്സിന് അഥവാ മനുഷ്യബോധത്തിന് അതീതമായാണ് സത്യം നിലനിൽക്കുന്നത്. മനസ്സ് എങ്ങനെ ഗ്രഹിക്കുന്നു എന്നതിനനുസരിച്ച് സത്യവും മിഥ്യയും നിർണയിക്കപ്പെടുന്ന ആശയവാദ തത്വചിന്തയുടെ മനസ്സിലാക്കൽരീതി, സത്യം നിർണ്ണയിക്കാനുള്ള ഒരേയൊരു അടിസ്ഥാനമായി സ്വീകരിക്കാനാവില്ല എന്നർത്ഥം.

### പദാർത്ഥമാണ് പ്രഥമം ആശയം പിന്നീട് വരുന്നതാണ്

വ്യക്തതയ്ക്കുവേണ്ടി വിഷയം കുറച്ചുകൂടി ആഴത്തിൽ പരിശോധിക്കാം. തത്വചിന്ത എന്നാൽ എന്താണെന്നും ആശയവാദ തത്വചിന്തയും ഭൗതികവാദ തത്വചിന്തയും തമ്മിലുള്ള വ്യത്യാസം എന്താണെന്നും ആദ്യമേതന്നെ മനസ്സിലാക്കണം. ലോകത്തെ, പ്രകൃതിയെ, അതിന്റെ മാറ്റത്തെ, മനുഷ്യജീവിതത്തെ, ജീവിതപ്രശ്നങ്ങളെ ഒക്കെ നിരീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന വീക്ഷണമാണ് തത്വചിന്ത. തത്വചിന്ത രണ്ടുതരത്തിലുണ്ട് – ആശയവാദ തത്വചിന്തയും ഭൗതികവാദ തത്വചിന്തയും. മനസ്സും പദാർത്ഥവും തത്വചിന്തയുടെ പ്രഥമവും പ്രധാനവുമായ പരിഗണനയിൽ വരുന്ന രണ്ട് കാര്യങ്ങളാണ്. ഇവ രണ്ടും പരസ്പര ബന്ധിതമാണെന്ന് പല തത്വചിന്തകരും സമ്മതിക്കുന്നുണ്ട്. വൈരുദ്ധ്യ-സംഘർഷങ്ങളിലൂടെ ഒന്ന് മറ്റേതിന്റെമേൽ സ്വാധീനം ചെലുത്തുന്നു. എന്നാൽ, നിരന്തരവും വൈരുദ്ധ്യാത്മകവുമായ ഈ ബന്ധത്തെയും സ്വാധീനത്തെയും കുറിച്ചുള്ള ധാരണകൊണ്ടുമാത്രം മനസ്സും പദാർത്ഥവും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ച് സമഗ്രവും കൃത്യവുമായി മനസ്സിലാക്കാൻ കഴിയില്ല. ഇതിലേതാണ് പ്രഥമം എന്ന ചോദ്യം പിന്നെയും അവശേഷിക്കുന്നു. ഏതാണ് ആദ്യമുണ്ടായത്? ഈ മുൻഗണനാപ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. ഇക്കാര്യത്തിൽ വ്യക്തമായ ധാരണയില്ലെങ്കിൽ അടിമുടി ആശയക്കുഴപ്പം നിലനിൽക്കുമെന്നുറപ്പാണ്. തലച്ചോറ് പദാർത്ഥത്താൽ നിർമ്മിതമാണ്. മനസ്സ് അഥവാ ആശയം മനുഷ്യന്റെ തലച്ചോറിന്റെ ഒരു പ്രത്യേക ധർമ്മവും. പദാർത്ഥമാണ് പ്രഥമം എന്നാണിത് കാണിക്കുന്നത്.

പദാർത്ഥമാണ് പ്രഥമമെന്നും ആശയം അതിന്റെ ഉല്പന്നമല്ലാതെ മറ്റൊന്നുമല്ല എന്നുമുള്ള ധാരണയില്ലെങ്കിൽ വൈരുദ്ധ്യാത്മക ഭൗതികവാദത്തെക്കുറിച്ചുള്ള ഒരാളുടെ മനസ്സിലാക്കൽ അപൂർണവും സമഗ്രതയില്ലാത്തതുമായിരിക്കും. അതുപോലെതന്നെ, മനസ്സും പദാർത്ഥവും പരസ്പര വൈരുദ്ധ്യത്തിലൂടെയും സംഘർഷത്തിലൂടെയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതും ഒന്ന് മറ്റേതിന്റെമേൽ സ്വാധീനം ചെലുത്തുന്നതുമാണെന്ന ധാരണ വൈരുദ്ധ്യാത്മക ഭൗതികവാദികൾക്കല്ലാതെ മറ്റാർക്കുമില്ല എന്ന് അവകാശപ്പെടുന്നതും ശരിയായിരിക്കില്ല. ഉദാഹരണത്തിന് ബർട്രാൻഡ് റസ്സൽ, ജീൻപോൾ സാർത്ര് തുടങ്ങിയവരൊക്കെ ഈ ധാരണയുള്ളവരായിരുന്നു. എന്നാൽ പദാർത്ഥത്തിന്റെ പ്രാമുഖ്യം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ട് അവരൊക്കെ എവിടെ ചെന്നെത്തി എന്ന് നോക്കൂ. ഹെഗലിന്റെ വൈരുദ്ധ്യാത്മക ആശയവാദത്തിന്റെ മായിക വലയത്തിൽനിന്ന് മുക്തനായിട്ടും ഫൊയർബാഹിന് ആത്യന്തികമായി ഒരു വൈരുദ്ധ്യാത്മക ഭൗതികവാദി ആയിത്തീരാൻ കഴിയാതെപോയതും പദാർത്ഥത്തിന്റെ പ്രാമുഖ്യത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണയില്ലാത്തതുകൊണ്ടാണ്. അദ്ദേഹം മാനവവാദം ഒരു ശാശ്വതമായ ആദർശമാണെന്ന് കരുതുകയും ഒരു മാനവവാദി ആയിത്തീരുകയും ചെയ്തു.

എന്നാൽ റസ്സലാകട്ടെ, ഒരു നിരീശ്വരവാദി ആയിരുന്നിട്ടുപോലും ഒരു ആശയവാദിയായി അവശേഷിച്ചു. സാർത്രും ഒരു നിരീശ്വരവാദി ആയിരുന്നു. അദ്ദേഹത്തിനും ആശയവാദത്തിന്റെ നൂലാമാലയിൽനിന്ന് പുറത്തുവരാനായില്ല. വൈരുദ്ധ്യാത്മക ഭൗതികവാദം മാത്രമാണ് സമഗ്രമായ ഒരേയൊരു തത്വചിന്ത എന്ന് പിൽക്കാലത്ത് അദ്ദേഹം സമ്മതിക്കുന്ന സ്ഥിതിവരെയെത്തിയിരുന്നു. സാർത്രിനെയും റസ്സലിനെയും പോലെയുള്ളവർക്കുപോലും കമ്മ്യൂണിസ്റ്റുകളോ വിപ്ലവകാരികളോ ആകാൻ കഴിഞ്ഞില്ല എന്നാണിത് കാണിക്കുന്നത്. അവർ സയൻസിന്റെ കണ്ടുപിടുത്തങ്ങളൊക്കെ മനസ്സിലാക്കിയിരുന്നു. എന്നാൽ അത് മാത്രമാണോ സത്യത്തെ പ്രതിഫലിപ്പിക്കുന്നത് എന്നകാര്യത്തിൽ അവർക്ക് സംശയമുണ്ടായിരുന്നു. എന്താണ് യാഥാർത്ഥ്യം എന്നകാര്യത്തിലും അവർക്കിടയിൽത്തന്നെ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. സൂക്ഷ്മമായി പരിശോധിച്ചാൽ അവരുടെ നിലപാട് ഇപ്രകാരമാണെന്നുകാണാം: സയൻസിന്റെ കണ്ടെത്തലുകളെ അവർ അംഗീകരിക്കുന്നു, ആധുനിക ജീവശാസ്ത്രവും അവർ ശരിവയ്ക്കുന്നു; ജീവിവർഗ്ഗങ്ങളുടെ ഉല്പത്തിയെ സംബന്ധിച്ച സിദ്ധാന്തവും അവർ നിരാകരിക്കുകയോ വിലകുറച്ചുകാണുകയോ ചെയ്യുന്നില്ല. ഇങ്ങനെയൊക്കെ ആണെങ്കിലും, ചിന്തയും ആശയവും പദാർത്ഥത്തിന്റെ ധർമ്മങ്ങളെന്ന നിലയിൽ ഉദയംചെയ്തതാണെന്നും അവ തികച്ചും ഒരു പുതിയ സൃഷ്ടിയാണെന്നും മനുഷ്യൻ ഭൂമുഖത്ത് പ്രത്യക്ഷപ്പെട്ടതോടെ ആദ്യമായി നിലവിൽ വന്ന പ്രതിഭാസമാണെന്നുമൊക്കെ എല്ലാവരും അംഗീകരിക്കണമെന്നില്ല. ആശയം പദാർത്ഥത്തിൽ സനാതനമായി ഉൾച്ചേർന്നിരിക്കുന്നു എന്ന രീതിയിലാണ് ചിലരുടെ ചിന്ത. ഇന്ന് മനുഷ്യരിൽ കാണുന്ന ചിന്താശക്തിയുടെ രൂപത്തിലല്ല എക്കാലവും ആശയം പദാർത്ഥത്തിൽ ഉള്ളടങ്ങിയിരുന്നത്; അത് ചേതനയുടെ ഒരു മൂലധാതു എന്ന നിലയിലായിരുന്നു, മനുഷ്യൻ പ്രത്യക്ഷപ്പെട്ടതോടെ, പദാർത്ഥത്തിൽ പണ്ടേ ഉള്ളടങ്ങിയിരുന്ന ഈ മൂലവസ്തു തലച്ചോറിൽ പൂർണവളർച്ചയെത്തുകയായിരുന്നു. അവരുടെ ആശയങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്ന കാര്യമിതാണ്. അതായത് ചേതനയുടെ ഈ മൂലകത്തിന് തലച്ചോറിൽ പൂർണ പ്രഭാവത്തിലെത്താൻ വിശേഷാവസരം ലഭിക്കുകയായിരുന്നു. ഇന്ന് മനുഷ്യരിൽ കാണുന്ന ചിന്തയും ബോധവുമൊക്കെ അതിന്റെ പ്രകടിത രൂപങ്ങൾ മാത്രമാണ്. കൃത്യമായി പറഞ്ഞാൽ മനുഷ്യന്റെ തലച്ചോറിലാണ് അത് പൂർണരൂപത്തിൽ അവതരിക്കുന്നത് എ

(ശേഷം 9-ാം പേജിൽ)

**തത്വചിന്ത എന്നാൽ എന്താണെന്നും ആശയവാദ തത്വചിന്തയും ഭൗതികവാദ തത്വചിന്തയും തമ്മിലുള്ള വ്യത്യാസം എന്താണെന്നും ആദ്യമേതന്നെ മനസ്സിലാക്കണം. ലോകത്തെ, പ്രകൃതിയെ, അതിന്റെ മാറ്റത്തെ, മനുഷ്യജീവിതത്തെ, ജീവിതപ്രശ്നങ്ങളെ ഒക്കെ നിരീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന വീക്ഷണമാണ് തത്വചിന്ത. തത്വചിന്ത രണ്ടുതരത്തിലുണ്ട് – ആശയവാദ തത്വചിന്തയും ഭൗതികവാദ തത്വചിന്തയും. മനസ്സും പദാർത്ഥവും തത്വചിന്തയുടെ പ്രഥമവും പ്രധാനവുമായ പരിഗണനയിൽ വരുന്ന രണ്ട് കാര്യങ്ങളാണ്. ഇവ രണ്ടും പരസ്പര ബന്ധിതമാണെന്ന് പല തത്വചിന്തകരും സമ്മതിക്കുന്നുണ്ട്. വൈരുദ്ധ്യ-സംഘർഷങ്ങളിലൂടെ ഒന്ന് മറ്റേതിന്റെമേൽ സ്വാധീനം ചെലുത്തുന്നു. എന്നാൽ, നിരന്തരവും വൈരുദ്ധ്യാത്മകവുമായ ഈ ബന്ധത്തെയും സ്വാധീനത്തെയും കുറിച്ചുള്ള ധാരണകൊണ്ടുമാത്രം മനസ്സും പദാർത്ഥവും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ച് സമഗ്രവും കൃത്യവുമായി മനസ്സിലാക്കാൻ കഴിയില്ല. ഇതിലേതാണ് പ്രഥമം എന്ന ചോദ്യം പിന്നെയും അവശേഷിക്കുന്നു. ഏതാണ് ആദ്യമുണ്ടായത്? ഈ മുൻഗണനാപ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. ഇക്കാര്യത്തിൽ വ്യക്തമായ ധാരണയില്ലെങ്കിൽ അടിമുടി ആശയക്കുഴപ്പം നിലനിൽക്കുമെന്നുറപ്പാണ്. തലച്ചോറ് പദാർത്ഥത്താൽ നിർമ്മിതമാണ്. മനസ്സ് അഥവാ ആശയം മനുഷ്യന്റെ തലച്ചോറിന്റെ ഒരു പ്രത്യേക ധർമ്മവും. പദാർത്ഥമാണ് പ്രഥമം എന്നാണിത് കാണിക്കുന്നത്.**

# വൈരുദ്ധ്യാത്മക ഭൗതികവാദം ഒഴികെയുള്ള ഭൗതികവാദ തത്വചിന്തകളെല്ലാം ആശയവാദത്തിന്റെ വകഭേദങ്ങളാണ്

*(8-ാം പേജിൽ നിന്ന്)*

ന്നർത്ഥം. ഈ ആശയത്തിന്റെ ഉപജ്ഞാതാക്കൾ ഇതേ വാക്കുകളിലാണോ അവരുടെ കാഴ്ചപ്പാട് അവതരിപ്പിച്ചിരിക്കുന്നത് എന്നത് പ്രധാനമല്ല. അവരുടെ ചിന്ത വിശകലനവിധേയമാകുമ്പോൾ ലഭിക്കുന്ന സാരാംശം ഇതാണ്. അവർ സങ്കല്പിക്കുന്ന ഈ ചേതനയുടെ മൂലധാതു എല്ലാത്തിൽനിന്നും സ്വതന്ത്രമായിട്ടാണ് നിലനിൽക്കുന്നത് എന്നതാണ് അവരുടെ ചിന്തയിൽ പ്രകടമാകുന്ന ആശയക്കുഴപ്പം. അത് ലോകത്ത് പ്രത്യക്ഷപ്പെടുന്നത് ഈ രീതിയിലാണ്. അവർ വിഭാവനം ചെയ്യുന്ന ഈ ചിന്താശക്തി പദാർത്ഥത്തിന്റെ ഉല്പന്നമല്ലെന്നുമാത്രമല്ല പദാർത്ഥ നിയമങ്ങൾക്ക് വിധേയവുമല്ല. കേവലമായ സ്വതന്ത്രചിന്ത എന്ന ആശയം ഇത്തരം ചിന്താഗതിക്കാർക്ക് ലഭിക്കുന്നതിങ്ങനെയാണ്. വ്യക്തിസ്വാതന്ത്ര്യത്തെ പരമമായ അർത്ഥത്തിലാണ് അവർ മനസ്സിലാക്കിയിരിക്കുന്നത്. അവരുടെ അനുമാന സ്വഭാവത്തിലുള്ള ചിന്താഗതിപ്രകാരം സ്വാതന്ത്ര്യസങ്കല്പം എന്നത് സാമൂഹ്യസാഹചര്യങ്ങളാൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതല്ലെന്നുമാത്രമല്ല, അത് പരമവുമാണ്. പദാർത്ഥമോ ആശയമോ പ്രഥമം എന്ന വിഷയത്തിലുള്ള ആശയക്കുഴപ്പമാണ് ഇതിനുകാരണം – ആശയം പൂർണമായും പദാർത്ഥത്തിന് ബാഹ്യമായിട്ടുള്ളതാണെന്നോ അതല്ല ആശയം പദാർത്ഥത്തിന്റെ ഉല്പന്നമാണെന്നോ അവർ കരുതുന്നില്ല. മുതലാളിത്ത സാമൂഹ്യ വ്യവസ്ഥയ്ക്കുള്ളിൽ നിർത്തി ഈ വിഷയം നമുക്ക് പരിശോധിക്കാം. തടസ്സമില്ലാത്തതും സ്വതന്ത്രവുമായ വികാസം നേടി ജനാധിപത്യം ഉച്ചസ്ഥായിയിലെത്തിയത് നവോത്ഥാനകാലത്തായിരുന്നല്ലോ. അന്നുപോലും സ്വാതന്ത്ര്യ സങ്കല്പമെന്നത് പരമമായ സ്വാതന്ത്ര്യം എന്ന അർത്ഥത്തിലായിരുന്നില്ല മനസ്സിലാക്കിയിരുന്നത്. യുക്തിസഹമായ നിയന്ത്രണങ്ങളെന്ന ആശയവുമായി അത് അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ ഉപാധിരഹിതമായ അധികാരങ്ങളോടെയുള്ള ഭരണകൂടം എന്ന ആശയം അന്ന് ഉദയം ചെയ്തിരുന്നില്ല. എന്നാൽ ഇന്ന് മുതലാളിത്തം കുത്തകമുതലാളിത്തത്തിനും നിക്ഷേപ മൂലധനത്തിനും സാമ്രാജ്യത്വത്തിനും ജന്മം നൽകിയിരിക്കുന്നു. അതുവഴി അത് കടുത്ത പിന്തിരിപ്പൻ സ്വഭാവമാർജിച്ചിരിക്കുന്നു. ഭരണകൂടം അതോടൊപ്പം സർവ്വശക്തവും ഏകാധിപത്യപരവുമായ സ്വഭാവവും കൈവരിച്ചിരിക്കുന്നു. ഈ സാമൂഹ്യഘട്ടത്തിലെത്തിയപ്പോഴാണ് നമ്മൾ യാതൊരുവിധ നിയന്ത്രണങ്ങൾക്കും വിധേയമല്ലാത്ത പരമമായ സ്വാതന്ത്ര്യം എന്ന് കേൾക്കുന്നത്. ജീർണവും മരണാസന്നവുമായ മുതലാളിത്തത്തിന്റെ ഘട്ടത്തിലെ ഈ പരമമെന്ന ആശയത്തിന്റെ മുദ്രയാണ് സാർത്രിന്റെ ചിന്ത വഹിക്കുന്നത്.

**ആശയവാദത്തിന്റെയും ഭൗതികവാദത്തിന്റെയും രീതിശാസ്ത്ര സമീപനത്തിലെ വ്യത്യാസം**

സത്യമറിയുന്നതിനായി പിന്തുടരുന്ന രീതിശാസ്ത്രത്തിന്റെ കാര്യത്തിൽ ആശയവാദവും ഭൗതികവാദവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസമെന്താണ്? സത്യത്തെ നിർണയിക്കുന്നത് മനസ്സാണെന്ന് ഒരു കൂട്ടർ പറയുന്നു. അതായത് സത്യം സ്ഥിതിചെയ്യുന്നത് മനസ്സിലാണത്രെ. അതായത്, മനസ്സ് ഗ്രഹിക്കുന്നത് അല്ലെങ്കിൽ ചിന്തിക്കുന്നത് യഥാർത്ഥമോ അല്ലയോ എന്ന് പരീക്ഷണത്തിലൂടെ പരിശോധിക്കാനോ തെളിയിക്കാനോ നിർണയിക്കാനോ ഉള്ള അവസരം ഈ സമീപനപ്രകാരമില്ല. മനസ്സ് എന്നത് അഹംബോധമുള്ള, പ്രകൃത്യതീതമായ ഒരു അസ്തിത്വമാണ്. ഈ ചിന്താഗതിയെ അടിസ്ഥാനമാക്കി വളർന്നുവന്ന വീക്ഷണ സമ്പ്രദായമാണ് ആശയവാദം. അത് വ്യക്തിയുടെ ഗ്രാഹ്യത്തെയും ബോധത്തെയും പൂർണമായി ആശ്രയിക്കുന്നു. മറ്റേ തത്വചിന്തയാകട്ടെ മനസ്സിന്റെ പങ്ക് നിരാകരിക്കുന്നില്ലെങ്കിലും പരീക്ഷണത്തിലൂടെയുള്ള പരിശോധന, യഥാർത്ഥ ലോകത്തിന്റെ ശാസ്ത്രീയമായ വിശകലനം, ചരിത്രത്തിൽനിന്ന് ഉരുത്തിരിയുന്ന വിജ്ഞാനം എന്നിവയെ ആധാരമാക്കിയുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഈ തത്വചിന്താരീതിയെ നമ്മൾ ഭൗതികവാദം, കൃത്യമായി പറഞ്ഞാൽ വൈരുദ്ധ്യാത്മക ഭൗതികവാദം എന്ന് വിളിക്കുന്നു. എല്ലാ ആശയവാദ തത്വചിന്തകളും നിരീക്ഷണ, പരീക്ഷണങ്ങളെ നിരാകരിക്കുന്നു എന്ന് പറയുന്നത് ശരിയല്ല. അങ്ങനെ പറഞ്ഞാൽ അത് ചരിത്ര നിഷേധമാകും. ഇതൊക്കെ അംഗീകരിക്കുന്ന ആശയവാദ തത്വചിന്തകളുമുണ്ട്. ചുറ്റുപാടുകളും പരിതസ്ഥിതികളുമൊക്കെ മനസ്സിന്റെമേൽ പ്രവർത്തിക്കുന്നുവെന്നും മനസ്സിനെയും ചിന്തയെയും ആശയങ്ങളെയുമൊക്കെ സ്വാധീനിക്കുന്നുണ്ടെന്നുംവരെ അംഗീകരിക്കുന്ന ആശയവാദ തത്വചിന്തകളുമുണ്ട്. ഇങ്ങനെയുള്ള വ്യതിയാനങ്ങളൊക്കെ ഉണ്ടെങ്കിലും എല്ലാ ആശയവാദ തത്വചിന്തകൾക്കുമിടയിൽ ഐക്യത്തിന്റെയും സാദൃശ്യത്തിന്റെയും ഒരു അന്തർധാര പ്രവർത്തിക്കുന്നുണ്ട്. ആത്യന്തിക വിശകലനത്തിൽ മനസ്സാണ് സത്യം നിർണയിക്കുന്നത് എന്ന് എല്ലാവരും കരുതുന്നു എന്നതാണത്.

മറുവശത്ത്, ആശയവാദ തത്വചിന്തയിൽ പലവകഭേദങ്ങളുമുള്ളതുപോലെ ഭൗതികവാദ തത്വചിന്തയിലും വകഭേദങ്ങൾ കുറവല്ല. മനസ്സിന്റെ അസ്തിത്വം ആരും നിഷേധിക്കുന്നില്ലെങ്കിലും ചില ഭൗതികവാദ തത്വചിന്തകൾ മനസ്സിനെ ശരീരശാസ്ത്രപരമായ ഒരു പ്രവർത്തനമായാണ് കരുതുന്നത്. അവർ യാന്ത്രികമായാണ് കാര്യങ്ങൾ മനസ്സിലാക്കുന്നത്. ശരീരശാസ്ത്രപരമായ പ്രവർത്തനമാണ് സർവ്വപ്രധാനം എന്നാണ് അവരുടെ അഭിപ്രായം. മനസ്സിന്റെ അസ്തിത്വം അംഗീകരിക്കുമ്പോൾത്തന്നെ അതിന്റെ പങ്കിന് അവർ വലിയ പ്രാധാന്യം കൽപ്പിക്കുന്നില്ല. എന്നാൽ അടിസ്ഥാന കാര്യങ്ങളിൽ ഭൗതികവാദ തത്വചിന്തകൾ തമ്മിൽ ഐക്യമുണ്ട്താനും. നമ്മൾകാണുന്ന ഈ പ്രപഞ്ചം, ഭൗതികലോകം മനുഷ്യബോധത്തിൽനിന്ന് സ്വതന്ത്രമായി നിൽക്കുന്നു എന്ന കാര്യത്തിലാണ് ആ ഐക്യമുള്ളത്. സമീപനത്തിന്റെയും വിശകലനരീതിയുടെയും കാര്യത്തിൽ പല അഭിപ്രായവ്യത്യാസങ്ങളുമുണ്ടെങ്കിലും അവരുടെ ചിന്തയുടെ അടിസ്ഥാനം ഇതാണ്.

**ഔപചാരിക യുക്തിയും വൈരുദ്ധ്യാത്മക യുക്തിയും തമ്മിലുള്ള വ്യത്യാസം**

ഒരാൾ ഭൗതികവാദിയോ ആശയവാദിയോ ആകട്ടെ, ഒരു കാര്യം വിശകലനം ചെയ്യുമ്പോൾ അത് യുക്തിക്ക് നിരക്കുന്നതാവണം. ഇംഗ്ലീഷിൽ ഇതിന് ലോജിക് എന്നോ സയൻസ് ഓഫ് ലോജിക് എന്നോ പറയും. ഇത് രണ്ടുതരമുണ്ട്. സ്കൂളിലും കോളേജിലുമൊക്കെ ഇത് പഠിക്കുന്നുണ്ട്. ഇൻഡക്ടീവ് ലോജിക്കും ഡിഡക്ടീവ് ലോജിക്കുമാണവ. പ്രത്യേക പ്രതിഭാസങ്ങളുടെ വിശകലനങ്ങളെ സാമാന്യവൽക്കരിച്ച് സാമാന്യതത്വത്തിൽ അഥവാ പൊതുവായ സത്യത്തിൽ എത്തിച്ചേരുന്ന രീതിയാണ് ഇൻഡക്ടീവ് ലോജിക്. സത്യത്തെ സംബന്ധിച്ച സാമാന്യ ധാരണയുടെ അടിസ്ഥാനത്തിൽ പ്രത്യേക പ്രതിഭാസത്തെ വിശകലനം ചെയ്യുന്ന രീതിയാണ് ഡിഡക്ടീവ് ലോജിക്. ഇവിടെ ഒരുകാര്യം കൂടി വ്യക്തമാകേണ്ടതുണ്ട്. എല്ലാ തത്വചിന്തകൾക്കും, ശരിയായാലും തെറ്റായാലും, അവരുടേതായ ഒരു ന്യായയുക്തത പിന്തുടരേണ്ടതുണ്ട്. ഒരാൾ ഒരുകാര്യം സത്യമാണ്, എന്തുകൊണ്ടെന്നാൽ അത് യുക്തിക്ക് നിരക്കുന്നതാണ് എന്ന് പറയുമ്പോൾ, അത് വിമർശനാത്മകമായ ഒരു പരിശോധനയ്ക്ക് വിധേയമാകേണ്ടതുണ്ട് എന്നകാര്യം പ്രധാനമാണ്. ഒരാളുടെ നിഗമനം എത്രതന്നെ യുക്തിക്ക് നിരക്കുന്നതാണ് എന്ന് തോന്നിയാലും അയാൾ എന്ത് യുക്തിചിന്താപദ്ധതിയാണ് പിന്തുടർന്നത് എന്നത് പ്രധാനമാണ്. സാങ്കല്പിക ആശയങ്ങളെയോ ഔപചാരിക യുക്തിയെയോ അടിസ്ഥാനമാക്കിയുള്ള വിശകലനമാണ് അയാൾ നടത്തിയിരിക്കുന്നതെങ്കിൽ അയാളുടെ നിഗമനം പോരായ്മകളുള്ളതും അംഗീകരിക്കാനാവാത്തതുമായിരിക്കും. ശരിയായ നിഗമനത്തിലോ സത്യത്തിലോ എത്തിച്ചേരുന്ന പ്രക്രിയയെ അത് തകരാറിലാക്കുക തന്നെചെയ്യും. അതായത് ഒരു നിഗമനം യുക്തിക്ക് നിരക്കുന്നതെന്ന് തോന്നിയാലും ഒരു തെറ്റായ പരികൽപനയെ അടിസ്ഥാനമാക്കിയാണ് ആ നിഗമനത്തിലെത്തിയതെങ്കിൽ അത് ശരിയെന്ന് അംഗീകരിക്കാനാവില്ല.

മറ്റൊരു കോണിൽനിന്ന് ഈ വിഷയം പരിശോധിക്കാം. ലോജിക്കിൽ, ഔപചാരിക യുക്തി അഥവാ ഫോർമൽ ലോജിക് എന്നൊരു ശാഖയുണ്ട്. ഇത് ഇൻഡക്ടീവ്, ഡിഡക്ടീവ് രീതികൾ ഉൾക്കൊള്ളുന്നുണ്ട്. വളരെക്കാലത്തോളം സയൻസും മറ്റ് വിജ്ഞാന മേഖലകളും ഈ ഔപചാരിക യുക്തിയെ ആസ്പദമാക്കിയാണ് വികസിച്ചുവന്നിരുന്നത്. പിന്നീട് വൈരുദ്ധ്യാത്മക യുക്തി അഥവാ ഡയലക്ടിക്കൽ ലോജിക്, സയൻസിനെക്കുറിച്ചുള്ള സമഗ്ര ധാരണയുടെ അടിത്തറയിൽ, വികസിച്ചുവന്നു. ഇൻഡക്ടീവ്, ഡിഡക്ടീവ് രീതികൾ ഇവിടെയും പ്രയോഗിക്കുന്നു. അപ്പോൾ, ഔപചാരിക യുക്തിയും വൈരുദ്ധ്യാത്മക യുക്തിയും അവലംബിക്കുന്ന വിശകലന രീതികളിലെ വ്യത്യാസം എവിടെയാണ്?

ഔപചാരിക യുക്തി പ്രതിഭാസങ്ങളെ ഒറ്റപ്പെട്ട നിലയിൽ പരസ്പരം വേർപെടുത്തി കാണുന്നു. പ്രതിഭാസങ്ങൾ പരസ്പര ബന്ധത്തിലും ചുറ്റുപാടുകളുമായുള്ള പരസ്പര പ്രവർത്തനത്തിലും വൈരുദ്ധ്യത്തിലും സംഘർഷത്തിലുമാണെന്ന വസ്തുത കാണുന്നില്ല. അതായത്, പ്രതിഭാസങ്ങളെ ചലനരഹിതമായി, നിശ്ചലമായി കാണുന്നു. എല്ലാ പ്രതിഭാസങ്ങളും നിരന്തരമായ ഒരു പ്രവാഹത്തിലും നിരന്തര ചലനത്തിലുമാണെന്ന കാര്യവും കണക്കിലെടുക്കുന്നില്ല. അതായത് വ്യത്യസ്ത ഭൗതിക വസ്തുക്കളും സംഭവങ്ങളുമൊക്കെ പരസ്പര വൈരുദ്ധ്യത്തിലും സംഘർഷത്തിലും ചലനത്തിലുമാണെന്ന് മനസ്സിലാക്കാതെ അവയെയെല്ലാം പരസ്പരം വേറിട്ടുനിൽക്കുന്നതാ

*(ശേഷം 10-ാം പേജിൽ)*

**സത്യമറിയുന്നതിനായി പിന്തുടരുന്ന രീതിശാസ്ത്രത്തിന്റെ കാര്യത്തിൽ ആശയവാദവും ഭൗതികവാദവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസമെന്താണ്? സത്യത്തെ നിർണയിക്കുന്നത് മനസ്സാണെന്ന് ഒരു കൂട്ടർ പറയുന്നു. അതായത് സത്യം സ്ഥിതിചെയ്യുന്നത് മനസ്സിലാണത്രെ. അതായത്, മനസ്സ് ഗ്രഹിക്കുന്നത് അല്ലെങ്കിൽ ചിന്തിക്കുന്നത് യഥാർത്ഥമോ അല്ലയോ എന്ന് പരീക്ഷണത്തിലൂടെ പരിശോധിക്കാനോ തെളിയിക്കാനോ നിർണയിക്കാനോ ഉള്ള അവസരം ഈ സമീപനപ്രകാരമില്ല. മനസ്സ് എന്നത് അഹംബോധമുള്ള, പ്രകൃത്യതീതമായ ഒരു അസ്തിത്വമാണ്. ഈ ചിന്താഗതിയെ അടിസ്ഥാനമാക്കി വളർന്നുവന്ന വീക്ഷണ സമ്പ്രദായമാണ് ആശയവാദം. അത് വ്യക്തിയുടെ ഗ്രാഹ്യത്തെയും ബോധത്തെയും പൂർണമായി ആശ്രയിക്കുന്നു. മറ്റേ തത്വചിന്തയാകട്ടെ മനസ്സിന്റെ പങ്ക് നിരാകരിക്കുന്നില്ലെങ്കിലും പരീക്ഷണത്തിലൂടെയുള്ള പരിശോധന, യഥാർത്ഥ ലോകത്തിന്റെ ശാസ്ത്രീയമായ വിശകലനം, ചരിത്രത്തിൽനിന്ന് ഉരുത്തിരിയുന്ന വിജ്ഞാനം എന്നിവയെ ആധാരമാക്കിയുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഈ തത്വചിന്താരീതിയെ നമ്മൾ ഭൗതികവാദം, കൃത്യമായി പറഞ്ഞാൽ വൈരുദ്ധ്യാത്മക ഭൗതികവാദം എന്ന് വിളിക്കുന്നു.**

# യഥാർത്ഥ മാർക്സിസ്റ്റുകളാകണമെങ്കിൽ മാർക്സിസത്തിന്റെ തത്വചിന്തയായ വൈരുദ്ധ്യാത്മക ഭൗതികവാദം സ്വാംശീകരിക്കണം

*(9-ാം പേജിൽ നിന്ന്)*

യാണ് കാണുന്നത്. മറുവശത്ത് വൈരുദ്ധ്യാത്മക യുക്തിയാകട്ടെ, ഓരോ ഭൗതിക വസ്തുവിനെയും സംഭവത്തെയും ചുറ്റുപാടുകളുമായി ബന്ധപ്പെടുത്തി അതിന്റെ സാകല്യത്തിലാണ് വീക്ഷിക്കുന്നത്. അതായത് ചുറ്റുപാടുകളുമായുള്ള ബന്ധത്തിലും ചലനത്തിലും മറ്റു വസ്തുക്കളുമായുള്ള അതിന്റെ വൈരുദ്ധ്യത്തിലും ഐക്യത്തിലും കാണുന്നു. അതായത്, ഭൗതിക വസ്തുക്കളെയും പ്രതിഭാസങ്ങളെയും അവയുടെ ചുറ്റുപാടുകളെയും, ശാസ്ത്രീയ നിരീക്ഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും വിധേയമാക്കുന്നതിലൂടെ വെളിവാകുന്ന നിയമങ്ങളെ, ഏകോപിപ്പിക്കുകയും സാമാന്യവൽക്കരിക്കുകയും ചെയ്തുകൊണ്ടാണ് വൈരുദ്ധ്യാത്മക ഭൗതികവാദം അതിന്റെ വിശകലനരീതി വികസിപ്പിച്ചെടുത്തിട്ടുള്ളത് എന്നർത്ഥം. അതിനാൽ, വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ വിശകലന രീതി പ്രയോഗിച്ചുകൊണ്ട് മാത്രമേ നമുക്ക് ഏതൊരു വിഷയത്തിലും ശരിയും വസ്തുനിഷ്ഠവുമായ നിഗമനത്തിലെത്തിച്ചേരാൻ കഴിയൂ. ഒരു വിഷയത്തിൽ അല്ലെങ്കിൽ ഒരു പ്രതിഭാസത്തിൽ ഭാഗികമായ ധാരണ കൈവരിക്കാൻ ഔപചാരികയുക്തി പ്രയോഗിച്ചാൽ കഴിഞ്ഞേക്കാം. എന്നാൽ ഒരിക്കലും സമഗ്രമായ ധാരണ ലഭിക്കില്ല. അതുകൊണ്ടാണ് പ്രത്യക്ഷത്തിൽ യുക്തിപൂർവ്വമെന്ന് തോന്നുന്ന ഒരു നിഗമനം യഥാർത്ഥത്തിൽ സത്യമായിക്കൊള്ളണമെന്നില്ല എന്ന് മാർക്സിസം അടിവരയിടുന്നത്. അതുകൊണ്ടാണ്, മാർക്സിസം അഥവാ വൈരുദ്ധ്യാത്മക ഭൗതികവാദം കേവലം യുക്തിയുടെ അടിസ്ഥാനത്തിൽ മാത്രമുള്ള ഒരു തത്വചിന്തയല്ല എന്ന് പറയുന്നത്. വൈരുദ്ധ്യാത്മക ഭൗതികവാദം യുക്തിചിന്തയോട് വിടപറഞ്ഞിരിക്കുന്നു എന്ന വ്യാഖ്യാനം ഇതിന് നൽകരുത്. വൈരുദ്ധ്യാത്മകയുക്തി പ്രയോഗിച്ചുകൊണ്ട് ഏതൊരു കാര്യത്തിന്റെയും സമഗ്രവും സത്യസന്ധവുമായ അറിവ് നേടാൻ സഹായിക്കുന്ന ഒരേയൊരു ശാസ്ത്രീയ ഉപകരണം മാർക്സിസം മാത്രമാണ്.

ഈ വിഷയത്തിൽ എനിക്ക് തോന്നിയ ഒരു കാര്യംകൂടി അവതരിപ്പിക്കാം. ഇൻഡക്ടീവ് ലോജിക്കും ഡിഡക്ടീവ് ലോജിക്കും പരസ്പര പൂരകമാണെന്ന കാര്യം ഏതൊരാളും സമ്മതിക്കും. എന്നാൽ അതുകൊണ്ട് എല്ലാമായില്ല. മനുഷ്യൻ ഭൂമുഖത്ത് ആവിർഭവിക്കുകയും അവന്റെ ചിന്താശേഷി വികസിക്കുകയും ചെയ്തതോടെ അവന്റെ യുക്തിബോധം വളരുകയും ഇൻഡക്ടീവ്, ഡിഡക്ടീവ് പ്രക്രിയകൾ വികസിക്കുകയും ചെയ്തു. അവ പരസ്പര പൂരകം ആയതുകൊണ്ടുതന്നെ ഒരു രീതിയിൽ മറ്റേ രീതി നമുക്ക് ദർശിക്കാനാകും. ഇക്കാര്യം എല്ലാവരും അംഗീകരിക്കും. എന്നാൽ തർക്കശാസ്ത്ര വിദഗ്ദ്ധരോട് എനിക്ക് ചോദിക്കാനുള്ളത് ഈ രണ്ട് രീതികളിൽ ഒരു മുൻഗണനയുടെ പ്രശ്നമുണ്ടോ എന്നതാണ്. മനുഷ്യന്റെ ചിന്ത ഇതിൽ ഏത് രീതിയിലാണ് ആദ്യം പ്രവർത്തിച്ചത്? ഇതിൽ ഏത് രീതിയാണ് ആദ്യം നിലവിൽ വന്നത്? ഈ രീതിയിൽ വേണം ഈ വിഷയം മനസ്സിലാക്കാൻ. മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ ചർച്ചയിൽ ഈ വിഷയം മുമ്പ് കടന്നുവന്നതായി എന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. പക്ഷേ ഞാൻ അത് ഉന്നയിക്കുന്നു. ഓരോ പ്രതിഭാസത്തിലെയും സംഭവത്തിലെയും വൈരുദ്ധ്യ സംഘർഷങ്ങളിൽ നിന്ന് അതിന്റേതായ ചിന്തയുടെ അംശങ്ങൾ വികസിച്ചുവരികയും ഈ അംശങ്ങൾ തമ്മിലുള്ള വൈരുദ്ധ്യ സംഘർഷങ്ങളിലൂടെ ചിന്ത വികസിച്ചുവരികയുമാണുണ്ടായത് എന്ന് നമുക്കറിയാം. മനുഷ്യൻ പ്രത്യക്ഷപ്പെട്ട, ചിന്ത വികസിച്ചുവരുന്ന പ്രക്രിയയുടെ നാളുകളിൽ മനുഷ്യന് യാതൊരറിവും ഉണ്ടായിരുന്നില്ല. ചിന്തയുടെ ആ പ്രാരംഭഘട്ടത്തിൽ, സത്യത്തെക്കുറിച്ച് ഒരു പൊതു ധാരണയുണ്ടാക്കാനോ അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക വിഷയങ്ങൾ പരിശോധിക്കുവാനോ കഴിയുമായിരുന്നില്ല. നാഗരികതയുടെ ആ ആദിമഘട്ടത്തിൽ മനുഷ്യചിന്തയെ നയിച്ചിരുന്നത് ലോജിക്കായിരുന്നു. എന്റെ അഭിപ്രായത്തിൽ അത് പൊതുവിൽ ഇൻഡക്ടീവ് സ്വഭാവത്തിലുള്ളതായിരുന്നു. അതായത് ഈ രണ്ട് സമ്പ്രദായങ്ങളിൽ ഇൻഡക്ഷൻ ആണ് പ്രഥമമെന്നും അതിന്റെ വികാസപ്രക്രിയയിൽ ഡിഡക്ഷൻ രീതി ഉദയംചെയ്തു എന്നുമാണ് എന്റെ അഭിപ്രായം. അതായത് ഡിഡക്ഷൻ പൊതുവിൽ ഇൻഡക്ഷന്റെ തുടർച്ചയാണ്. ഇക്കാര്യം മനസ്സിലാക്കാതിരുന്നാൽ, മനുഷ്യൻ ഉത്ഭവിച്ചതുമുതൽ ഡിഡക്ടീവ് പ്രക്രിയയിൽ ചിന്തിക്കാൻ പാകത്തിൽ അവന്റെ തലച്ചോറിൽ ചില ആശയങ്ങൾ കരുതിയിരുന്നു എന്ന് സമ്മതിക്കേണ്ടിവരും. ചിന്ത അഥവാ ആശയം മനഷ്യന്റെ തലച്ചോറിൽ എന്തെങ്കിലുമൊരു രൂപത്തിൽ തുടക്കംമുതൽ പതിഞ്ഞിരുന്നു എന്നും സമ്മതിക്കണം. ഈ ചിന്താഗതി പിന്തുടരുന്നയാൾ അനിവാര്യമായും ആശയവാദത്തിന്റെ കെണിയിൽ പതിക്കാതെ തരമില്ല. ഇതിന് സയൻസുമായോ വൈരുദ്ധ്യാത്മക ഭൗതികവാദവുമായോ യാതൊരു ബന്ധവുമില്ല.

**വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ മറ്റേതൊരു ഭൗതികവാദ തത്വചിന്തയും ഒരർത്ഥത്തിൽ ആശയവാദം തന്നെയാണ്**

വൈരുദ്ധ്യാത്മക ഭൗതികവാദമൊഴികെ മറ്റൊരു ഭൗതികവാദ തത്വചിന്തയും ആശയവാദത്തിന്റെ സ്വാധീനത്തിൽനിന്ന് മുക്തമല്ല എന്നതാണ് വസ്തുത. അതായത്, മാർക്സിസത്തിന്റെ അഥവാ വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ കാഴ്ചപ്പാടിൽ മറ്റ് ഭൗതികവാദ തത്വചിന്തകളെല്ലാം ആശയവാദത്തിന്റെ വകഭേദങ്ങൾ മാത്രമാണ്. മറ്റ് ഭൗതികവാദ തത്വചിന്തകളെ ഈ കാഴ്ചപ്പാടിൽ പരിശോധിച്ചുനോക്കുന്ന പ്രശ്നം വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ വികാസത്തിനുമുമ്പ് ഉദിച്ചിരുന്നില്ലല്ലോ. ആശയവാദത്തിന്റെ പ്രധാന പരിമിതി വസ്തുനിഷ്ഠ യാഥാർത്ഥ്യത്തെ അതേപടി സമഗ്രമായി ഉൾക്കൊള്ളാൻ അതിന് കഴിയുന്നില്ല എന്നുള്ളതാണ്. മനുഷ്യരാശിയുടെ വികാസത്തിനായുള്ള പരിശ്രമങ്ങൾക്ക്, യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അപൂർണവും അനുചിതവും ശരിയല്ലാത്തതുമായ മനസ്സിലാക്കൽ തടസ്സമാകുന്നു. മനുഷ്യന്റെ പ്രകൃതിയുമായുള്ള സമരത്തിന്റെയും സാമൂഹ്യപുരോഗതിയുടെയും മുന്നിൽ അത് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന നിശ്ചലാവസ്ഥ സയൻസിന്റെ അന്വേഷണങ്ങൾക്ക് തടയിടുന്നു, അത് വഴിതെറ്റുന്നു, സയൻസിന്റെ നൈതികതയുടെമേൽ ആശയക്കുഴപ്പത്തിന്റെ കാർമേഘങ്ങൾ അടിഞ്ഞുകൂടുന്നു. ആശയവാദം വരുത്തിവയ്ക്കുന്ന വിന ഇതൊക്കെയാണ്, അല്ലാതെ നമുക്ക് ദൈവത്തോട് ഒരു വിരോധവും ഇല്ല. അങ്ങനെയൊരു പരമാനന്ദശക്തി ഉണ്ടെന്ന് സങ്കല്പിക്കുക, നമ്മുടെ കഷ്ടപ്പാടുകളെല്ലാം അത് ഇല്ലാതാക്കിയേനെ. ദൈവമുണ്ടായിരുന്നുവെങ്കിൽ അത് നമുക്ക് വലിയ ഉപകാരമായേനെ. നമ്മുടെ ബുദ്ധിമുട്ടുകളൊക്കെ വളരെയധികം ലഘൂകരിക്കപ്പെട്ടേനെ. നമ്മുടെ ദുരിതങ്ങളൊക്കെ അദ്ദേഹത്തിന്റെ കാൽക്കൽ സമർപ്പിച്ച് നമുക്ക് സ്വസ്ഥമായിരിക്കാമായിരുന്നു. ദൈവത്തെ നിഷേധിക്കുകയും ആശയവാദത്തെ നിരാകരിക്കുകയും ചെയ്തതുവഴി നാം ചെയ്യേണ്ടുന്ന പ്രയത്നം പലമടങ്ങ് വർദ്ധിച്ചിരിക്കുന്നു. അങ്ങനെയാണ് നമ്മൾ ഇത്തരമൊരു മഹത്തരവും ഭീമാകാരവും സങ്കീർണവുമായ സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത്. തെറ്റായ ആശയങ്ങളുമായി നമുക്ക് മുന്നേറാനാവില്ല. ഓരോ ചുവടുവയ്പിലും അത് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കും. എല്ലാ അർത്ഥത്തിലും അത് മാനവരാശിക്ക് വിനയാകും. അങ്ങനെ മാർക്സിസത്തിന്റെ ഉദയത്തോടെ മറ്റെല്ലാ ഭൗതികവാദ തത്വചിന്തകളുടെയും പരിമിതികൾ സംശയാതീതമായി വെളിവാക്കപ്പെട്ടു. വൈരുദ്ധ്യാത്മക ഭൗതികവാദം ഒഴികെയുള്ള തത്വചിന്തകൾ, അവയൊക്കെ ഭൗതികവാദ തത്വചിന്തയുടെ ഗണത്തിൽപെടുന്നുവെങ്കിലും, അവയ്ക്കൊന്നും സത്യത്തെ ശരിയായി പ്രതിഫലിപ്പിക്കാനാകില്ല എന്ന വസ്തുത വെളിവാക്കപ്പെട്ടു. വൈരുദ്ധ്യാത്മക ഭൗതികവാദം ഉദയംചെയ്തത് ഈ ഭൗതികവാദ തത്വചിന്തകളുടെ വികാസത്തോടെയാണെങ്കിലും ഇവയൊക്കെ ആത്യന്തിക വിശകലനത്തിൽ ആശയവാദ തത്വചിന്തകളാണ് എന്ന് പറയുന്നത് അതുകൊണ്ടാണ്.

**മനുഷ്യന്റെ തലച്ചോറിന് മാത്രമേ ചിന്താശേഷിയുള്ളൂ**

സത്യം നിർണയിക്കുന്നതിനുള്ള രീതിശാസ്ത്രപരമായ സമീപനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമുമ്പ് ഒരു കാര്യംകൂടി വ്യക്തമാക്കേണ്ടതുണ്ട്. നമ്മൾ ഒരു കാര്യത്തെക്കുറിച്ച് അഭിപ്രായപ്പെടുകയോ ഒരു വിഷയം വിശകലനം ചെയ്യുകയോ ആണെന്നിരിക്കട്ടെ. ആരാണ് ചിന്തിക്കുന്നതും വിശകലനം നടത്തുന്നതും? നമ്മൾ തലച്ചോറുകൊണ്ടാണ് ചിന്തിക്കുന്നത്. തലച്ചോറാണ് വിശകലനം നടത്തുന്നത്. അതുകൊണ്ടാണ് മനസ്സ് തലച്ചോറിന്റെ ഒരു ധർമ്മമാണ് എന്ന് പറയുന്നത്. രണ്ടുകാലിൽ നടക്കുന്ന സസ്തനികൾ നാൽക്കാലി മൃഗങ്ങളിൽനിന്ന് ക്രമേണയുള്ള പരിണാമത്തിലൂടെ ഉണ്ടായതാണെന്ന് ജന്തുലോകത്തെ പരിണാമത്തെക്കുറിച്ച് മനസ്സിലാക്കിയിട്ടുള്ളവർക്കറിയാം. മനുഷ്യൻ നാലുകാലിൽ നടക്കുന്നില്ല, രണ്ടുകാലിൽ നിവർന്നാണ് നടക്കുന്നത്. ഈ മാറ്റം വളരെയേറെ സാദ്ധ്യതകൾ തുറന്നുതന്നു. രണ്ട് മുൻകാലുകൾ അഥവാ കൈകൾ സ്വതന്ത്രമായതോടെ മനുഷ്യന് പ്രകൃതിയുമായി തീവ്രമായുള്ള പരസ്പര പ്രവർത്തനത്തിന് അവസരം

*(ശേഷം 11-ാം പേജിൽ)*

**നമ്മൾ ഒരു കാര്യത്തെക്കുറിച്ച് അഭിപ്രായപ്പെടുകയോ ഒരു വിഷയം വിശകലനം ചെയ്യുകയോ ആണെന്നിരിക്കട്ടെ. ആരാണ് ചിന്തിക്കുന്നതും വിശകലനം നടത്തുന്നതും? നമ്മൾ തലച്ചോറുകൊണ്ടാണ് ചിന്തിക്കുന്നത്. തലച്ചോറാണ് വിശകലനം നടത്തുന്നത്. അതുകൊണ്ടാണ് മനസ്സ് തലച്ചോറിന്റെ ഒരു ധർമ്മമാണ് എന്ന് പറയുന്നത്. രണ്ടുകാലിൽ നടക്കുന്ന സസ്തനികൾ നാൽക്കാലി മൃഗങ്ങളിൽനിന്ന് ക്രമേണയുള്ള പരിണാമത്തിലൂടെ ഉണ്ടായതാണെന്ന് ജന്തുലോകത്തെ പരിണാമത്തെക്കുറിച്ച് മനസ്സിലാക്കിയിട്ടുള്ളവർക്കറിയാം. മനുഷ്യൻ നാലുകാലിൽ നടക്കുന്നില്ല, രണ്ടുകാലിൽ നിവർന്നാണ് നടക്കുന്നത്. ഈ മാറ്റം വളരെയേറെ സാദ്ധ്യതകൾ തുറന്നുതന്നു. രണ്ട് മുൻകാലുകൾ അഥവാ കൈകൾ സ്വതന്ത്രമായതോടെ മനുഷ്യന് പ്രകൃതിയുമായി തീവ്രമായുള്ള പരസ്പര പ്രവർത്തനത്തിന് അവസരം കൈവന്നു എന്നതാണ് ഒന്നാമത്തെ കാര്യം.** **കൈകൾകൊണ്ട് പഴങ്ങൾ ശേഖരിക്കാമെന്നുമാത്രമല്ല ഉല്പാദനം നടത്താനും കഴിഞ്ഞു. സമൂഹത്തിൽ അങ്ങനെ അദ്ധ്വാനത്തിന്റെ പങ്ക് പ്രത്യക്ഷപ്പെട്ടു. മനുഷ്യന്റെ ചിന്താശേഷി വികസിക്കുന്നതിൽ അദ്ധ്വാനം അസാമാന്യ പങ്കാണ് വഹിച്ചത്. എന്നാൽ അതുകൊണ്ടുമാത്രമായി ചിന്താശേഷി വികസിക്കുമായിരുന്നില്ല. അതിനിടയാക്കിയത് മനുഷ്യന്റെ തലച്ചോറിന്റെ മുകൾഭാഗം അഥവാ സെറിബ്രൽ കോർടെക്സിന് വലിപ്പം കൂടുകയും വികാസം നേടുകയും ചെയ്തതാണ്.**

# സംസ്ഥാനതല സ്കൂൾ ഓഫ് പൊളിറ്റിക്സ്

## 2019 ആഗസ്റ്റ് 10,11,12 – തിരുവനന്തപുരം

പ്രത്യയശാസ്ത്ര പഠനത്തിനായി പാർട്ടിക്കുള്ളിൽ സ്വീകരിച്ചിട്ടുള്ള ഗൗരവമേറിയ നടപടികളിൽ പ്രധാനപ്പെട്ട ഒന്നായ സ്കൂൾ ഓഫ് പൊളിറ്റിക്സ് 2019 ആഗസ്റ്റ് 10, 11, 12 തീയതികളിൽ തിരുവനന്തപുരത്തു നെയ്യാർ ഡാമിനു സമീപമുള്ള രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്പ്മെന്റ് സ്റ്റഡീസിൽ നടക്കും.

പാർട്ടിയുടെ അംഗങ്ങൾക്ക് മാർക്സിസ്റ്റ് പ്രാമാണിക തത്വങ്ങളിൽ ആഴമാർന്ന ധാരണ നേടാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് സ്കൂൾ ഓഫ് പൊളിറ്റിക്സ്. മാർക്സിസ്റ്റ് ആചാര്യന്മാർ പ്രദാനം ചെയ്തിട്ടുള്ള അടിസ്ഥാന പാഠങ്ങളും അവയെ ആധാരമാക്കി തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ ഗുരുനാഥൻ സഖാവ് ശിബ്ദാസ്ഘോഷ് നൽകിയിട്ടുള്ള മാർക്സിസ്റ്റ് തത്വചിന്തയുടെ ആധുനികധാരണകളും മൂന്നു ദിവസം നീണ്ടുനിൽക്കുന്ന സ്കൂളിൽ ചർച്ച ചെയ്യും. പാർട്ടി പൊളിറ്റ് ബ്യൂറോ അംഗങ്ങളായ സഖാക്കൾ സൗമൻ ബോസ്, കെ.രാധാകൃഷ്ണ, കേന്ദ്രക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.ശ്രീധർ, അമിതാവ ചാറ്റർജി, ഡോ.സുഭാഷ് ദാസ് ഗുപ്ത, ഡോ.വി.വേണുഗോപാൽ, കെ.ഉമ എന്നിവർ ക്ലാസ്സുകൾ നയിക്കും.

മാർക്സിസത്തിന്റെ ആവിർഭാവത്തിലേക്കു നയിച്ച തത്വചിന്തയുടെയും സാമ്പത്തികശാസ്ത്രത്തിന്റെയും സോഷ്യലിസ്റ്റ് ആശയങ്ങളുടെയും വളർച്ചയുടെ ചരിത്രം, മാർക്സിസത്തിന്റെയും വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെയും അടിസ്ഥാനതത്വങ്ങൾ, തിയറി ഓഫ് നോളജ്, ചരിത്രപരമായ ഭൗതികവാദം, കമ്യൂണിസ്റ്റ് പാർട്ടി സംഘടനാ തത്വങ്ങൾ, ഇൻഡ്യൻ വിപ്ലവത്തിന്റെ അടവും തന്ത്രവും, ദേശീയ രാഷ്ട്രീയ സാഹചര്യവും കമ്യൂണിസ്റ്റ് വിപ്ലവകാരികളുടെ വർത്തമാനകാല കടമകളും എന്നിങ്ങനെയായിരിക്കും സ്കൂളിന്റെ സെഷനുകൾ. സ്കൂൾ ഓഫ് പൊളിറ്റിക്സിനു വേണ്ടിയുള്ള തയ്യാറെടുപ്പിലൂടെ സംഘടനയിലൊന്നാകെ പ്രത്യയശാസ്ത്രപഠനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാനായി പാർട്ടി സംസ്ഥാനക്കമ്മിറ്റി മുഴുവൻ പാർട്ടി അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു. തയ്യാറെടുപ്പിന്റെ ഭാഗമായി താഴെപ്പറയുന്ന ഏഴ് കൃതികൾ സഖാക്കളുടെ വായനയ്ക്കും പഠനത്തിനും വിധേയമാക്കാൻ സംസ്ഥാന ക്കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. സഖാവ് ശിബ്ദാസ്ഘോഷിന്റെ കൃതികളായ *മാർക്സിസവും മനുഷ്യസമൂഹത്തിന്റെ വികാസവും, ഇൻഡ്യൻ മണ്ണിലെ യഥാർത്ഥ കമ്യൂണിസ്റ്റ് പാർട്ടി എസ്‌യുസിഐ(സി) മാത്രമാണ്; എന്തുകൊണ്ട്?, മാർക്സിസത്തിന്റെയും വൈരുദ്ധ്യാത്മകഭൗതികവാദത്തിന്റെയും സാരാംശങ്ങളിൽ ചിലത്, വിപ്ലവപാർട്ടി പ്രവർത്തകന്റെ പ്രവർത്തനശൈലി, On Theory of Knowledge, Dialectical Materialism and the Rovo-lutionary Life, വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം* (സ്റ്റാലിൻ), *പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ ചില പ്രശ്നങ്ങളെപ്പറ്റി* (പ്രൊവാഷ് ഘോഷ്) എന്നിവയാണ് പ്രസ്തുത കൃതികൾ. ■

## വിജ്ഞാനശാസ്ത്രം...

*(10-ാം പേജിൽ നിന്ന്)*

കൈവന്നു എന്നതാണ് ഒന്നാമത്തെ കാര്യം. കൈകൾകൊണ്ട് പഴങ്ങൾ ശേഖരിക്കാമെന്നുമാത്രമല്ല ഉല്പാദനം നടത്താനും കഴിഞ്ഞു. സമൂഹത്തിൽ അങ്ങനെ അദ്ധ്വാനത്തിന്റെ പങ്ക് പ്രത്യക്ഷപ്പെട്ടു. മനുഷ്യന്റെ ചിന്താശേഷി വികസിക്കുന്നതിൽ അദ്ധ്വാനം അസാമാന്യ പങ്കാണ് വഹിച്ചത്. എന്നാൽ അതുകൊണ്ടുമാത്രമായി ചിന്താശേഷി വികസിക്കുമായിരുന്നില്ല. അതിനിടയാക്കിയത് മനുഷ്യന്റെ തലച്ചോറിന്റെ മുകൾഭാഗം അഥവാ സെറിബ്രൽ കോർടെക്സിന് വലിപ്പം കൂടുകയും വികാസം നേടുകയും ചെയ്തതാണ്. ചിമ്പാൻസിയുടെ കാര്യമെടുക്കാം. അതും ചിലപ്പോൾ രണ്ട് പിൻകാലുകളിൽ നടക്കാറുണ്ട്. അതും കൈകൾകൊണ്ട് ചിലതരം പ്രവൃത്തികളൊക്കെ ചെയ്യുമെങ്കിലും അവയ്ക്ക് മനുഷ്യനെപ്പോലെ ചിന്തിക്കാൻ കഴിയുന്നില്ല. പ്രകൃതിയുമായുള്ള പരസ്പരപ്രവർത്തനത്തിലൂടെ ചിന്താശേഷിക്ക് ജന്മം നൽകാനുള്ള കഴിവ് അതിന്റെ തലച്ചോറിന് ഇല്ല എന്നതുകൊണ്ടാണ്, അതിനനുസരിച്ചുള്ള ഘടനയല്ല അതിന്റെ തലച്ചോറിനുള്ളത് എന്നതുകൊണ്ടാണ്, അതിന് ചിന്തിക്കാൻ സാധിക്കാത്തത്. ഏംഗൽസിന്റെ അമൂല്യമായ കൃതി 'പ്രകൃതിയുടെ വൈരുദ്ധ്യാത്മകത' യുടെ ആമുഖത്തിൽ മനുഷ്യ മസ്തിഷ്കത്തിന്റെ സർവ്വപ്രധാനമായ പങ്കിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

മനുഷ്യമസ്തിഷ്കം ചിന്തിക്കുന്നത് അതിന്റെ പരിഭാഷാശേഷി എന്നറിയപ്പെടുന്ന സവിശേഷമായ ശേഷികൊണ്ടാണ് എന്നറിയാമല്ലോ. മനുഷ്യന് ഈ ഗുണം കൈവരിക്കാനായത്, മനുഷ്യമസ്തിഷ്കത്തിന്റെ ഉയർന്ന നിലയിലുള്ള വികാസം കൊണ്ടാണ്, വികസിതമായ സെറിബ്രൽ കോർടെക്സ് ഉള്ളതുകൊണ്ടാണ്. മനുഷ്യന്റെ മസ്തിഷ്കം പദാർത്ഥ നിർമ്മിതമാണ് എന്ന് വ്യക്തമാണ്. പുറമേയുള്ള പദാർത്ഥലോകം പഞ്ചേന്ദ്രിയങ്ങളിലൂടെ തലച്ചോറുമായി പരസ്പര പ്രവർത്തനത്തിലേർപ്പെടുന്നു. മനസ്സ് ഈ പ്രക്രിയയുടെയാകെ സൃഷ്ടിയാണ്. ഇതെല്ലാം ഭൗതികമായ പരസ്പര പ്രവർത്തനത്തിന്റെ അനന്തരഫലമാണ്. അതുകൊണ്ടുതന്നെ മനസ്സ് പദാർത്ഥാതീതമായ അസ്തിത്വമുള്ളതാണെന്നോ അത് പദാർത്ഥ ബാഹ്യമായിട്ടുള്ളതാണെന്നോ കരുതാൻ ഒരു ന്യായവുമില്ല. ദൈവത്തെ സങ്കല്പിക്കുന്ന അതേ മനസ്സുതന്നെ, ഭൗതിക പ്രവർത്തനത്തിന്റെ, ഭൗതികമായ പരസ്പര പ്രവർത്തനത്തിന്റെ സൃഷ്ടിയാണെന്നർത്ഥം. മനുഷ്യന്റെ ആശയങ്ങൾ, ചിന്ത തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ച ഇനി പിന്നീട് നടത്താം.

### ചിന്ത ഉദയം ചെയ്തതെങ്ങനെ?

എങ്ങനെയാണ് മനുഷ്യസമൂഹത്തിൽ മനസ്സ്, ആശയം, ചിന്ത എന്നിവയൊക്കെ ഉദയം ചെയ്തത് എന്നതാണ് വിഷയം. മാർക്സ് പറഞ്ഞു: "ഭൗതിക ലോകത്തെ മനുഷ്യ മനസ്സ് പ്രതിഫലിപ്പിക്കുകയും അതിനെ ചിന്താരൂപങ്ങളായി പരിഭാഷപ്പെടുത്തുകയും ചെയ്യുന്നതല്ലാതെ മറ്റൊന്നുമല്ല ആശയം." 'പ്രതിഫലനം' (reflection)എന്ന് ഇവിടെ ഉദ്ദേശിക്കുന്നത് മസ്തിഷ്കം ഒരു നെഗറ്റീവ് ഫിലിം പോലെ ഭൗതികലോകത്തിന്റെ പ്രതിച്ഛായ പതിപ്പിക്കുന്നു എന്ന അർത്ഥത്തിലല്ല. തലച്ചോറിന് ഇവിടെ ഒരു പങ്കും വഹിക്കാനില്ലാതെ നിഷ്ക്രിയമായിരിക്കുന്നു എന്ന് കരുതരുത്. മാർക്സ്, ഏംഗൽസ്, ലെനിൻ എന്നിവർ പ്രതിഫലനം എന്ന പദം ഉപയോഗിച്ചപ്പോൾ തലച്ചോറിന് നിഷ്ക്രിയമായ പങ്കാണുള്ളത് എന്നല്ല അർത്ഥമാക്കിയത് *. തികച്ചും വ്യത്യസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന മനുഷ്യശരീരത്തിലെ ഒരു അവയവമാണ് തലച്ചോറ് എന്നകാര്യം നമ്മൾ മറക്കരുത്. മാർക്സിസ്റ്റ് സാഹിത്യത്തിൽ 'പ്രതിഫലനം' എന്ന പദമാണ് പ്രയോഗിച്ചിരിക്കുന്നത് എന്നതുകൊണ്ടു മാത്രം ഞാൻ ആ പദപ്രയോഗം നടത്താൻ തുനിയുന്നില്ല. ഞാൻ പരസ്പരപ്രവർത്തനം (Interaction reflection) എന്ന പദം ഉപയോഗിക്കാനാണ് താല്പര്യപ്പെടുന്നത്. അതായത് ആശയം അല്ലെങ്കിൽ ചിന്ത ഉദയംചെയ്യുന്നത്, വൈരുദ്ധ്യ സംഘർഷങ്ങളിലൂടെ അല്ലെങ്കിൽ പ്രവർത്തന-പ്രതിപ്രവർത്തനത്തിലൂടെ, അതായത് മനുഷ്യ മസ്തിഷ്കവും ബാഹ്യലോകവും തമ്മിലുള്ള പരസ്പര പ്രവർത്തനത്തിലൂടെയാണ്.

പരസ്പര പ്രവർത്തനം എന്നുള്ളതിന് പകരം പ്രതിഫലനം എന്നപദം പ്രയോഗിക്കുകയും അതിന്റെ അർത്ഥം ശരിയായി മനസ്സിലാക്കാതിരിക്കുകയും ചെയ്താൽ അത് തെറ്റിദ്ധാരണയ്ക്ക് ഇടയാക്കും. വ്യക്തിയുടെ തലച്ചോറിലുണ്ടാകുന്ന ഏതൊരു ചിന്തയും യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമാണെന്ന് കരുതും. ഇങ്ങനെയാണ് കാണുന്നതെങ്കിൽ ഒരു ചിന്തയും തെറ്റല്ല, എല്ലാം യാഥാർത്ഥ്യത്തിന്റെ പ്രതിഫലനംതന്നെ എന്നാണ് മനസ്സിലാക്കുക. അപ്പോൾ തങ്ങളുടെ ആശയങ്ങളും യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമാണെന്നും അതുകൊണ്ടുതന്നെ ശരിയായിട്ടുള്ളതാണെന്നും ആശയവാദികളും അവകാശപ്പെടും. 'പരസ്പര പ്രവർത്തനം' എന്ന പദം ഉപയോഗിക്കാതിരുന്നാലാണ് ഈ തെറ്റിദ്ധാരണയുണ്ടാകുക. മനുഷ്യ മസ്തിഷ്കത്തിന്റെ വളരെയേറെ വികസിതമായ ഘടനമൂലം അതിന് പരിഭാഷാശേഷി അഥവാ ചിന്താശേഷി കൈവന്നിരിക്കുന്നു എന്നതാണ് വസ്തുത. അതിനാൽ എങ്ങനെയൊക്കെ വ്യാഖ്യാനിച്ചാലും ശരി, ഏത് സംഭവം, ഏത് വ്യക്തിയിൽ, എന്ത് ചിന്ത അഥവാ ആശയം ഉളവാക്കുന്നു എന്നത്, ആ മസ്തിഷ്കം ഭൗതികലോകവുമായി അഥവാ ബാഹ്യലോകവുമായി നിരന്തരം ഏർപ്പെടുന്ന വൈരുദ്ധ്യത്തിന്റെയും സംഘർഷത്തിന്റെയും അഥവാ പരസ്പര പ്രവർത്തനത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഇങ്ങനെയാണ് ഗ്രഹണം എന്ന പ്രക്രിയ ഉദയംചെയ്തത്. ഈ ഗ്രഹിക്കൽ കൂടുതൽ വികാസം നേടി മുന്നേറുമ്പോൾ, കൂടുതൽ അവബോധമാർജിച്ച് ധാരണയ്ക്ക് ജന്മംനൽകുന്നു. അങ്ങനെയാണ് സ്വാംശീകരണം അഥവാ സാക്ഷാത്കാരം, ചിന്ത, ആശയം, പ്രത്യയശാസ്ത്രം, നീതി-അനീതിബോധം, യുക്തിബോധം, സയൻസ്, രീതിശാസ്ത്രം, ചിന്താപ്രക്രിയ തുടങ്ങി എല്ലാ ധാരണകളും ഉദയംചെയ്തത്.

പാവ്‌ലോവ് വൈജ്ഞാനിക രംഗത്ത്, സന്ദേശത്തിന്റെ അഥവാ സിഗ്നലിന്റെ പ്രയോഗത്തിലൂടെ പുതിയ സംഭാവന നൽകി. അദ്ദേഹം ഇക്കാര്യങ്ങളൊക്കെ ലളിതമായും വ്യക്തമായും വിശദീകരിച്ചു. അദ്ദേഹത്തിന് ഒരു വൈരുദ്ധ്യാത്മക ഭൗതികവാദിയാകാൻ കഴിഞ്ഞോ എന്നതല്ല വിഷയം. എന്നാൽ, അദ്ദേഹത്തിന്റെ പരീക്ഷണ പഠനങ്ങൾ നമുക്ക് കരുത്തുറ്റൊരു ആയുധം പ്രദാനം ചെയ്തിരിക്കുന്നു. നമ്മൾ തത്വചിന്തയുടെ ഭാഷയിൽ ചർച്ചചെയ്യാൻ നിർബ്ബന്ധിതമായിരുന്ന പലകാര്യങ്ങളും ഇന്ന് സയൻസിന്റെ ഭാഷയിൽ വിശദീകരിക്കാൻ കഴിയുന്നുണ്ട്. ഉദാഹരണത്തിന് ബോധത്തിന്റെ കാര്യമെടുക്കാം. നേരത്തെ ഇതിനെ രണ്ടുഭാഗങ്ങളാക്കിയിരുന്നു. ജൈവബോധവും മാനസിക ബോധവും. സജീവമായ പെരുമാറ്റത്തിന്റെ ലക്ഷണങ്ങൾ നമ്മൾ മൃഗങ്ങളിൽ നിരീക്ഷിക്കുന്നു. മനുഷ്യരിൽനിന്ന് വ്യത്യസ്തമായി ഇതിനെ സഹജവാസന അഥവാ ജന്മവാസന എന്ന് വിളിച്ചു. ജീവനുള്ളവയുടെ ബോധം അഥവാ ജൈവബോധം എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിച്ചത്. ജീവിയുടെ നാഡീപ്രവർത്തനം എന്നേ ഇതിനർത്ഥമുള്ളൂ. മറുവശത്ത് മനസ്സിന്റെ ബോധത്തെ മസ്തിഷ്കത്തിന്റെ പരിഭാഷാശേഷി അഥവാ ചിന്താശേഷി എന്നും വിളിച്ചു. കൂടുതൽ ആഴമാർന്ന സ്വാംശീകരണത്തിന്റെ ഫലമായുണ്ടാകുന്ന മനുഷ്യന്റെ ചിന്താശേഷി എന്ന പ്രതിഭാസമാണിത്. മനുഷ്യന് ചിലകാര്യങ്ങൾ ചിന്തിക്കാനും അതുവഴി തന്റെ സിരകളെ ചിലപ്പോൾ ഉത്തേജിപ്പിക്കാനും മറ്റുചിലപ്പോൾ അമർച്ച ചെയ്യാനും കഴിയും. അവന് തന്റെ മനസ്സിന്റെ കലവറയിൽ സൂക്ഷിച്ചിരിക്കുന്ന പഴയ കാര്യങ്ങൾ പുതുതായി വീണ്ടും ഓർമിച്ചെടുക്കാനും സാധിക്കും

*(ശേഷം അടുത്ത ലക്കത്തിൽ)*

# അതിരൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുക; തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുക

**45** വർഷത്തിനിടയിലെ ഏറ്റവും രൂക്ഷമായ തൊഴിലില്ലായ്മയിലൂടെയാണ് രാജ്യം കടന്നുപോയത് എന്ന നാഷണൽ സാമ്പിൾ സർവ്വേ ഓർഗ്ഗനൈസേഷന്റെ റിപ്പോർട്ട് അവസാനം കേന്ദ്ര സർക്കാർ അംഗീകരിച്ചിരിക്കുന്നു. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ, എൻഎസ്എസ്ഒ റിപ്പോർട്ട് അംഗീകരിച്ചിട്ടും കേന്ദ്ര സർക്കാർ അത് പുറത്ത് വിടാതെ തടഞ്ഞുവെച്ചതും കമ്മീഷൻ ആക്ടിംഗ് ചെയർമാൻ പി.സി.മോഹനൻ, അംഗം ജെ.വി.മീനാക്ഷി എന്നിവർ രാജിവെയ്ക്കുകയും ചെയ്തത് വലിയ വിവാദം സൃഷ്ടിച്ചിരുന്നു.പ്രതിവർഷം രണ്ടു കോടി പുതിയ തൊഴിലുകൾ സൃഷ്ടിക്കും എന്ന 2014 ലെ തെരഞ്ഞെടുപ്പ് വാഗ്ദാനം മോദി സർക്കാർ പാലിച്ചില്ല എന്നു മാത്രമല്ല, നിലവിലുണ്ടായിരുന്ന തൊഴിലുകൾ പോലും ഇല്ലാതാക്കുന്ന നയങ്ങളും നടപടികളുമാണവർ കൈക്കൊണ്ടത്. നോട്ടു നിരോധനവും ജി.എസ്.ടിയും നടപ്പിലാക്കിയതിലൂടെ എല്ലാ തൊഴിൽ മേഖലകളും അനിശ്ചിതത്വത്തിലേക്ക് തള്ളിവിടപ്പെട്ടു.നോട്ടു നിരോധനത്തിനെതുടർന്ന് 2.24 ലക്ഷം ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടപ്പെട്ടു. അസിം പ്രേംജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സെന്റർ ഫോർ സസ്റ്റെയ്നബിൾ എംപ്ലോയ്മെന്റ് തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നത് നോട്ടുനിരോധനത്തിന്റെ ഫലമായി 50 ലക്ഷം പേർക്ക് തൊഴിൽ നഷ്ടമായെന്നാണ്. 2018-ൽ തൊഴിലില്ലായ്മ 6.1 ശതമാനത്തിലെത്തി.1999 മുതൽ 2011 വരെയുള്ള കാലയളവിൽ 2മുതൽ 3 ശതമാനം എന്ന തോതിൽ നിലനിന്നിരുന്ന തൊഴിലില്ലായ്മയാണ് നോട്ടു നിരോധനത്തിനു ശേഷം കുതിച്ചുയർന്നത്.

സ്ഥിരം തൊഴിൽ സമ്പ്രദായം ഇല്ലാതാക്കിക്കൊണ്ട് നിശ്ചിത കാല തൊഴിൽ സമ്പ്രദായം നയമായി പ്രഖ്യാപിച്ചു. ഇതിലൂടെ തൊഴിലാളികൾ ദീർഘകാലത്തെ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത സ്ഥിരം തൊഴിലും സാപേക്ഷികാർത്ഥത്തിൽ മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകളും നിഷ്ക്കരുണം ഇല്ലാതാക്കപ്പെടും. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പോലും സ്വകാര്യവൽക്കരിക്കുവാനുള്ള നടപടികളുമായി മോദി സർക്കാർ മുന്നോട്ടു പോകുന്നു. ബിഎസ്എൻഎൽ വിറ്റുതുലയ്ക്കുന്നതിന് മുന്നോടിയായി 52,000 ജീവനക്കാരെ പിരിച്ചുവിടുന്നു എന്ന ഞെട്ടിക്കുന്ന വാർത്ത പുറത്ത് വന്നുകഴിഞ്ഞു.

പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ച യുവാക്കൾ മാന്യമായ തൊഴിലിനു വേണ്ടി അലഞ്ഞു തിരിയുകയാണ്. 2017-18 - ൽ ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ (എഐസിടിഇ) പുറത്ത് വിട്ട റിപ്പോർട്ടിൽ പറയുന്നത്, എഞ്ചിനിയറിംഗ് പഠിച്ചിറങ്ങുന്ന അറുപത് ശതമാനം യുവജനങ്ങൾ തൊഴിൽ രഹിതരാണെന്നാണ്. ഡോക്ടർമാർ, അധ്യാപകർ, നഴ്സുമാർ, തുടങ്ങിയ ഉയർന്ന യോഗ്യതയുള്ള വിഭാഗങ്ങളിലെ യുവജനങ്ങളും തൊഴിലില്ലായ്മയുടെ ഭയാനകത അനുഭവിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയെക്കാൾ വളരെയധികം വർദ്ധിച്ചിരിക്കുന്നു. അഭ്യസ്തവിദ്യരായ യുവാക്കൾ തൊഴിലില്ലാതെ തികച്ചും അരക്ഷിതമായ സാഹചര്യങ്ങളിലേയ്ക്ക് തള്ളിവിടപ്പെട്ടിരിക്കുന്നു. 2019ലെ സംസ്ഥാന ആസൂത്രണ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 12.5 ശതമാനം ആണെന്നാണ്. പൗരന്മാരുടെ അറിവും നൈപുണിയും ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയാത്തത് സംസ്ഥാനത്തെ ഏറ്റവും വലിയ സാമൂഹിക-സാമ്പത്തിക പ്രശ്നമായി മാറിയെന്നും സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നു.സർക്കാരിന്റെ ഔദ്യോഗിക കണക്കിനേക്കാൾ ഭയാനകമാണ് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് എന്നതാണ് യാഥാർത്ഥ്യം.

പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, പൊതുജനാരോഗ്യവകുപ്പ്, കോർപ്പറേഷനുകൾ തുടങ്ങിയ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ പതിനായിരക്കണക്കിന് ഒഴിവുകൾ നിലവിലുണ്ട്. എന്നാൽ, സർക്കാരിന്റെ അപ്രഖ്യാപിത നിയമന നിരോധനം നിലവിലുള്ളതിനാൽ അവയൊന്നും യഥാസമയം പിഎസ്സിക്ക് റിപ്പോർട്ട് ചെയ്യാത്തതുമൂലം പ്രസ്തുത ഒഴിവുകളെല്ലാം നികത്തപ്പെടാതെ കിടക്കുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ വിജയിച്ചാലും യുവജനങ്ങൾക്ക് നിയമനം ലഭിക്കുന്നില്ല. ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ പിഎസ്സി റാങ്ക് ഹോൾഡേഴ്സ് അസോസിയേഷനുകളിൽ സംഘടിച്ച്, നിയമനം ആവശ്യപ്പെട്ട് സമരം ചെയ്യുന്നു. പിഎസ്സി പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷാ ഫോമിന്റെയും പരീക്ഷ നടക്കുന്ന സെന്ററിൽ എത്തുവാനുള്ള യാത്രാച്ചെലവുമെല്ലാം വലിയ തോതിൽ വർദ്ധിച്ചിരിക്കുന്നു. മാത്രമല്ല, ബഹുഭൂരിപക്ഷം യുവജനങ്ങളും കോച്ചിംഗ് സെന്ററുകളിൽ പഠിച്ചാണ് മത്സരപ്പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നത്. അതിനും പതിനായിരക്കണക്കിന് രൂപയാണ് തൊഴിൽ രഹിതരായ യുവജനങ്ങൾ ചെലവഴിക്കേണ്ടി വരുന്നത്. കേരളത്തിലെ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നമാണ് 'അണ്ടർ എംപ്ലോയ്മെന്റ്'.ആർജ്ജിച്ച വിദ്യാഭ്യാസ യോഗ്യതകളേക്കാൾ താഴ്ന്ന യോഗ്യത ആവശ്യപ്പെടുന്ന ജോലികൾ ചെയ്യുന്ന ചെറുപ്പക്കാരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പോസ്റ്റ് ഗ്രാജുവേഷൻ ഉള്ളവർപോലും പ്യൂൺ ജോലി ചെയ്യാൻ നിർബന്ധിതമാക്കപ്പെടും വിധമുള്ള തൊഴിലില്ലായ്മയാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്.

### തൊഴിലില്ലായ്മ വേതനം തൊഴിൽ രഹിതരുടെ അവകാശം

ജനാധിപത്യ സമൂഹത്തിൽ, പൗരന്മാരുടെ അറിവും നൈപുണിയും സമൂഹത്തിന്റെ ആകമാന സമ്പത്താണ് എന്നാണ് സങ്കൽപ്പിക്കുന്നത്. തൊഴിൽ ചെയ്യാനും അദ്ധ്വാനിച്ച് ലഭിക്കുന്ന കൂലി കൊണ്ട് സ്വയം നിലനിൽക്കാനും തന്നെ ആശ്രയിച്ച് നിലകൊള്ളുന്ന കുടുംബാംഗങ്ങളെ നിലനിർത്താനും ഒരുവന് സാധിക്കേണ്ടതുണ്ട്. എന്നാൽ, ലാഭാധിഷ്ഠിത ഉൽപ്പാദന ക്രമമായ മുതലാളിത്ത വ്യവസ്ഥിതിയിൽ മാന്യമായ തൊഴിലും വേതനവും അസാധ്യമായി തീർന്നിരിക്കുന്നു. വർദ്ധിച്ചുവരുന്ന കമ്പോള പ്രതിസന്ധി മ ുതലാളിത്തത്തെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിട്ടിരിക്കുന്നു. ഈ പ്രതിസന്ധി രൂക്ഷമാകുന്നതിനനുസരിച്ച് തൊഴിലില്ലായ്മയും വർദ്ധിക്കുന്നു. പരമാവധിലാഭം എന്ന മുതലാളിത്ത സാമൂഹ്യക്രമത്തിന്റെ സഹജസ്വഭാവത്തിലാണ് പ്രതിസന്ധിയുടെ അടിസ്ഥാനം കുടികൊള്ളുന്നത്.മുതലാളിത്ത പ്രതിസന്ധിയുടെ പാരമ്യത്തിൽ നടപ്പാക്കപ്പെട്ട ആഗോളവൽക്കരണ നയങ്ങളാവട്ടെ, നിലവിലുള്ള തൊഴിലുകളും കൂടി ഇല്ലാതാക്കുകയും തൊഴിലുള്ളവരുടെ കൂലി ഗണ്യമായി കുറയ്ക്കുകയും ചെയ്തിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണവും ഔട്ട്സോഴ്സിംഗുമൊക്കെ തൊഴിലാളികളുടെ ജീവിതത്തെ അനിശ്ചിതത്വത്തിലേക്ക് തള്ളിവിട്ടിരിക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കുവാൻ സർക്കാർ അടിയന്തരമായി ചെയ്യേണ്ടത്, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകളിൽ ഉടൻ നിയമനം നടത്തുക എന്നതാണ്. മാത്രമല്ല, തൊഴിൽരഹിതരായ യുവാക്കൾക്ക് നിലനിൽക്കാനാവശ്യമായ മിനിമം വേതനം പ്രതിമാസം നൽകുകയും വേണം.1982-ൽ കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങിയ തൊഴിലില്ലായ്മ വേതനം എന്ന പദ്ധതി, തൊഴിൽ രഹിതരെ പരിഹസിക്കും വിധമുള്ള ഒന്നായി മാറിയിരിക്കുന്നു. തൊഴിലില്ലായ്മ വേതനത്തിന്റെ പേരിൽ പ്രതിമാസം 120 രൂപയാണ് സർക്കാർ യുവജനങ്ങൾക്ക് നൽകുന്നത്.പ്രതിദിനക്കണക്കിൽ 4 രൂപ!82-ൽ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയപ്പോൾ 20 ലക്ഷം പേർ തൊഴിലില്ലായ്മ വേതനം വാങ്ങിയിരുന്നു.എന്നാൽ, 2017 ആയപ്പോൾ അത് 1,93 071 ആയി കുറഞ്ഞു.തൊഴിലില്ലായ്മ കുറഞ്ഞതുകൊണ്ടാണ് വേതനം വാങ്ങുന്ന ആളുകളുടെ എണ്ണം കുറഞ്ഞതെന്ന് കരുതരുത്. തൊഴിലില്ലായ്മാ വേതനം വാങ്ങുവാൻ പോകുന്ന ദിവസത്തെ ചെലവിനുപോലും സർക്കാരിന്റെ 120 രൂപ തികയില്ല എന്ന ബോധ്യമുള്ളതുകൊണ്ടാണ് യുവാക്കൾ അതുപേക്ഷിക്കുവാൻ നിർബ്ബന്ധിതരാകുന്നത്. സർക്കാരാകട്ടെ, ഇതൊരവസരമായിക്കരുതി തൊഴിലില്ലായ്മാ വേതനം തന്നെ ഇല്ലാതാക്കുവാനുള്ള നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ, ഒരു ദിവസം അവസാനിപ്പിക്കാവുന്ന ഒന്നല്ല തൊഴിലില്ലായ്മാ വേതനം. അത് ചരിത്രപരമായ കാരണങ്ങളാൽ രൂപപ്പെട്ട ഒന്നാണ്. എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുവാൻ ഗവൺമെന്റുകൾക്ക് എന്നു കഴിയുന്നോ അന്നുവരെ തൊഴിൽ രഹിത വേതനവും നിലനിൽക്കണം.1946-ൽ കൊച്ചി എസ്എൻഡിപി യോഗത്തിന്റെ വിശേഷാൽ സമ്മേളനത്തിൽ അവതരിപ്പിച്ച അവകാശ പ്രഖ്യാപനരേഖയിൽ ഉന്നയിച്ച ആവശ്യങ്ങളിൽ ഒന്നായിരുന്നു "വേല അല്ലെങ്കിൽ വേലയില്ലാവേതനം" സഹോദരൻ അയ്യപ്പൻ ഉൾപ്പെടെ മൂന്നു പേരായിരുന്നു ആ രേഖ തയ്യാറാക്കിയത്.അങ്ങനെ സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുതന്നെ ജനാധിപത്യവാദികൾ പലപ്പോഴായി ആവശ്യപ്പെട്ട ഒന്നാണ് തൊഴിലില്ലായ്മ വേതനം എന്ന യുവജനങ്ങളുടെ അവകാശം.

അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൺ തുടങ്ങിയ വികസിത രാജ്യങ്ങളിൽ ഒരാളുടെ ഉപജീവനത്തിനാവശ്യമായ തുക തൊഴിലില്ലായ്മ വേതനമായി ഗവൺമെന്റ് നൽകുന്നു. ആഴ്ചയിൽ 450 ഡോളറാണ് അമേരിക്ക തൊഴിലില്ലായ്മ വേതനമായി നൽകുന്നത്. ഏകദേശം 31,000 ഇന്ത്യൻ രൂപ .തൊഴിൽ രഹിതർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും സർക്കാർ നൽകുന്ന സഹായധനമാണ് തൊഴിലില്ലായ്മാ വേതനം. അത് ആരുടെയും ഔദാര്യമല്ല, അവകാശമാണെന്ന് യുവജനങ്ങൾ മനസിലാക്കണം. തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭത്തോടൊപ്പം തന്നെ കാലാനുസൃതമായി തൊഴിലില്ലായ്മാ വേതനം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടുന്ന ഡിമാന്റും ഉയർത്തണം. ■




**കുട്ടനാട് നീരേറ്റുപുറത്ത് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും എഐഡിവൈഒ സ്ഥാപന ദിനവും ആചരിച്ചുകൊണ്ടുള്ള പൊതുയോഗം സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്യുന്നു**

# പാർലമെന്റ് തെരഞ്ഞെടുപ്പിൽ സിപിഐഎമ്മിന് സംഭവിച്ചതെന്ത്?

**ക**ഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് സിപിഐഎമ്മിനെ സംബന്ധിച്ചിടത്തോളം ഒരു ഊക്കൻ പതനം തന്നെയായിരുന്നു. ദീർഘകാലം അധികാരത്തിലിരിക്കുകയും വോട്ടുബാങ്കിനെക്കുറിച്ച് ഊറ്റംകൊള്ളുകയും ചെയ്തിരുന്ന ത്രിപുരയിലും പശ്ചിമബംഗാളിലും പോലും സ്വന്തം സ്ഥാനാർത്ഥികളെ വിജയിപ്പിച്ചെടുക്കാൻ സിപിഐഎംന് സാധിച്ചില്ല. ഇപ്പോഴും അധികാരത്തിലിരിക്കുന്ന കേരളത്തിലാകട്ടെ കേവലം ഒരു സീറ്റുകൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. തമിഴ്നാട്ടിൽ ഡിഎംകെ സഖ്യത്തിന്റെ ബലത്തിലാണ് സിപിഐയും സിപിഐഎമ്മും ഈരണ്ട് സീറ്റുവീതം നേടിയെടുത്തത്.

തൃപ്തികരമായ ഒരു വിശദീകരണത്തിനുവേണ്ടി നേതാക്കന്മാർ നെട്ടോട്ടമോടുകയാണ്. അധികാരത്തിലിരുന്നുകൊണ്ട് ബിജെപി അഴിച്ചുവിടുന്ന ഭീകരതയാണ് ത്രിപുരയിലെ പരാജയകാരണമായി സിപിഐഎം കണ്ടെത്തിയിരിക്കുന്നത്. സിപിഐഎം നടത്തിയ ബിജെപി വിരുദ്ധ പ്രചാരണം യുഡിഎഫിന് തുണയായതാണ് കേരളത്തിലെ പരാജയത്തിന്റെ ഒരു കാരണമായി കണ്ടെത്തിയിരിക്കുന്നത്. ഒരു വിഭാഗം വിശ്വാസികൾ തെറ്റിദ്ധരിപ്പിക്കപ്പെട്ടതുകൊണ്ട് പരമ്പരാഗത ഇടതുപക്ഷ വോട്ടുകളിൽ ചോർച്ച വന്നിരിക്കുന്നു എന്നതാണ് മറ്റൊരു വിശദീകരണം.

### പശ്ചിമബംഗാളിൽ സംഭവിച്ചത്

നീണ്ട മുപ്പത്തിനാലുവർഷം മൃഗീയ ഭൂരിപക്ഷത്തിൽ അധികാരത്തിലിരുന്ന പശ്ചിമബംഗാളിലെ പതനത്തെക്കുറിച്ച് ഉത്തരം പറയാനാകാതെ നേതാക്കന്മാർ കുഴയുകയാണ്.

'ബിജെപിയെ കൂട്ടുപിടിച്ച് തൃണമൂലിനെ പരാജയപ്പെടുത്താമെന്ന് കരുതരുത്' എന്ന മുന്നറിയിപ്പ് തെരഞ്ഞെടുപ്പിന് മുമ്പുതന്നെ ഇടതുമുന്നണി ചെയർമാൻ ബിമൻബസു പശ്ചിമബംഗാളിൽ നടന്ന തെരഞ്ഞെടുപ്പ് യോഗത്തിൽ നൽകിയിരുന്നു.(ഗണശക്തി, 17 ഏപ്രിൽ 2019). 'തൃണമൂലിന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടാൻ യാതൊരു കാരണവശാലും ബിജെപിയെ തെരഞ്ഞെടുക്കുക എന്ന മണ്ടത്തരം കാട്ടരുത് എന്നും അത് സ്വയം നാശമായിരിക്കും' എന്നുമുള്ള മുന്നറിയിപ്പാണ് ത്രിപുര മുൻ മുഖ്യമന്ത്രി മണിക് സർക്കാർ നൽകിയത്. (ദി ഹിന്ദു, 2019 മെയ് 16). സിപിഐഎം പശ്ചിമബംഗാൾ സംസ്ഥാന സെക്രട്ടറിയാകട്ടെ അണികൾക്കു നൽകിയ സന്ദേശം 'വിഷം രുചിക്കാൻ മിനക്കെടരുത്' എന്നതായിരുന്നു. ദീർഘകാലം പശ്ചിമബംഗാളിന്റെ മുഖ്യമന്ത്രിയായിരുന്ന ബുദ്ധദേവ് ഭട്ടാചാര്യയാകട്ടെ, സിപിഐഎം മുഖപത്രമായ ഗണശക്തിക്ക് നൽകിയ അഭിമുഖത്തിൽ ബിജെപിക്ക് വോട്ട് ചെയ്യരുതെന്നും 'തൃണമൂൽ എന്ന വറചട്ടിയിൽനിന്ന് ബിജെപി എന്ന എരിതീയിലേയ്ക്ക് ചാടുക എന്നത് നല്ല ആശയമല്ല' എന്നുമാണ് അഭിപ്രായപ്പെട്ടത്. എൻഡിറ്റിവിക്ക് നൽകിയ അഭിമുഖത്തിൽ, ബംഗാളിൽ ബിജെപി കടന്നുകയറിത്തുടങ്ങി എന്ന ആശങ്കയും അദ്ദേഹം പങ്കുവയ്ക്കുന്നുണ്ട്. തൃണമൂലിനോട് പിടിച്ചുനിൽക്കാൻ ബിജെപിയിൽ ആശ്രയം കണ്ടെത്തുന്ന അണികളോടുള്ള അഭ്യർത്ഥനകളായിരുന്നു ഇതെല്ലാം.

സിപിഐഎം നേതാക്കന്മാർ ഈ അഭിപ്രായപ്രകടനങ്ങളിലൂടെ അണികൾക്ക് നൽകിയ സന്ദേശം തൃണമൂലിനെതിരെ ബിജെപിക്ക് വോട്ടുചെയ്യുക എന്നതായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. സിപിഐഎമ്മിനെ പുറത്താക്കി അധികാരം പിടിച്ചെടുത്ത തൃണമൂലിനെ, ബിജെപിയെ ഉപയോഗപ്പെടുത്തി പരാജയപ്പെടുത്തിയാൽ അത് സംസ്ഥാനത്ത് ബിജെപിയെ പുറത്താക്കി തങ്ങൾക്ക് അധികാരത്തിൽ വരാനുള്ള കളമൊരുക്കും എന്ന ലളിതമായ കണക്കുകൂട്ടലാണ് നേതാക്കന്മാർ അണികളുമായി പങ്കുവച്ചത്. സീതാറാം യെച്ചൂരി തന്നെ പറഞ്ഞത്, ആദ്യം രാമൻ പിന്നീട് ഇടതുപക്ഷം എന്നാണ്. സ്വന്തം അണികൾ പാളയത്തിലേയ്ക്ക് തിരിച്ചെത്തും എന്നാണവരുടെ പ്രതീക്ഷ.

### സിപിഐഎം വോട്ടുകൾ ബിജെപിയിലേയ്ക്ക്– നേതാക്കന്മാർ ശരിവയ്ക്കുന്നു

സിപിഐഎം വോട്ടുകൾ ചേരിമാറി ബിജെപിക്ക് ചെയ്തിരിക്കുന്നു എന്ന് സിപിഐഎം ജനറൽ സെക്രട്ടറിയടക്കം തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനുശേഷം പരസ്യമായി സമ്മതിച്ചിരിക്കുന്നു. 'ഗണ്യമായ ഒരുസംഖ്യവോട്ട് സിപിഐഎമ്മിൽനിന്ന് ബിജെപിയിലേയ്ക്ക് പോയിട്ടുണ്ട്' എന്ന് ജൂൺ 4ന് കൽക്കട്ടയിൽ സീതാറാം യെച്ചൂരി അഭിപ്രായപ്പെട്ടു.(ഗണശക്തി, 2019 ജൂൺ 5). 'തൃണമൂലിന്റെ ഭീകരതയിൽനിന്ന് താൽക്കാലികമായെങ്കിലും ആശ്വാസം മോഹിച്ചവർ ബിജെപിക്കും മതേതര ജനാധിപത്യ സംരക്ഷണം കാംക്ഷിച്ചവർ തൃണമൂലിനും വോട്ടു ചെയ്തു. ഈ ധ്രുവീകരണത്തിനിടയിൽ ഇടതുപക്ഷത്തിന് സാരമായ വോട്ടുചോർച്ച സംഭവിച്ചു' എന്നും അദ്ദേഹം പറഞ്ഞുവയ്ക്കുന്നുണ്ട്. തൃണമൂലിന്റെ ഭീകരതയിൽനിന്നും ആക്രമണത്തിൽനിന്നും രക്ഷപ്പെടാൻ ബംഗാളിലെ ജനങ്ങൾ ബിജെപിയിൽ അഭയം കണ്ടെത്തിയിരിക്കുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു.

കേന്ദ്രകമ്മിറ്റിയോഗവും ഈ വോട്ടുചോർച്ച ശരിവച്ചിരിക്കുന്നു. ബിജെപി വന്നാൽ സിപിഐഎമ്മിന്റെ സ്ഥിതി കൂടുതൽ ദയനീയമായിരിക്കും എന്നും നേതാക്കന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ തൃണമൂലിനോട് കണക്കുതീർക്കാൻ നിൽക്കുന്ന സിപിഐഎം, വമ്പൻ കുത്തകകളുടെ പിൻബലത്തിൽ ഉന്മത്തരായിരിക്കുന്ന ബിജെപി ആർഎസ്എസ് ഫാസിസ്റ്റ് കക്ഷികൾ ബംഗാളിൽ മാത്രമല്ല ഇന്ത്യയൊട്ടാകെ ഉയർത്തുന്ന വിപത്തിനെ വിഗണിക്കുകയാണ്.

### ബംഗാളിന്റെ മണ്ണ് ബിജെപിക്ക് തുറന്നുകൊടുക്കപ്പെട്ടത് എങ്ങനെ?

വോട്ടു ചോർച്ച അംഗീകരിക്കുന്ന ഇടതുനേതാക്കന്മാർ, ഇടതു ജനാധിപത്യ പ്രക്ഷോഭണങ്ങളുടെ നെടുങ്കോട്ടയായിരുന്ന, ഭഗത് സിംഗും നേതാജിയും ഖുദിറാമുമൊക്കെ അനശ്വരമാക്കിയ അനനുരഞ്ജനധാരയുടെ മഹത്തായ പാരമ്പര്യം പേറിയിരുന്ന ബംഗാൾ, കടുത്ത വർഗ്ഗീയവാദികളായ ആർഎസ്എസ് ബിജെപി പോലെയുള്ള അങ്ങേയറ്റം പിന്തിരിപ്പൻ ശക്തികൾക്കുപിന്നിൽ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ അണിനിരക്കുന്നത് എങ്ങനെ എന്ന് വിശദീകരിച്ചില്ല. എന്നുമാത്രവുമല്ല, ബിജെപി കൈവരിച്ച തെരഞ്ഞെടുപ്പു വിജയത്തിന് ഒരേയൊരു ഉത്തരവാദി മമതാ ബാനർജി ആണെന്നും മമതാ ബാനർജി നിരന്തരമായി ജനാധിപത്യത്തെ അടിച്ചമർത്തിയിരുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നും നേതാക്കന്മാർ അഭിപ്രായപ്പെടുകയുണ്ടായി.(പീപ്പിൾസ് ഡെമോക്രസി, 2019 ജൂൺ 2) ഇത് എത്രകണ്ട് ശരിയാണ്?

പശ്ചിമബംഗാളിന്റെ മണ്ണിനെ ബിജെപി പോലെയൊരു പിന്തിരിപ്പൻ വർഗ്ഗീയ ശക്തിക്ക് തുറന്നുകൊടുത്തതിന്റെ ഉത്തരവാദിത്തത്തിൽനിന്ന് ഇടതുനേതാക്കന്മാർക്ക് ഒഴിഞ്ഞുമാറാനാകുമോ? തൃണമൂൽ ജനവിരുദ്ധ നയങ്ങൾ ആവിഷ്ക്കരിക്കുന്നുവെന്നതും ജനാധിപത്യത്തെ അടിച്ചമർത്തുന്നു എന്നതും ശരിതന്നെയാണ്. എന്നിരിക്കിലും നെടുനാളത്തെ ഇടതുപക്ഷ പാരമ്പര്യമുള്ള ഒരു മണ്ണിന് തൃണമൂലിന് പകരം ബിജെപിയെ തെരഞ്ഞെടുക്കാൻ സാധിക്കുന്നത് എങ്ങനെ?

ഉന്നതശീർഷമായ ചിന്തകളുടെയും ഉയർന്ന ധാർമ്മിക സദാചാര ബോധങ്ങളുടെയും മനുഷ്യനന്മയുടെയും പേരിൽ ബംഗാൾ ഒരു കാലത്ത് ആദരിക്കപ്പെട്ടിരുന്നു. ജാതീയമോ വർഗ്ഗീയമോ ആയ യാതൊരു ചിന്താഗതികൾക്കും ബംഗാളിന്റെ മണ്ണിൽ ഇടമുണ്ടായിരുന്നില്ല. ഭാരതീയ ജനസംഘത്തിന്റെ സ്ഥാപകനായിരുന്ന ശ്യാമപ്രസാദ് മുഖർജി കിണഞ്ഞു പരിശ്രമിച്ചിട്ടും ബംഗാളിൽ വേരുപിടിപ്പിക്കാനായില്ല. മുസ്ലീംലീഗ് പോലെയുള്ള മറ്റ് യാഥാസ്ഥിതിക വർഗ്ഗീയ ശക്തികൾക്കും ബംഗാളിന്റെ മണ്ണിൽ ഇടം കിട്ടിയില്ല.

ഈ പ്രതിരോധം എങ്ങനെ സൃഷ്ടിക്കപ്പെട്ടതാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരവും തുടർന്നുവന്ന അതിശക്തമായ ഇടതു ജനാധിപത്യ പ്രക്ഷോഭങ്ങളുമാണ് ഈ പ്രതിരോധകോട്ട ഉയർത്തിയത്. ജനകീയ പ്രക്ഷോഭങ്ങളുടെ സ്വാധീനം ജനങ്ങളെ ഇടതുപക്ഷ ആഭിമുഖ്യമുള്ളവരാക്കി. യാതൊരു വിധ വിഭാഗീയചിന്താഗതികൾക്കും ഇടം കൊടുക്കാത്ത, യാതൊരുവിധ മതസങ്കുചിത ഭ്രാന്തിനും ഇടം നൽകാത്ത സാംസ്കാരിക അന്തരീക്ഷം ഈ ജനകീയ സമരങ്ങൾ പകർന്നുനൽകി. ഇടതു ജനാധിപത്യ പ്രക്ഷോഭപ്രവർത്തകരിൽ ഉന്നതമായ മൂല്യങ്ങളും രാഷ്ട്രീയ ധാർമ്മികതയും പ്രകടമായിരുന്നു. എന്തിന് സിപിഐഎം പ്രവർത്തകർപോലും ഉയർന്നനിലവാരം പുലർത്തിയിരുന്നു. അവർ വിപ്ലവ സ്വപ്നം കണ്ടിരുന്നു.

മൂന്ന് ദശാബ്ദത്തിലേറെയായി സിപിഐഎം ബംഗാൾ ഭരിച്ചു. ഏറ്റവും വലിയ ഇടതുപക്ഷ പ്രസ്ഥാനം തങ്ങളാണെന്ന് ഇപ്പോഴും നേതാക്കന്മാർ അവകാശപ്പെടുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഇടതുപക്ഷരാഷ്ട്രീയത്തെ ത്യജിച്ച് വലതു പിന്തിരിപ്പൻ ശക്തികളെ ബംഗാളിന്റെ മണ്ണ് വരവേറ്റതിന്റെ ഉത്തരവാദിത്തത്തിൽനിന്ന് സിപിഐഎമ്മിന് ഒഴിഞ്ഞുമാറാനാകുമോ? വർഗ്ഗ ബഹുജനസമരങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് ഇടതുപക്ഷ രാഷ്ട്രീയത്തെ മുന്നോട്ടുനയിക്കാൻ ഈ നേതാക്കന്മാർ ശ്രമിച്ചിട്ടുണ്ടോ? അങ്ങനെ ചെയ്തിരുന്നുവെങ്കിൽ വലതുപിന്തിരിപ്പൻ ശക്തികൾക്ക് നുഴഞ്ഞുകയറ്റം ഇത്രവേഗം സാധ്യമാകുമായിരുന്നോ?

യാഥാർത്ഥ്യം എന്തെന്നാൽ ഒരിക്കൽ അധികാരത്തിന്റെ സുഖം നുണഞ്ഞു കഴിഞ്ഞപ്പോൾ ഇടതുപക്ഷ രാഷ്ട്രീയത്തെയും സമരത്തെയും അവർ കൈവെടിഞ്ഞു. മറ്റേതൊരു ബൂർഷ്വാ പാർട്ടിയെയുംപോലെതന്നെ കൂടുതൽ കൂടുതൽ അധികാരരാഷ്ട്രീയത്തോട് അടുത്തുകൊണ്ടിരുന്നു. ക്രമേണ അവർ വ്യവസ്ഥിതിയുടെ ഭാഗമായി.

ഇടതുരാഷ്ട്രീയം വെടിഞ്ഞ് ബൂർഷ്വാ പാർലമെന്ററിയനിസത്തെ പുൽകുമ്പോഴും ഇടതുമറ അവർ നിലനിർത്തിയിരുന്നു. തങ്ങൾ ഇടതുപക്ഷമാണെന്ന് നേതാക്കന്മാർ പേർത്തും പേർത്തും അവകാശപ്പെടുമ്പോഴും മാധ്യമങ്ങൾ അവർക്ക് ആ പട്ടം ചാർത്തിക്കൊടുക്കുമ്പോഴും ഇടതുപക്ഷം എന്നാൽ യഥാർത്ഥത്തിൽ എന്താണ് എന്ന് വിശദീകരിക്കുവാൻ നേതാക്കന്മാർ തെല്ലും മിനക്കെട്ടില്ല. വലിയൊരു വിഭാഗം അണികൾക്കും ഇടതുപക്ഷ രാഷ്ട്രീയമെന്തെന്നും മാർക്സിസം ലെനിനിസം എന്തെന്നും വിദൂരധാരണപോലുമില്ല. അത് അവരുടെ കുറ്റമല്ല. തെരഞ്ഞെടുപ്പ് വിജയം എന്നതുമാത്രമാണ് തങ്ങളുടെ ഒരേയൊരു ലക്ഷ്യം എന്ന ധാരണ പകർന്നുകൊടുത്തുകൊണ്ട് ഏവ്വിധവും വോട്ടു സമ്പാദിക്കുവാനുള്ള പരിശീലനമാണ് അണികൾക്ക് നൽകിപ്പോരുന്നത്. അങ്ങേയറ്റം വലതുപിന്തിപ്പൻ വർഗ്ഗീയ രാഷ്ട്രീയ ശക്തികൾ ഉൾപ്പെടെ എല്ലാ മുതലാളിത്ത രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഈ ഒരു ലക്ഷ്യം മാത്രമാണ് ഉള്ളത്. ഇടതുപക്ഷത്തിന് ശക്തമായ സിദ്ധാന്തമാണുള്ളത് എന്ന് അവകാശപ്പെടുന്നവർ ഈ സിദ്ധാന്തം എന്നാണ് എന്ന് ഒരിക്കലെങ്കിലും സ്വന്തം അണികളോട് വിശദീകരിക്കാറുണ്ടോ? എന്താണ് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ പ്രാധാന്യമെന്ന് ഇക്കൂട്ടർ വിശദീകരിക്കാറുണ്ടോ?

അധികാരത്തിൽ പിടിച്ചുനിൽക്കാനുള്ള എല്ലാത്തരം വേലത്തരങ്ങളും തൃണമൂൽ പയറ്റുന്നുണ്ട് എന്നത് ഏവർക്കും അറിയാവുന്ന കാര്യമാണ്. ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും പ്രോത്സാഹിപ്പിക്കുക, പോലീസിനെ രാഷ്ട്രീയവത്ക്കരിക്കുക, എല്ലാവിധ അവിഹിതങ്ങളെയും ഇടപാടുകളെയും പ്രോത്സാഹിപ്പിക്കുക തുടങ്ങി അധികാരത്തിൽ പിടിച്ചുനിൽക്കാൻ വേണ്ട എല്ലാ പ്രയത്നങ്ങളും മറ്റേതൊരു ബൂർഷ്വാ പ്രസ്ഥാനത്തെയുംപോലെ തൃണമൂൽ ചെയ്യുന്നുണ്ട്. അതും ശരിതന്നെ.

തൃണമൂലിന് ഇങ്ങനെയൊരവസരം നൽകിയത് ആരാണ്? അധികാരത്തിലിരുന്നുകൊണ്ട് ഇടതുപക്ഷമുദ്രാവാക്യങ്ങളെ മറയാക്കി സിപിഐഎമ്മും അനുവർത്തിച്ചിരുന്നതും ഇതേ നയങ്ങൾതന്നെയല്ലേ? ഇടതുപക്ഷവിരുദ്ധവും ജനവിരുദ്ധവുമായ നയങ്ങൾ ആവിഷ്ക്കരിക്കുകവ

(ശേഷം 14–ാം പേജിൽ)

# മലിനീകരണത്തിനെതിരെ പ്രതിഷേധ മാർച്ച്



എഴുപുന്ന പഞ്ചായത്ത് ഓഫീസ് മാർച്ച് അഡ്വ.ബി.കെ.രാജഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

എഴുപുന്ന പാറായിക്കവലയ്ക്ക് സമീപമുള്ള പാലായിപ്പറമ്പ് നിവാസികൾ എഴുപുന്ന പഞ്ചായത്ത് ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. ഹൈക്കോടതി അഭിഭാഷകൻ അഡ്വക്കേറ്റ് ബി.കെ.രാജഗോപാൽ ഉദ്ഘാടനം ചെയ്തു. മലിനീകരണ വിരുദ്ധ ജനകീയ സമര സമിതി കൺവീനർ ജൻസൺ ആന്റണി അധ്യക്ഷത വഹിച്ചു.കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി നേതാക്കളായ എൻ.കെ.ശശികുമാർ, കെ.പ്രതാപൻ, കെ.എ.വിനോദ്, സി.വി.അനിൽകുമാർ എന്നിവർ പ്രസംഗിച്ചു. സമര സമിതി നേതാക്കളായ വിനോഷ് ജോർജ്, സുജിത് ഗോപിനാഥ്, ഷാജി ചുള്ളിത്തറ, സജി കടവിൽ, മോളി സാബു, ആഷിഷ് വിജയൻ തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.

ആർറ്റി മറൈൻ എന്ന മൽസ്യ സംസ്കരണ ശാലയിൽനിന്നുള്ള മലിനജലം ജീവിതം ദുസ്സഹമാക്കുന്നതിനെതിരെ പ്രദേശവാസികൾ നാളുകളായി പ്രതിഷേധത്തിലായിരുന്നു. പലതവണ അധികൃതർ പരിഹാരം ഉറപ്പു നൽകിയിട്ടും നടപ്പിലാകാതിരുന്ന സാഹചര്യത്തിലാണ് നാട്ടുകാർ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ അരൂർ മേഖല നേതാക്കളെ ബന്ധപ്പെടുകയും സമര സമിതി രൂപീകരിക്കുകയും ചെയ്തത്. നിരവധി പ്രതിഷേധ പരിപാടികൾക്ക് ശേഷമാണ് എഴുപുന്ന പഞ്ചായത്തത്ത് ഓഫീസിലേക്ക് മാർച്ച് നടത്തിയത്. തുടർന്ന് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്യാമളാകുമാരിയുടെ മധ്യസ്ഥതയിൽ ഒത്തുതീർപ്പ് ചർച്ച നടത്തുകയും ഒരു മാസത്തിനുള്ളിൽ മാലിന്യ സംസ്കരണ ശാല സ്ഥാപിക്കണമെന്നും അല്ലാത്ത പക്ഷം കമ്പനിയുടെ പ്രവർത്തനാനുമതി റദ്ദ് ചെയ്യുമെന്നും പഞ്ചായത്ത് അധികൃതർ രേഖാമൂലം ഉറപ്പ് നൽകി.

# നിരുത്തരവാദപരമായ ഗ്രേഡിംഗ് സമ്പ്രദായം വഴി പിജി അഡ്മിഷൻ നിഷേധിക്കപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും സർക്കാർ പ്രവേശനം ഉറപ്പാക്കുക

മഹാരാജാസ് കോളേജിലെ 2016–2019 ബാച്ചിൽ ഡിഗ്രി പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾ പിജി പ്രവേശനത്തിൽ വലിയൊരു പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്.

മഹാരാജാസിൽനിന്നും എംജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇതര കോളേജുകളിൽനിന്നും 2019ൽ ഒരേ മാർക്ക് വാങ്ങി പുറത്തിറങ്ങുന്ന വിദ്യാർത്ഥികളുടെ സിസിപിഎ(Cumulative Credit Point Average) കാൽക്കുലേറ്റ് ചെയ്യുമ്പോൾ മഹാരാജാസിലെ വിദ്യാർഥികൾക്ക് എംജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളെക്കാൾ വളരെ കുറഞ്ഞ സിസിപിഎ ആണ് ലഭിക്കുന്നത്. എംജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ 90 മുതൽ 100 വരെ മാർക്കുള്ള വിദ്യാർത്ഥികളുടെ ക്രെഡിറ്റ് പോയിന്റ് 10 ആയിരിക്കെ മഹാരാജാസിൽ 95 മുതൽ 100 വരെ മാർക്കുള്ളവർക്കാണ് 10 ക്രെഡിറ്റ് പോയിന്റ് ലഭിക്കുക, 90 മുതൽ 94 വരെയുള്ളവിദ്യാർത്ഥികൾക്ക് 9 പോയിന്റുമായിരിക്കും. അതായത് ഒരേ മാർക്ക് വാങ്ങിയ യൂണിവേഴ്സിറ്റിയിലെയും മഹാരാജാസിലെയും വിദ്യാർത്ഥികളുടെ സിസിപിഎ വ്യത്യസ്തമായി വരുന്നു. അതിനാൽ പിജി അലോട്ട്മെന്റ് സമയത്ത് ഇൻഡക്സ് മാർക്ക് വളരെ കുറഞ്ഞു പോകുകയും അഡ്മിഷൻ ലഭിക്കാതിരിക്കുകയും ചെയ്യുന്നു.

കോളേജ് അധികൃതരെയും ജില്ലാകളക്ടറെയും എംജി യൂണിവേഴ്സിറ്റി വൈസ് ചാൻസലറെയും വിദ്യാർത്ഥികൾ നേരിൽ കണ്ടെങ്കിലും അനുകൂല മറുപടിയുണ്ടായില്ല. മഹാരാജാസ് സ്വയംഭരണ പദവിയുള്ള കോളെജാണെന്നതാണ് ഈ പിഴവിൽനിന്നും അധികൃതരെ സംരക്ഷിച്ചു നിർത്തുന്ന പിടിവള്ളി. സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥികളുടെയോ അക്കാദമിയുടെയോ അവകാശങ്ങളും താത്പ്പര്യങ്ങളുമല്ല, മറിച്ച് ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾ മാത്രമായിരിക്കും നടപ്പിലാകുക. കോളേജിന് സംഭവിച്ച പിഴവിന് പോലും വിദ്യാർത്ഥികൾ ഇരകളാകുകയാണ്.

ഈ വർഷം പുറത്തിറങ്ങുന്ന മഹാരാജാസിലെ ബിരുദ വിദ്യാർഥികൾക്ക്, ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയ വിദ്യാർത്ഥിക്ക്പോലും പിജിക്ക് അഡ്മിഷൻ കിട്ടാൻ സാധ്യതയില്ല. അഡ്മിഷൻ മുതൽ പരീക്ഷാ മൂല്യനിർണയംവരെ കോളേജിന് തോന്നുന്ന പോലെയാകാം എന്ന സാധ്യത നൽകിയ സ്വയംഭരണ പദവിയാണ് ഇവിടെ ഒന്നാം പ്രതി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രശ്നങ്ങൾ മാത്രം സൃഷ്ടിക്കുന്നതും ഇതിനോടകം തീർത്തും പരാജയമെന്ന് തെളിയിക്കപ്പെട്ടതുമായ സ്വയംഭരണ കോളേജ് സമ്പ്രദായം പിൻവലിച്ചുകൊണ്ട് യൂണിവേഴ്സിറ്റി അഫിലിയേഷൻ ശക്തമാക്കുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തികൊണ്ടുള്ള പ്രക്ഷോഭണത്തിൽ മുഴുവൻ വിദ്യാർത്ഥികളും പങ്കുചേരണമെന്നും അഭ്യർത്ഥിക്കുന്നു.

## സിപിഐഎമ്മിന് സംഭവിച്ചത്

*(13-ാം പേജിൽ നിന്ന്)*

ഴി, അധികാരത്തിൽ തുടരാൻ അവസരം ലഭിച്ചാൽ വിശ്വസ്തതയുള്ള സേവകരായിരുന്നു കൊള്ളാമെന്ന സൂചന മുതലാളിവർഗ്ഗത്തിന് നൽകുകയായിരുന്നില്ലേ ഇക്കൂട്ടർ.

ഐക്യം–സമരം–ഐക്യം എന്ന മാർക്സിസ്റ്റ് ലെനിനിസ്റ്റ് തത്വത്തെ ആധാരമാക്കി, സംയുക്ത ഇടതുപ്രക്ഷോഭവേദികളിൽ, ഇടതുപക്ഷ ഐക്യം സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുകഎന്ന സദുദ്ദേശത്തോടെ, ഇടതുപക്ഷ രാഷ്ട്രീയത്തിന് നിരക്കാത്ത സിപിഐഎമ്മിന്റെ സമീപന രീതികളെ നിശിതമായും നിരന്തരമായും വിമർശിച്ചിരുന്നുവെന്ന കാരണത്താലാണ് ഇടതുമുന്നണിയിൽനിന്ന് എസ് യുസിഐ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഒരിക്കൽ പുറത്താക്കിയത്. മാത്രവുമല്ല, 1977ൽ അധികാരത്തിലേറിയ ഉടൻതന്നെ ജോതി ബസു നടത്തിയ റേഡിയോ പ്രഭാഷണത്തിൽ എസ് യുസിഐ കമ്മ്യൂണിസ്റ്റ് ഇക്കുറി മുന്നണിയിൽ ഇല്ല എന്നത് പ്രത്യേകം എടുത്തു പറഞ്ഞുകൊണ്ട് മുതലാളിവർഗ്ഗത്തിന് വ്യക്തമായ സന്ദേശം നൽകുകയുണ്ടായി. നീണ്ട മുപ്പിത്തിനാലുവർഷം പിന്നീട് ബംഗാളിൽ സിപിഐഎംന്റെ തേർവാഴ്ച ആയിരുന്നു. ക്രമേണ ബംഗാൾ ഇടതുപാരമ്പര്യം വിട്ടു. ജനകീയ സമരങ്ങളിൽ അടിയുറച്ചുനിൽക്കുകയും ഇടതുജനാധിപത്യ മൂല്യങ്ങൾ ആർജ്ജിക്കുകയും ചെയ്യുന്നതിനുപകരം പ്രവർത്തകർ ബുർഷ്വാ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലും ഭരണസൗകര്യങ്ങളിലും ആണ്ടുമുങ്ങി.

ഭരണത്തിന്റെ മുഷ്ക്ക് ഉപയോഗിച്ച് സിപിഐഎം ജനാധിപത്യ മൂല്യങ്ങളെയും ആദർശങ്ങളെയും ചവിട്ടിമെതിച്ചതും അവർ നടത്തിയിരുന്ന ബൂത്ത് പിടുത്തങ്ങളും സിപിഐഎമ്മിന് വോട്ടു ചെയ്യാൻ സാധ്യതയില്ലാത്ത വീടുകളിലേയ്ക്ക് വിധവകൾ ധരിക്കുന്ന വെള്ളസാരി കൊടുത്തുവിട്ടിരുന്നതുമൊക്കെ എങ്ങനെയാണ് ഒരാൾക്ക് മറക്കാൻ കഴിയുക? അധികാരത്തിന്റെ പിൻബലത്തിൽ എസ്എഫ്ഐക്കാർ കോളജ് യൂണിയനുകൾ പിടിച്ചെടുത്തിരുന്നില്ലേ? ട്രേഡ് യൂണിയനുകളെക്കൊണ്ട് സിഐറ്റിയുവിൽ നിർബന്ധിച്ച് അഫിലിയേഷൻ എടുപ്പിച്ചിരുന്നില്ലേ? ന്യായമായ ജനാധിപത്യ സമരങ്ങളെ തോക്കുകൊണ്ടും ലാത്തികൊണ്ടും നേരിട്ടിട്ടില്ലേ? സമരപ്രവർത്തകരെ കൊന്നുകളയാൻപോലും ഇക്കൂട്ടർ മടിച്ചിട്ടില്ല. സമരങ്ങളെയും രക്തസാക്ഷികളെയും പരസ്യമായി അപമാനിക്കാനും ഇവർ മറന്നിരുന്നില്ല.

മദായ് ഹൽദാർ എന്ന പതിനേഴുവയസ്സുള്ള ദരിദ്രയുവാവ് ജോതിബസുവിന്റെ പോലീസിന്റെ ബുള്ളറ്റേറ്റ് മരണപ്പെട്ടപ്പോൾ മുഖ്യമന്ത്രി ജോതി ബസുപറഞ്ഞത് 'വെജിറ്റേറിയൻ സമരം ഇപ്പോൾ നോൺ വെജിറ്റേറിയനായിരിക്കുന്നു' എന്നാണ്. സിംഗൂർ നന്ദിഗ്രാം സമരത്തിന്റെ കാലത്ത് അരങ്ങേറിയ ഭരണകൂട ഭീകരത അത്ര എളുപ്പത്തിൽ വിസ്മരിക്കാൻ സാധിക്കുമോ? 'നന്ദിഗ്രാമിനെ ഞങ്ങൾ വളഞ്ഞുപിടിക്കും, ജനജീവിതം നരകതുല്യമാക്കും', 'നന്ദിഗ്രാമുകാർക്ക് അതേ നാണയത്തിൽ തന്നെ തിരിച്ചുകൊടുക്കും', 'ടാറ്റയുടെ ഒരു മുടിനാരിൽ തൊടാൻ ഞങ്ങൾ അനുവദിക്കില്ല' ഇതൊക്കെയായിരുന്നു നേതാക്കന്മാരുടെ ജൽപ്പനങ്ങൾ. സമരം ചെയ്യുന്ന സ്ത്രീകൾക്കുമേൽ ഇന്ത്യയുടെ ചരിത്രത്തിൽ എവിടെയും കേട്ടുകേൾവിപോലുമില്ലാത്ത അതിക്രമങ്ങളാണ് നടന്നത്. ഇതെല്ലാം ഇടതുപക്ഷരാഷ്ട്രീയത്തെയാണോ പ്രതിനിധീകരിക്കുന്നത്?

### ഇടതുപക്ഷ സമരരാഷ്ട്രീയത്തിന്റെ ലൈൻ എസ്‌യുസിഐ(സി) ഉയർത്തിപ്പിടിച്ചു

സിപിഐഎം നേതാക്കന്മാർ ഇടതുപക്ഷ രാഷ്ട്രീയത്തിൽനിന്ന് അകന്നപ്പോഴും സഖാവ് ശിബ്ദാസ് ഘോഷിനാൽ രൂപീകൃതമായ എസ് യുസിഐ കമ്മ്യൂണിസ്റ്റ് പാർട്ടി ഉയർന്ന തൊഴിലാളിവർഗ്ഗ ധാർമ്മികതയുടെയും സംസ്കാരത്തിന്റെയും അടിത്തറയിൽ ജനജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളെ മുൻനിർത്തി ജനകീയ സമരങ്ങൾ പടുത്തുയർത്തുകയും വർഗ്ഗ ബഹുജനസമരങ്ങളെ ശക്തിപ്പെടുത്തുകയുമായിരുന്നു. നൂറ്റി അമ്പതോളം വരുന്ന എസ് യുസിഐ പ്രവർത്തകരെ നിഷ്ക്കരുണം കൊലപ്പെടുത്തിയിട്ടും സഖാക്കൾക്കെതിരെ കള്ളക്കേസുകൾ ഉണ്ടാക്കി അവരെ ജീവപര്യന്തം തടവിലിടുമ്പോഴും ഇടതുപക്ഷ ഐക്യവും സമരവും വളർത്തിയെടുക്കുക എന്ന ചരിത്രപരവും പ്രധാനവുമായ ഉത്തരവാദിത്തത്തെ മുൻനിർത്തി ഇടതുപക്ഷ ഐക്യം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത സിപിഐഎം നേതാക്കന്മാരെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു. എന്നാൽ അവർ ചെവി തന്നില്ല. എന്നിരിക്കിലും ഒരു യഥാർത്ഥ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ഉത്തരവാദിത്തമാണ് ജനങ്ങളുടെ ആത്മവിശ്വാസം വീണ്ടെടുത്ത് അവരെ തിരികെ സമരപഥത്തിലെത്തിക്കുക എന്നത്.

ദയവായി സിപിഐഎം നേതാക്കന്മാർ അനുഭവങ്ങളിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകണം. ജനങ്ങളുടെ മുമ്പാകെ തെറ്റ് ഏറ്റുപറയണം. തെരഞ്ഞെടുപ്പിനെ മാത്രം മുന്നിൽകണ്ടുള്ള നീക്കങ്ങൾ ഉപേക്ഷിക്കണം. ജനകീയ സമരപന്ഥാവിലേയ്ക്ക് മടങ്ങിയെത്തണം. ബിജെപി ഉയർത്തുന്ന വിഭാഗീയ രാഷ്ട്രീയത്തിനും വർഗ്ഗീയ ഭീഷണിക്കുമെതിരെ സംയുക്ത ഇടതു ജനാധിപത്യ പ്രക്ഷോഭങ്ങൾ പടുത്തുയർത്തണം.

# അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം: സംസ്ഥാനത്ത് വിപുലമായ പരിപാടികൾ

മദ്യം കുത്തിയൊഴുക്കുന്ന സംസ്ഥാനസർക്കാരിന്റെ മദ്യനയത്തിനെതിരെ ശക്തമായ ബഹുജനപ്രക്ഷോഭം പടുത്തുയർത്തുക. ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം വിവിധ പരിപാടികളോടെ ആചരിച്ചു.




**മദ്യ വിരുദ്ധ ജനകീയ സമരസമിതി മുളന്തുരുത്തി പ്രവർത്തക സമ്മേളനം സംസ്ഥാന പ്രസിഡൻറ് പ്രൊഫ. സൂസൻ ജോൺ ഉദ്ഘാടനം ചെയ്യുന്നു. എം.ആർ.സെനിത് കുമാർ, കെ.കെ.ഗോപി നായർ, എൻ.ആർ.മോഹൻകുമാർ തുടങ്ങിയവർ വേദിയിൽ**

സംസ്ഥാന സർക്കാരിന്റെ സാമൂഹ്യവിരുദ്ധ മദ്യനയം പിൻവലിക്കുക, മദ്യം, മയക്കുമരുന്ന്, ലഹരിപദാർത്ഥങ്ങൾ എന്നിവയിൽനിന്നും നാടിനെ രക്ഷിക്കുക സ്കൂൾ-കോളേജ് പരിസരങ്ങൾ ലഹരിവിമുക്തമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി, അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന, എഐഡിഎസ്ഒ, എഐഡിവൈഒ തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ നടന്നു.

### മുളന്തുരുത്തിയിൽ പ്രവർത്തക സമ്മേളനം

മുളന്തുരുത്തി സ്റ്റീഫൻസ് കോംപ്ലക്സിലുള്ള ജെ സി ഐ ഹാളിൽ ചേർന്ന മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രവർത്തക സമ്മേളനം പ്രമുഖ മദ്യവിരുദ്ധ പ്രവർത്തകയും സമിതി സംസ്ഥാന പ്രസിഡന്റുമായ പ്രൊഫ.സൂസൻ ജോൺ ഉത്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് കെ.കെ. ഗോപി നായർ അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ കൺവീനർ എൻ.ആർ.മോഹൻകുമാർ പ്രക്ഷോഭ പരിപാടിയുടെ പ്രവർത്തന പദ്ധതി അവതരിപ്പിച്ചു.

പ്രസിഡന്റ് എം.ആർ.സെനിത് കുമാർ, ജെ.സി.ഐ മേഖല പ്രസിഡന്റ് സിനി ജെനറ്റ്, എൻ.എം.ബാബു, ഹരികുമാർ കെ.എസ്, കെ.കെ.രാമൻ, തമ്പി സി.കെ, സി.എം.ജോയി, സോണി ടി. മാത്യു, പി.പി.എബ്രഹാം, ഷാൻ കെ.ഒ, ഐ.ടി. സാബു, സന്തോഷ് കുമാർ, സി.കെ.രാജേന്ദ്രൻ, സാനുനാഥ്, നിലീന മോഹൻകുമാർ, എം.കെ. ഉഷ, ലസിത എ.ജി, പി.പി.സജീവ് കുമാർ എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.




**അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ് എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ കോട്ടയത്തുനടന്ന ലഹരിവിരുദ്ധ സംഗമം**

### ആലപ്പുഴയിൽ കളക്ട്രേറ്റ് മാർച്ച് നടത്തി

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക, മദ്യത്തിന്റെ വ്യാപനത്തിനിടയാക്കുന്ന സർക്കാരിന്റെ മദ്യനയം പിൻവലിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന (എഐഎംഎസ്എസ്)യുടെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റ് മാർച്ച് നടത്തി. എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് സഖാവ് മിനി കെ.ഫിലിപ്പ് മാർച്ച് ഉദ്ഘാടനം ചെയ്തു.

എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് കെ.ജെ.ഷീല അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് അഡ്വ. എം.എ.ബിന്ദു, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി അംഗം സഖാവ് ടി.മുരളി എന്നിവർ പ്രസംഗിച്ചു. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിനു സമീപത്തുനിന്നും ആരംഭിച്ച മാർച്ചിന് ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ ടി.ആർ.രാജിമോൾ, തത്ത ഗോപിനാഥ്, ടെസി ബേബി, കെ.പി.സുബൈദ, ടി.ആശ, ഉഷാകുമാരി എന്നിവർ നേതൃത്വം നൽകി.




**അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ കളക്ട്രേറ്റിലേക്ക് നടന്ന മാർച്ച് സംസ്ഥാന പ്രസിഡന്റ് സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു**

### കൊല്ലം കളക്ട്രേറ്റ് മാർച്ച്

മദ്യം കുത്തിയൊഴുക്കുന്ന, സർക്കാരിന്റെ സാമൂഹ്യവിരുദ്ധ മദ്യനയം പിൻവലിക്കണമെന്നും സ്ത്രീകൾക്കും കുട്ടികൾക്കുംനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ കർശനമായി തടയണമെന്നും ആവശ്യപ്പെട്ട് മദ്യവിരുദ്ധ ജനകീയസമരസമിതിയും അഖിലേന്ത്യാ മഹിളാസാംസ്കാരിക സംഘടനയും സംയുക്തമായി കൊല്ലത്ത് കളക്ട്രേറ്റ് മാർച്ച് സംഘടിപ്പിച്ചു. ജനകീയ പ്രതിരോധസമിതി ജില്ലാ പ്രസിഡന്റ് എ.ജെയിംസ് ഉദ്ഘാടനം ചെയ്തു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നിർബാധമായ വ്യാപനം സ്ത്രീകളുടെയും കുട്ടികളുടെയും ജീവിതം അരക്ഷിതമാക്കുകയാണെന്നും പതിറ്റാണ്ടുകൾ നീണ്ടുനിന്ന നിരവധിയായ പോരാട്ടങ്ങളിലൂടെ സ്ത്രീ സമൂഹം നേടിയ അവകാശങ്ങളെ ഇല്ലാതാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. മദ്യവിരുദ്ധജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് പിറവന്തൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ഷൈല കെ. ജോൺ, ഷറഫ് കുണ്ടറ, ജി.ധ്രുവകുമാർ, ഡോ.കുഞ്ചാണ്ടിച്ചൻ, മഹിളാ സാംസ്കാരിക സംഘടന ജില്ലാ പ്രസിഡന്റ് അഡ്വ. ഇ.എൻ.ശാന്തിരാജ് തുടങ്ങിയവർ പ്രസംഗിച്ചു. ടിങ്കിൾ പ്രഭാകരൻ സ്വാഗതവും, പി.പി.പ്രശാന്ത്കുമാർ കൃതജ്ഞതയും പറഞ്ഞു. എസ്.സുധിലാൽ, എസ്.വിജയൻ, വി.ലീല, പി.ജി.ഷീജ തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി. ■



**മദ്യവിരുദ്ധ ജനകീയസമരസമിതിയും അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയും സംയുക്തമായി കൊല്ലത്ത് സംഘടിപ്പിച്ച കളക്ട്രേറ്റ് മാർച്ച്**

## പോലീസിന് നൽകുന്ന മജിസ്റ്റീരിയൽ പദവി സമൂഹത്തിന്റെ ജനാധിപത്യ ഭാവിയെ തകർക്കും – അഡ്വ. കാളീശ്വരംരാജ്

‘പോലീസിന് മജിസ്റ്റീരിയൽ പദവി’ എന്ന വിഷയത്തിൽ ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറവും ജനകീയ പ്രതിരോധ സമിതിയും സംയുക്തമായി എറണാകുളം ഭാരത് ടൂറിസ്റ്റ് ഹോമിൽ സെമിനാർ സംഘടിപ്പിച്ചു. അഡ്വ. കാളീശ്വരം രാജ് വിഷയാവതരണം നടത്തി. പോലീസിന് മജിസ്റ്റീരിയൽ പദവി നൽകുന്നത് സമൂഹത്തിന്റെ ജനാധിപത്യഭാവി തകർക്കുമെന്നും കേവലം പോലീസ്-ജുഡീഷ്യറി അധികാരത്തർക്കത്തിനുപരിയായി, ഇന്ത്യൻ ഭരണഘടന പൗരനും സമൂഹത്തിനും നൽകുന്ന അവകാശങ്ങളും സ്വാതന്ത്ര്യവും ഇല്ലാതാക്കാൻ വഴിയൊരുക്കുന്ന പരിഷ്ക്കാരമാണിതെന്നും, തെറ്റായ ഭരണ നയങ്ങൾക്കെതിരെ സമൂഹത്തിൽ ഉയർന്നുവരുന്ന ജനാധിപത്യ സമരങ്ങൾക്കെതിരെ പോലീസ് അധികാരം പ്രയോഗിക്കപ്പെടാൻ സാധ്യതയുണ്ടെന്നും പോലീസ് രാജിലേക്ക് നയിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. ജനകീയ പ്രതിരോധ സമിതി ജില്ലാ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. മഞ്ചേരി സുന്ദർരാജ്, അഡ്വ. കെ.എസ്.മധുസൂദനൻ, അഡ്വ. ബി.കെ.രാജഗോപാൽ, ടി.കെ.സുധീർകുമാർ, മുരളി വൈദ്യർ എന്നിവർ സംസാരിച്ചു. അഡ്വ. ഇ.എൻ.ശാന്തിരാജ് സ്വാഗതവും അഡ്വ. ടി.ജെ.ഡിക്സൺ കൃതജ്ഞതയും പറഞ്ഞു. ■

Date of publishing 01/07/2019
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY MALAYALAM MONTHLY

July 2019
Vol.46 No.4
Price : Rs 5.00

## എസ്‌യുസിഐ(സി) പൊളിറ്റ് ബ്യൂറോ മെമ്പർ

# സഖാവ് രഞ്ജിത് ധറിന് ലാൽസലാം

**ജൂൺ** 13ന് വൈകിട്ട് 4 മണിക്ക് എസ്‌യുസിഐ(സി) പൊളിറ്റ് ബ്യൂറോ മെമ്പർ സഖാവ് രഞ്ജിത് ധർ അന്തരിച്ചു. അദ്ദേഹത്തിന്റെ സുദീർഘമായ വിപ്ലവ ജീവിതത്തിന്റെ അന്ത്യം കൽക്കത്ത ഹാർട്ട് ക്ലിനിക് ആശുപത്രിയിൽ വച്ചാണ് സംഭവിച്ചത്. മരിക്കുമ്പോൾ അദ്ദേഹത്തിന് 90 വയസ്സായിരുന്നു. അന്തരിച്ച മുതിർന്ന പോളിറ്റ് ബ്യൂറോ അംഗമായ സഖാവ് രഞ്ജിത് ധറിനെക്കുറിച്ചുള്ള മങ്ങാത്ത ഓർമ്മകൾ രാജ്യമെമ്പാടുമുള്ള അസംഖ്യം സഖാക്കളുടെ മനസ്സിൽ എക്കാലവുമുണ്ടാകും. രക്തസമ്മർദ്ദം, മൂത്രനാളീ രോഗം, വൃക്കരോഗം എന്നിവ വളരെക്കാലമായി അദ്ദേഹത്തെ അലട്ടിയിരുന്നു. അന്ത്യനാളുകളിൽ ഡയാലിസിസിനും വിധേയനാകേണ്ടി വന്നു. മരിക്കുന്നതിനു മുൻപുള്ള നാളുകളിൽ അദ്ദേഹത്തിന്റെ ആരോഗ്യം അതീവ ഗുരുതരമായ അവസ്ഥയിലായിരുന്നു. മറ്റ് രോഗങ്ങളോടൊപ്പം കഠിനമായ ശ്വാസതടസ്സവും അദ്ദേഹത്തെ പിടികൂടി.

കിഴക്കൻ ബംഗാളി(ഇന്നത്തെ ബംഗ്ലാദേശ്)ലെ മൈമൻ സിംഗ് ജില്ലക്കാരനായ അദ്ദേഹം ഇൻറർമീഡിയറ്റ് പാസ്സായതിനു ശേഷം (രാജ്യത്തിന്റെ വിഭജനത്തിനു മുമ്പ്) കൽക്കത്തയിലെത്തിച്ചേർന്നിരുന്നു. അദ്ദേഹത്തിന്റെ ബാല്യകാലം പട്ടിണിയും ദാരിദ്ര്യവും നിറഞ്ഞതായിരുന്നു. ദക്ഷിണ കൽക്കത്തയിലെ ഉജ്ജല സിനിമാ ടാക്കീസിന്റെ പരിസരത്തുള്ള ഒരു ഹോട്ടലിൽ വെയിറ്ററായി ജോലി ചെയ്ത് തെരുവോരത്തുറങ്ങിക്കൊണ്ടാണ് അന്ന് ജീവിതം നീക്കിയത്. തനിക്കുണ്ടായിരുന്ന പരിമിതമായ വിദ്യാഭ്യാസത്തിന്റെ തണലിൽ പിന്നീട് ചില സ്വകാര്യ ട്യൂഷനുകൾ എടുത്തുകൊണ്ട് കാലംകഴിച്ചു.

അക്കാലത്താണ്, നമ്മുടെ പാർട്ടിയുടെ ദക്ഷിണ 24 പർഗാന ജില്ലാ സെക്രട്ടറിയായിരുന്ന സുധീർ ബാനർജിയുടെ സഹോദരനായ സുകുമാർ ബാനർജിയെ പരിചയപ്പെടുന്നത്. അദ്ദേഹത്തിലൂടെ ദക്ഷിണ കൽക്കത്തയിലെ 'കൾച്ചറൽ ക്ലബ്ബു'മായി ബന്ധപ്പെട്ടു. അവിടെവച്ച് മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷുമായി സഖാവ് രഞ്ജിത് ധർ പരിചയപ്പെടാനിടയായി. ശരിയായ ലക്ഷ്യബോധത്തോടുകൂടി ജീവിക്കാനുള്ള ദർശനം സഖാവ് ശിബ്ദാസ് ഘോഷ് അദ്ദേഹത്തിനു പ്രദാനം ചെയ്തു. അത് അദ്ദേഹത്തിന് ഒരു ഉയിർത്തെഴുന്നേൽപ്പായിരുന്നു. ജീവിതത്തിന്റെ ഈ പ്രത്യേക വഴിത്തിരിവിനെക്കുറിച്ച് അനുസ്മരിക്കുമ്പോൾ, സഖാവ് ശിബ്ദാസ് ഘോഷിനെയും എസ്‌യുസിഐയെയും ബന്ധപ്പെട്ടില്ലായിരുന്നെങ്കിൽ തന്റെ ഭാവി അനിശ്ചിതവും ദിശാബോധമില്ലാത്തതുമായേനെ എന്നദ്ദേഹം പറയുമായിരുന്നു.

കഷ്ടതയനുഭവിക്കുന്ന പണിയെടുക്കുന്നവരുമായി വേഗത്തിലിടപഴകുന്ന അദ്ദേഹം അവർക്ക് പ്രിയങ്കരനായിത്തീർന്നു. തന്റെ വിപ്ലവ പ്രവർത്തനത്തിന്റെ ആദ്യദശയിൽ പ്രവർത്തിച്ചിരുന്ന ദക്ഷിണ കൽക്കത്തയിലെ കാളിഘട്ട് പ്രദേശത്ത് അശരണരായ പാവപ്പെട്ട ജനങ്ങൾക്ക് അദ്ദേഹം പ്രിയങ്കരനായി മാറി. അതുകൊണ്ടുതന്നെ, 1969-ൽ കൽക്കത്ത മുനിസിപ്പാലിറ്റിയിലെ കാളിഘട്ടിലെ 87-ാം വാർഡിലെ കൗൺസിലറായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അന്നത്തെ കൽക്കത്ത മുനിസിപ്പൽ കോർപ്പറേഷന്റെ ടൗൺ പ്ലാനിങ് കമ്മിറ്റി ചെയർമാൻ എന്ന ഉത്തരവാദിത്വം ഉജ്ജ്വലമായി നിറവേറ്റി. അക്കാലത്ത്, കരകവിഞ്ഞൊഴുകിയ ഗംഗാനദി കാളിഘട്ട് പ്രദേശത്തിന്റെ വലിയൊരു ഭാഗം മുക്കിക്കളഞ്ഞു. പ്രളയബാധിതരായ ജനങ്ങളെ രക്ഷിക്കാനും പുനഃരധിവസിപ്പിക്കാനും അദ്ദേഹം പാർട്ടി സഖാക്കളോടൊപ്പം തീവ്രയത്നം നടത്തി.



കാളിഘട്ടിലെ 'ശരത് പതഗാർ' ലൈബ്രറിയുടെ സ്ഥാപകനാണദ്ദേഹം. അതിന്നും പ്രവർത്തിച്ചുവരുന്നു. 1950 മുതൽ ബംഗാളിൽ പൊട്ടിപ്പുറപ്പെട്ട എല്ലാ ഇടതു-ജനാധിപത്യ സമരങ്ങളിലും അദ്ദേഹം അണിചേരുകയും പിന്നീട് അതിന്റെ സ്വാഭാവിക നേതൃത്വമായി മാറുകയും ചെയ്തു.

സഖാവ് രഞ്ജിത് ധറിന് നല്ല ഭാഷാപരിജ്ഞാനമുണ്ടായിരുന്നു. സഖാവ് ശിബ്ദാസ് ഘോഷ് തന്നെ തന്റെ ചില ലേഖനങ്ങൾ എഡിറ്റ് ചെയ്യാൻ അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നു. അദ്ദേഹം 'പ്രോലിറ്റേറിയൻ ഇറ'യുടെ എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്നു. നമ്മുടെ ബംഗാളി മുഖപത്രമായ 'ഗണദാബി'യിൽ അദ്ദേഹം നിരവധി ലേഖനങ്ങളെഴുതിയിരുന്നു. ഗണദാബി വാരികയായി പ്രസിദ്ധീകരിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം അതിന്റെ ചീഫ് എഡിറ്ററായി. ദീർഘകാലം പശ്ചിമ ബംഗാൾ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗത്തിന്റെ ചുമതലയും നിർവ്വഹിച്ചു. ആ സമയത്ത് വിവിധ ജില്ലകളിൽ സഞ്ചരിച്ചുകൊണ്ട് പാർട്ടി സംഘടന കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം വ്യാപൃതനായി. 2009ൽ ഡൽഹിയിൽ നടന്ന രണ്ടാം പാർട്ടി കോൺഗ്രസ്സിൽ അദ്ദേഹത്തെ കേന്ദ്ര കമ്മിറ്റിയിലേക്കും പോളിറ്റ് ബ്യൂറോയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹമായിരുന്നു കൺട്രോൾ കമ്മീഷന്റെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടത്. പാർട്ടിയുടെ സാർവ്വദേശീയതല പ്രവർത്തനത്തിന് നിയോഗിക്കപ്പെട്ടവരിൽ ഒരാളായിരുന്നു അദ്ദേഹം. ഫിലിപ്പയൻസ്, ബൽജിയം, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിൽ നടന്ന സാമ്രാജ്യത്വ വിരുദ്ധ സമ്മേളനങ്ങളിൽ, ഇന്റർനാഷണൽ ആന്റി-ഇംപീരിയലിസ്റ്റ് കമ്മിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗമെന്ന നിലയിലും അദ്ദേഹം പങ്കെടുത്തു. ബ്രസ്സൽസിൽവച്ച് നടന്ന സാർവ്വദേശീയ സെമിനാറിൽ അദ്ദേഹം പാർട്ടിയെ പ്രതിനിധീകരിച്ചു.

തന്റെ ദുർബ്ബലമായ ആരോഗ്യാവസ്ഥയെ തെല്ലും കൂസാക്കാതെ, തന്നെ ഭരമേൽപ്പിച്ചിരുന്ന ബീഹാർ, ജാർഘണ്ഡ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ പാർട്ടി സംഘടനകൾക്ക് അദ്ദേഹം ഉത്തരവാദിത്വത്തോടെ മേൽനോട്ടം വഹിച്ചു. കൽക്കത്തയിലെ അഖിൽ മിസ്ട്രി ലൈനിലും വടക്കൻ കൽക്കത്തയിലെ ഹാത്തി ബഗാനിലും ഒടുവിൽ സാൽട്ട്ലേക്ക് സിറ്റിയിലുള്ള പാർട്ടി സെന്ററുകളിലാണ് അദ്ദേഹം ജീവിച്ചത്. പാർട്ടിയുടെ എല്ലാ തലത്തിലുമുള്ള നേതാക്കൾക്കും പ്രവർത്തകർക്കും അദ്ദേഹം ഉറ്റ ചങ്ങാതിയായിരുന്നു. കുട്ടികൾക്ക് അദ്ദേഹം അളവറ്റ വാത്സല്യം നൽകി. മാർക്സിസം-ലെനിനിസം-സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുടെ മഹത്തരമായ വിപ്ലവാദർശം നെഞ്ചേറ്റിക്കൊണ്ട് അദ്ദേഹം തന്റെ സുദീർഘമായ ജീവിതം മുഴുവനും വിപ്ലവത്തിന്റെ താത്പര്യത്തിനും തൊഴിലാളിവർഗ്ഗ താത്പര്യത്തിനുംവേണ്ടി ഉഴിഞ്ഞുവച്ചു.

അദ്ദേഹത്തിന്റെ വിയോഗ വാർത്ത അറിഞ്ഞയുടൻ കേന്ദ്രകമ്മിറ്റി മൂന്നു ദിവസത്തെ ദുഃഖാചരണത്തിനുള്ള തീരുമാനമെടുത്തു. കേന്ദ്ര പാർട്ടി ഓഫീസിലും മറ്റ് ഓഫീസുകളിലും സെൻററുകളിലും ചെങ്കൊടി താഴ്ത്തിക്കെട്ടിക്കൊണ്ട് നേതാക്കളും പ്രവർത്തകരും കറുത്ത ബാഡ്ജ് ധരിച്ചു. ഈ ആജീവനാന്ത വിപ്ലവകാരിയുടെ മരണത്തോടെ പാർട്ടിക്ക് ഉജ്ജ്വലനായ ഒരു നേതാവിനെ നഷ്ടമായിരിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണം ഇന്ത്യയിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)നു മാത്രമല്ല, ഇടതു-ജനാധിപത്യ പ്രസ്ഥാനങ്ങൾക്കുകൂടി കനത്ത തിരിച്ചടിയാണ്. ■

SUCI(C)
ആഗസ്റ്റ് 5
സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണ യോഗം
വൈകുന്നേരം 4 മണി
തൃപ്തി ഹാൾ
പാലക്കാട്
മുഖ്യപ്രസംഗം: സഖാവ് കെ.രാധാകൃഷ്ണ (പൊളിറ്റ് ബ്യൂറോ മെമ്പർ)
അദ്ധ്യക്ഷൻ: സഖാവ് വി.വേണുഗോപാൽ (സംസ്ഥാന സെക്രട്ടറി)

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.